Reg. No. M. 2689—32. പേജ് 12. ഒററപ്രതി വില 2 ണ. License No. 427 Dated 14—8—194_.

# മലയാളരാജ്യം

പുസ്തകം ൧൮ { കൊല്ലം, ൧൯൪൪ നവംബർ ൨൭-ാംനു-യ്ക്കു ൧൧൨൦ വൃശ്ചികം ൧൨-ാംനു തിങ്കളാഴ്ച { ലക്കം ൧൮൩

## സിലോൺ കൗൺസിൽ

—o—

### ഭരണവ്യവസ്ഥാബിൽ അവതരിപ്പിക്കണമെന്ന പ്രമേയം പാസ്സാക്കി

സിലോൺ, നവ: 25-സ്വതന്ത്രസിലോണിനു ഡൊമിനിയൻമാതൃകയിലുള്ള ഒരു ഭരണഘടന വ്യവസ്ഥചെയ്തുകൊണ്ടുള്ള ഒരു ബിൽ ഉടൻ അവതരിപ്പിക്കണമെന്നു മന്ത്രിമാരോടു നിർദ്ദേശിക്കുന്ന ഒരു അനുദ്യോഗസ്ഥപ്രമേയം ഇന്നു സിലോൺ കൗൺസിലിൽ 3 വോട്ടിനെതിരായി 26 വോട്ടോടെ പാസ്സായി. 3 മന്ത്രിമാരുൾപ്പെടെ 6 മെമ്പറന്മാർ വോട്ടുചെയ്യാൻ വിസമ്മതിച്ചു കഴിഞ്ഞയാണ്ടു മേ മാസത്തിൽ കാളണിസെക്രട്ടറി ചെയ്ത പ്രഖ്യാപനത്തിൻെറ പരിധിയ്ക്കുള്ളിൽനിന്നുകൊണ്ടു് ഒരു ഭരണവ്യവസ്ഥാനക്കൽ ഉണ്ടാക്കണമെന്നു നാമിനേററഡ്മെമ്പർ അവതരിപ്പിച്ച ഭേദഗതി തള്ളിപ്പോയി. വാദപ്രതിവാദം മൂന്നു ദിവസം നീണ്ടുനിന്നു എല്ലാ വിഭാഗക്കാരും ശക്തിയായി പ്രസംഗിച്ചിരുന്നു. (എ പി)

## അബിസീനിയാ പ്രതിഷേധിച്ചു

—o—

### എത്യോപ്യാ വിടാനുള്ള ബ്രിട്ടീഷു വിസമ്മതത്തിന്മേൽ

ന്യൂയാർക്കു്, നവ: 24—ഹെയിൽസെലാസി ചക്രവർത്തി, എത്യോപ്യാ വിട്ടുമാറുന്നതിനു ബ്രിട്ടൻ വിസമ്മതിച്ചതിന്മേൽ യു. എസ്സിനോടു പ്രതിഷേധിച്ചിരിക്കുന്നതായി പ്രസിദ്ധലേഖകനായ ഡ്രൂപിയേഴ്സൻ ന്യൂയാർക്കു ഡെയിലിമിറർപത്രത്തിലെ ഒരു ലേഖനത്തിൽ പറയുന്നു: അദ്ദേഹം പറയുന്നതു ഇപ്രകാരമാണു്: "ഈ ലേഖകനുമായി സമ്പർക്കം പുലർത്താൻ കൊച്ചുചക്രവർത്തി ശ്രമിച്ചു എന്നാൽ ബ്രിട്ടീഷ്സെൻസർഷിപ്പോസ്റ്റേററ ഡിപ്പാർട്ടുമെൻറുമൂലം അതു തടയപ്പെട്ടു. ഇപ്പോൾ ബ്രിട്ടീഷുകാർ എത്യോപ്യായിലെ ഒഗാഡെനും ഹരാറും അധിനിവേശംചെയ്തിരിക്കുന്നതായും അവ നിയന്ത്രണത്തിൽ വയ്ക്കാൻതന്നെ അവർ ഉദ്ദേശിക്കുന്നതായും മററ മാർഗ്ഗങ്ങളിലൂടെ ഈ ലേഖകൻ ഗ്രഹിച്ചിരിക്കുന്നു."

ഇങ്ങനെ ഒരു പ്രതിഷേധത്തെപ്പററി ലണ്ടനിൽ യാതൊന്നും അറിവില്ലെന്നായിട്ടുണ്ടു നയതന്ത്രലേഖകൻ പറയുന്നു ബ്രിട്ടനും അബിസീനിയായും തമ്മിൽ 1942-ൽ ചെയ്ത ഉടമ്പടിയനുസരിച്ചു ബ്രിട്ടീഷു സോമാലിലൻറിനടുത്തു കിടക്കുന്ന ചില പ്രദേശങ്ങളിൽ ബ്രിട്ടനു ഭരണപരമായ അധികാരങ്ങളുണ്ടെന്നു അറിയപ്പെട്ടിരുന്നു

—o—

## ചൈന രണ്ടായി പിളർന്നു

### ജാപ്പു് സേനകൾ ലിയുച്ചോവിൽ സന്ധിച്ചതുമൂലം

—o—

ചുങ്കിംഗ്, ന: 25-ദക്ഷിണചൈനായിലെ ഹെങ്ങിയാംഗിൽനിന്നു തെക്കുകിഴക്കോട്ടേയ്ക്കും കാൻറനിൽനിന്നു വടക്കുപടിഞ്ഞാറോട്ടേയ്ക്കും തള്ളിക്കയറിക്കൊണ്ടിരുന്ന ജാപ്പനീസ് സേനകൾ ഇപ്പോൾ ലിയുച്ചോവിൽവച്ചു സന്ധിച്ചതുമൂലം ജപ്പാൻകാർ ചൈനയെ രണ്ടായി പിളർന്നുകൊണ്ടു മഞ്ചൂറിയായിൽനിന്നു കരവഴി ഹാങ്കാങ്ങിലേയ്ക്കുള്ള സപ്ലൈമാർഗ്ഗം നിയന്ത്രണത്തിലാക്കിയിരിക്കുന്നു. ജപ്പാൻകാർ സൂച്ചൗ കൈവശപ്പെടുത്തിയതിൽപിന്നെ തുച്ഛമായ പ്രവർത്തനംമാത്രമേ ഉണ്ടായുള്ളു.

ബർമ്മാറോഡിൻെറ ചൈനയിലെ അററമായ കുൺമിങ്ങിൻെറനേർക്കുള്ള വിപത്തു ഇപ്പോൾ അത്ര കാര്യമായി കരുതപ്പെടുന്നില്ല. എന്നാൽ അതിൻെറ കൈവശപ്പെടുത്തൽ ജപ്പാനു ഒരു വലിയ നേട്ടമായിരിക്കുന്നതും ആയതു് ഇന്ത്യയിൽനിന്നു ഇപ്പോൾ കരവഴി നിർമ്മിച്ചുവരുന്ന പുതിയ സപ്ലൈമാർഗ്ഗത്തെ ഉപയോഗശൂന്യമാക്കുന്നതുമാണു്.

തെക്കേചൈനയിൽ നിരവധി അമേരിക്കൻ വിമാനസങ്കേതങ്ങൾ ജപ്പാൻകാർ കൈവശപ്പെടുത്തിയതുകൊണ്ടു പസിഫിക്കിൽനിന്നുണ്ടാകാവുന്ന അമേരിക്കൻ പടയിറക്കത്തിനു ചൈനീസ് സങ്കേതങ്ങളിൽനിന്നു നൽകാവുന്ന വിമാനപിൻതുണ പരിമിതപ്പെട്ടിരിക്കുന്നതാണു്.

o—

## ഇററാ: മന്ത്രിസഭ രാജിവച്ചു

റോം, നവ: 26-ഇററാലിയൻ പ്രധാനമന്ത്രി ബൊണോമി രാജിവച്ചിരിക്കുന്നു അതോടെ ഇററാലിയൻ ഗവമ്മെൻറും രാജിവയ്ക്കുകയുണ്ടായി

—o—

## കസ്തൂർബാ സ്മാരകഫണ്ടു്

o—

### പ്രമാണത്തിനു മുദ്രവില ൯0000 രൂപാ

—o—

### ട്രസ്ററുപ്രമാണം ഗാന്ധിജിയുടെ ഒപ്പിലേക്കു്

വർദ്ധാ നവം: 26 കസ്തൂർബാ സ്മാരകഫണ്ടിൻെറ ട്രസ്ററുപ്രമാണം തയ്യാറാവുകയും 90000 രൂപാ വിലവരുന്ന മുദ്രപ്പത്രത്തിലാക്കുകയും ചെയ്തിരിക്കുന്നു. ബാംബെ ലെജിസ്ലേററിവു കൗൺസിലിലെ സ്പീക്കറായ മി: മംഗലദാസ് തകപാസായേയാണു് ഈ ജോലി ഏല്പിച്ചിരുന്നതു്. അദ്ദേഹം മഹാത്മാഗാന്ധിയുടെയും ഇപ്പോൾ സേവാഗ്രാമത്തിലുള്ള മററു ട്രസ്റ്റികളുടെയും ഒപ്പു വാങ്ങുവാനായി പ്രമാണവുംകൊണ്ടു വർദ്ധായിൽ എത്തിയിരിക്കുന്നു. മററു ട്രസ്റ്റികൾ 21 പേരുടെയും ഒപ്പുകൾക്കൂടി സമ്പാദിച്ചുകഴിയുമ്പോൾപ്രമാണം പൂർണ്ണമാകും.(എ പി)

## മാസ്നദിയിലെ ജർമ്മൻ പാലമുഖപ്പു തകർത്തു

—o—

### സഖ്യസേന സാർനദിയ്ക്കു 7 മൈൽ കിഴക്കു്

ലണ്ടൻ നവം 26 പശ്ചിമസമരമുഖത്തു് സഖ്യസേനകൾ, മാസ്നദിയുടെ തെക്കേകരയിലുള്ള ജർമ്മൻപാലമുഖപ്പു ശൂന്യമാക്കിക്കൊണ്ടിരിക്കുന്നു. ആക്കെനു് തെക്കുകിഴക്കു് നിലയ്ക്കു മാററമൊന്നുമില്ല. തെക്കു് സാർനദികടന്ന സഖ്യസേന അവിടെനിന്നു 7 മൈലെങ്കിലും കിഴക്കോട്ടേയ്ക്കു കടന്നിട്ടുണ്ടു്. എല്ലാററിനുംതെക്കു സ്ട്രാസ്ബർഗിനും ബെൽഫോർട്ടു്വിടവിനുമിടയ്ക്കു അരലക്ഷത്തോളം ജർമ്മൻകാർ കുടുങ്ങിയിരിക്കുന്നു.

മേഴ്സിഗ്ഗിനു പത്തുമൈൽ വടക്കുപടിഞ്ഞാറുള്ള ടെററിംഗനും 5 മൈൽ തെക്കുപടിഞ്ഞാറുള്ള ഉമിറിംഗനും യു എസ്. മൂന്നാംസേന കൈവശപ്പെടുത്തിയിരിക്കുന്നു.

## ചെഫാങ്ങ് വളയപ്പെട്ടു

- o—

### മദ്ധ്യബർമ്മയിലും സഖ്യസേനാപുരോഗതി

—o—

ചുങ്കിംഗ്, നവം: 26—ചൈനാ-ബർമ്മാ അതിർത്തിയിലെ ജാപ്പു് നിയന്ത്രണബർമ്മാറോഡ് സങ്കേതമായ ചെഫാങ്ങിൻെറ നേർക്കുള്ള ഇരട്ട ചൈനീസ്സ് വലയീകരണനീക്കം, ചൈനാക്കാർ ചെഫാങ്ങ് താഴ്വരയിൽ പ്രവേശിച്ചതോടെ അതിൻെറ അവസാനഘട്ടത്തിലായിരിക്കുന്നതായി ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. വെള്ളിയാഴ്ച ചൈനാക്കാർ പിടിച്ച ബർമ്മാറോഡു നഗരമായ മെൻസ്സായ്ക്കു 10 മൈൽ കിഴക്കായി ചെഫാങ്ങ് സ്ഥിതിചെയ്യുന്നു. വൻതരം ബാംബറുകൾ നവംബർ 24-ാംനു- സയാമിലെ റെയിൽവേ യന്ത്രപ്പണികൾ ആക്രമിക്കയുണ്ടായി. ഒരു വിമാനം കാണ്മാനില്ല.

### മദ്ധ്യബർമ്മയിൽ

കാൻഡി, നവ: 26-ചിൻഡ്വിൻ കടന്നു പ്രവർത്തനംനടത്തുന്ന 14-ാം സേനയിലെ ഭടന്മാർ മാൻഡെൻ ഗ്രാമത്തിൽ പ്രവേശിച്ചിരിക്കുന്നു. ആഫ്രിക്കൻഭടർ കലേവായ്ക്കു 7 മൈലിനുള്ളിലെത്തുകയുണ്ടായി.

—o—

## ഫയൻസാ വളയാനുള്ള സഖ്യശ്രമം

ലണ്ടൻ, നവ: 26-ശത്രുവിൻെറ പിന്മാററത്തെ ക്ഷണത്തിൽ പിൻതുടർന്നുകൊണ്ടു് ഇററലിയിൽ എട്ടാംസേനയിലെ ബ്രിട്ടീഷ് ഭടന്മാർ ഫയൻസായ്ക്കു വടക്കുള്ള ലാമിനോനദി ഒരു വിസ്തൃതരംഗത്തായി എത്തിയിരിക്കുന്നു. ഫയൻസായ്ക്കു തെക്കു ടാങ്കുകളുടെ സഹായത്തോടെ ബ്രി: പദാതികൾ മാഴ്സോണോനദിയിൽ പാലമുഖപ്പുറപ്പിച്ചുകൊണ്ടു ലാമിനോയിലേയ്ക്കു പുരോഗമിക്കുന്നു. ഇടതുപാർശ്വത്തിൽ എട്ടാംസേനയിലെ പോളിഷ് ഭടന്മാർ ശത്രുപ്രതിരോധം തകർത്തുകൊണ്ടു നദി പലയിടത്തും തരണംചെയ്തു.

### ഫയൻസായ്ക്കുവേണ്ടി പോർ നടക്കും

ഫയൻസായ്ക്കുവേണ്ടി ജർമ്മൻകാർ ഒരുകൈ നോക്കിയേക്കുമെന്നു വിചാരിക്കപ്പെടുന്നു. തെക്കും വടക്കുംനിന്നു ഫയൻസാ ഇപ്പോൾ സഖ്യസേന വലയംചെയ്യുമെന്ന മട്ടായിട്ടുണ്ടു്.

—o—

ENQUIRE

For ESTATE TOOLS, AGRICULTURAL IMPLEMENTS and CUTLERY such as;

Mamooties · Pick Axes · Rubber Tapping knives
Felling Axes · Steel Wedges · Tea Pruning knives
Vettukathies · Alavangoes · Grubbing Mattocks
Quintanies · Digging Forks · Mamooty Forks
Kodali Forks · Pruning Saws · Weeding Hoes etc.
& Penknives, Scissors, Table knives, Vegetable knives, Kitchen knives, etc. etc.

THE METAL INDUSTRIES SALES DEPARTMENT,
KOTTAYAM. (H. O. Shoranur)

# ഇൻറർനാഷണൽ ബിസിനസ്സ് കാൺഫറൻസ്

(പ്രൊഫ്സർ കെ. ററി ഷാ)

‘മലയാളരാജ്യ’ത്തിനു പ്രത്യേകം

[നമ്മുടെ വ്യവസായങ്ങളിൽ മർമ്മപ്രധാനമായുള്ളവയെങ്കിലും യുദ്ധാനന്തരം സ്റേററ് നിയന്ത്രണത്തിലായിരിക്കണമെന്നാണ് നാഷണൽ പ്ലാനിംഗ്കമ്മിററി സെക്രട്ടറി പ്രൊഫസർ കെ. ററി. ഷാ വാദിക്കുന്നതു്. ഇൻറർനാഷണൽ ബിസിനസ്സ് കാൺഫറൻസിലെ ആലോചനാവിഷയങ്ങളായ ഒൻപതു കാര്യങ്ങളിൽ ഒന്നാണ് ഈ പ്രശ്നം. ഇതിന്റെ പ്രാധാന്യം ഭാവിയിലെ ലോകസമാധാനം സംബന്ധിച്ചു മാത്രമല്ല. വ്യവസായശാലകൾ നിമിത്തം സ്വകാര്യസമൃദ്ധിമി കമ്പോളപദവിയിൽ കഴിയുമ്പോഴും അവയുടെ യഥാർത്ഥഭാരം സൂക്ഷ്മരൂപത്തിൽ വഹിക്കുന്നവരും എന്നാൽ അവയിലെ പുകയും കരിയും മാത്രം തന്റെ അനുഭവത്തിനു ശേഷിക്കുന്നവരുമായ സാമാന്യന്റെ ഭാവിലോകത്തിലെ സ്ഥിതിയെയും ഇതു സർവ്വപ്രധാനമായി ബാധിക്കുന്നു. ഈ വ്യവസായഉടമസ്ഥത യുദ്ധകാലത്തു് ഒരു വിദേശഗവമ്മെൻറിന്റെ നിയന്ത്രണത്തിനു്, അതും ആ ഗവമ്മെൻറിന്റെ യുദ്ധതാല്പര്യങ്ങളെ പുരോഗമിപ്പിക്കുന്നതിനായി, കീഴ്പ്പെടാമെന്നുണ്ടെങ്കിൽ സമാധാനകാലത്തു നാട്ടിന്റെ ഗുണത്തിനുവേണ്ടി ആയാലെന്തുകൊണ്ടു് ആ വിധത്തിൽ ചെയ്തുകൂടാ? ഇതാണു ഇന്ത്യയിലെ പ്രമുഖരായ അർത്ഥശാസ്ത്രവിദഗ്ദ്ധരിൽ ഒരാളായ പ്രൊഫ്: ഷാ ഈ ലേഖനത്തിൽ പ്രതിപാദിക്കുന്ന വിഷയം.]

യുണൈറഡ് സ്റ്റേററ്സിലെ ഇൻറർനാഷണൽബിസിനസ്സ്കാൺഫറൻസിൽ ആലോചിക്കാൻ നിശ്ചയിച്ചിരിക്കുന്ന ഒൻപതു വിഷയങ്ങളിൽ ഒന്നുമാത്രമേ ഒരു പൊതുതത്വത്തെ ഉൾക്കൊള്ളുന്നുള്ളു. ലോകമൊട്ടുക്കുള്ള സാമൂഹ്യവ്യവസ്ഥയെ ബാധിക്കുന്നതിതൊന്നുമാത്രമാണ്. ശേഷമുള്ളവയെല്ലാം പ്രത്യേകതകളുള്ളവയാകുന്നു. അവയെസംബന്ധിച്ച വിവിധരാജ്യങ്ങൾക്കുള്ള താല്പര്യങ്ങൾ പരസ്പരം പൊരുത്തമുള്ളവയായിരിക്കണമെന്നില്ല സാർവ്വത്രികമായ അംഗീകാരം ലഭിക്കുന്ന തീരുമാനങ്ങൾ അവയെ സംബന്ധിച്ചു ഏകകണ്ഠമായി ഉണ്ടാകുമെന്ന പ്രത്യാശ അവയെ സമീപിക്കുന്നതിൽ ആവശ്യവുമില്ല

യുദ്ധാനന്തരം സ്വകാര്യസമൃദ്ധമത്തെ പുലർത്തിക്കൊണ്ടുപോകുന്ന കാര്യം കാൺഫറൻസിന്റെ ആലോചനാവിഷയങ്ങളിൽ മുന്നണിയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. കാൺഫറൻസു നടക്കുന്നതു വ്യക്തിപ്രാധാന്യവാദത്തിന്റെ നാട്ടിലാണെന്നും കാൺഫറൻസ്അംഗങ്ങൾ എല്ലാംതന്നെ ആ വാദത്തിൽ ഉറച്ചുനില്ക്കുന്നവത്തകരാണെന്നുംഓർമ്മിക്കുമ്പോൾ സ്വാഭാവികമായിത്തന്നെ കാൺഫറൻസിന്റെ തീരുമാനം യുദ്ധാനന്തരം സ്വകാര്യസമൃദ്ധമത്തെ പുനഃസ്ഥാപിക്കുവാനും തുടർന്നുകൊണ്ടുപോകുവാനും ഉള്ള മാർഗ്ഗത്തിലായിരിക്കുമെന്നു കണക്കാക്കാവുന്നതാണ്. യുദ്ധത്തിനുമുൻപുണ്ടായിരുന്ന സാധാരണസ്ഥിതി സംജാതമാകുന്നതിനു വ്യക്തിഗതസമൃദ്ധമങ്ങളുടെ പരിരക്ഷണം അവശ്യാവശ്യമെന്നു അവർ നിർബ്ബന്ധം പിടിക്കയും ഉല്പാദനങ്ങളെ യുദ്ധകാലനിയന്ത്രണത്തിലും സ്റ്റേററുടമസ്ഥതയിലുംആക്കിയിട്ടുള്ളയിടത്തെല്ലാം സ്വകാര്യഉടമസ്ഥതയുടെ പുനഃസ്ഥാപനം ആവശ്യപ്പെടുകയും ചെയ്യുന്നതാണ്.

ഭാഗ്യവശാൽ ഈ കാൺഫറൻസു ഒരു അനുദ്യോഗസ്ഥസമ്മേളനമാണ്. അതു ഒരു സ്ഥിരസംഘടനയല്ല അതിൽ പങ്കുകൊള്ളുന്നവരേപ്പോലും അതിന്റെ തീരുമാനങ്ങൾ ബന്ധിക്കുന്നില്ല വിവിധരാജ്യങ്ങളിലെ പ്രതിനിധികൾ, അവരുടെയെങ്കിലും പ്രാതിനിധ്യം വഹിക്കുന്നുണ്ടെങ്കിൽ അവരവരുടെ രാജ്യത്തെ ഒരു ചെറിയ വിഭാഗത്തിന്റെമാത്രമാണ്. ചിലപ്പോൾ ഈ ചെറുവിഭാഗംതന്നെ ഒരു പ്രബലമായ കൂട്ടുകെട്ടുകുന്നതിൽ കവിഞ്ഞ ഒന്നായിരിക്കയുമില്ല. അവരുടെ രാജ്യത്തിന്റെ പ്രാതിനിധ്യംവഹിച്ചു അഭിപ്രായങ്ങൾ പുറപ്പെടുവിക്കുവാനുള്ള അധികാരം അവർക്കില്ല അവരുടെ നടപടികൾകൊണ്ടു അവരുടെ ഗവമ്മെണ്ടിനെ ബന്ധിക്കത്തക്ക അധികാരം അവർക്കില്ലെന്നുള്ളതു തീർച്ചയുമാണ് യുദ്ധാനന്തരം നേഷൻസിന്റെ ആകെയുള്ള താല്പര്യങ്ങൾക്കോ അഖിലലോകജനതയുടെ താല്പര്യങ്ങൾക്കോ വിപരീതമായി ഈ വർത്തകവിഭാഗം തങ്ങളുടെ വ്യക്തിപ്രാധാന്യസിദ്ധാന്തത്തെ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നപക്ഷം അവരുടെ തീരുമാനങ്ങൾക്കും നിശ്ചയങ്ങൾക്കും ലോകത്തൊരിടത്തുംതന്നെ ജനതയുടെ ആനുകൂല്യം ലഭിച്ചില്ലെന്നു വരാം.

## സ്വകാര്യഉടമസ്ഥത പൊയ്പോകണം

ഉല്പാദനവിതരണവിനിമയമാർഗ്ഗങ്ങളുടെ സ്വകാര്യ ഉടമയിൽ അധിഷ്ഠിതവും സ്വന്തം ലാഭത്തെപ്പററിയുള്ള ചിന്തയാൽമാത്രം പ്രേരിതവുമായ സ്വകാര്യ സമൃദ്ധമസമ്പ്രദായത്തെ അവശ്യം പുനഃസ്ഥാപിക്കയും തുടർന്നു നിലനിർത്തുകയും ചെയ്യണമെന്നുള്ള നിർബന്ധം ഇക്കഴിഞ്ഞ 5 വർഷകാലത്തെ അനുഭവങ്ങളെയും പാഠങ്ങളെയും ഒന്നാകെ വിഗണിക്കയാണു ചെയ്യുന്നതു്. യുദ്ധത്തിന്റെ ഫലമായി സകല രാജ്യങ്ങളും ജനസമുദായത്തിന്റെ സാമ്പത്തികജീവിതത്തിലെ ഓരോ ഉദ്യമത്തിന്മേലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചിലപ്പോൾ ആ നിയന്ത്രണങ്ങൾ ഗവമ്മെൻറുടമസ്ഥതതന്നെയായി തീർന്നിട്ടുമുണ്ട്. യുദ്ധജയം എന്ന മുഖ്യലക്ഷ്യം പ്രാപിക്കുന്ന കാര്യത്തിൽ ഇതു പരാജയപ്പെടുകയും ചെയ്തുകാണുന്നില്ല. വല്ല അഴിമതികളും വല്ലവരിൽനിന്നും ഉണ്ടായാലും വ്യവസായസമൃദ്ധമങ്ങളുടെ നടത്തിപ്പ് പൊതുജനങ്ങളുടെ നിയന്ത്രണത്തിൽ അഥവാ സർക്കാർ ഉടമസ്ഥതയിലും മാനേജുമെൻറിലും തന്നെയായിരിക്കുന്നതുകൊണ്ടു അനുഭവപ്പെട്ടിട്ടുള്ള കാര്യക്ഷമതയും സാമ്പത്തികവിവേകവും സ്വകാര്യവ്യക്തികളുടെ ആദായത്തെമാത്രം ലാക്കാക്കുന്ന വാദക്കാർ നിഷേധിക്കുവാനായിരിക്കും ഇഷ്ടപ്പെടുന്നതു്. എന്നാൽ ലോകമാസകലമുള്ള അനുഭവം അവരെ അതിലേക്കു അനുവദിക്കുന്നവിധത്തിലുള്ളതല്ല. യുണൈററഡ്സ്റ്റേററ്സിൽ പൊതുജനങ്ങളുടെ വക 23 ബില്ലിയൻ ഡാളറാണ് യുദ്ധത്തിനുമുമ്പ് വ്യക്തിതൽപരക്കാരുടെ പ്രത്യേക:മണ്ഡലമായിരുന്ന വിവിധങ്ങളായ സാമ്പത്തികസമൃദ്ധമങ്ങളിലായി നിക്ഷേപിച്ചിട്ടുള്ളതു്. ഇതു യുദ്ധകാലോല്പാദനങ്ങളുടെ ഗുണവും അളവും സംബന്ധിച്ചു പൂർണ്ണസാർഹമായ ഫലങ്ങൾ ഉളവാക്കിയിരിക്കുന്നു. യുദ്ധം അവസാനിക്കുന്ന നിമിഷത്തിൽ ഇതെല്ലാം വീണ്ടും സ്വകാര്യവ്യക്തികളുടെ ധനതൃഷ്ണയ്ക്കു ബലികഴിക്കുകയെന്നുള്ളതു യാതൊരുവിധത്തിലും ന്യായീകരിപ്പാൻ സാധിക്കുന്നതല്ല മററു സഖ്യരാഷ്ട്രങ്ങളിലും അക്ഷപക്ഷരാജ്യങ്ങളിലും ഇതുപോലെ ജനസമുദായത്തിന്റെ ഒട്ടാകെയുള്ള സമൃദ്ധമങ്ങൾ യുദ്ധഗതിക്കിടയിൽ വളർത്തിക്കൊണ്ടുവന്നിരിക്കാം അതുപോലെതന്നെ നമ്മുടെ ജനസമുദായത്തിനു ഒട്ടാകെയുടമപ്പെട്ട വിഭവരാശികളുണ്ടെന്നുവരാം. ആദായമുഷ്ടികളായ വ്യക്തികൾക്കു അവയെ ഒഴിഞ്ഞുവച്ചുകൊടുക്കുകയെന്നതു്, ഉദ്ദേശിക്കപ്പെടുന്ന വ്യവസായസമൃദ്ധമത്തിനുതന്നെ നാശഹേതുവായിരിക്കുമെന്നു മാത്രമല്ല, നേഷനോടൊട്ടാകെ അക്ഷന്തവ്യമായ അനീതിയും ഇന്നത്തെയും ഭാവിയിലേയും തലമുറകളിലെ നികുതിദായകന്റെമേൽ ദുർവ്വഹമായ ഘോരഭാരം അടിച്ചേല്പിക്കലുമായിരിക്കുന്നതാണ്.

## സാർവ്വരാഷ്ട്രികനയം

യുദ്ധം അവസാനിച്ചാലുടൻതന്നെ ലാഭമാത്രമുഷ്ടികളായ സ്വകാര്യസമൃദ്ധമികളെ പുനഃപ്രതിഷ്ഠിക്കുവാൻ പാടില്ലെന്നുള്ളതിനു് ഇപ്പറഞ്ഞതിനെല്ലാം പുറമേ സാമൂഹ്യവും സാർവ്വരാഷ്ട്രീയവുമായ മററു പ്രബലകാരണങ്ങളും ധാരാളമുണ്ട്. ആയുധനിർമ്മാണം മുതലായ ചില വ്യവസായങ്ങൾ യാതൊരുകാരണവശാലും സ്വകാര്യസമൃദ്ധമികളുടെ കൈവശത്തിൽ വിട്ടുകൊടുക്കുവാൻ പാടില്ലാത്തവയായുണ്ട്. യുദ്ധത്തിനുമുമ്പുള്ള അവസ്ഥയെന്തായിരുന്നാലും ലോകസമാധാനത്തെപ്പററിയുള്ള പരിഗണനയാൽ ആ രീതികൾ തുടരുവാൻ അനുവദിക്കുന്നില്ല ആധുനികകാലത്തെ ഏകാധിപത്യയുദ്ധങ്ങളിൽ ഏതൊരു വ്യവസായമാണു ആയുധമാത്രവ്യവസായമെന്നും ഏതൊന്നാണു സമാധാനകാലത്തെ ഒരു സാധാരണ വ്യവസായമായിരുന്നതിനെ യുദ്ധസഹായത്തിനായി രൂപാന്തരപ്പെടുത്തിയെടുത്തിട്ടുള്ളതെന്നും വിവേചിക്കുക അത്ര എളുപ്പമല്ല. ഇനി, ആയുധനിർമ്മാണവ്യവസായത്തെ നിഷ്കൃഷ്ടമായി നിർവ്വചിക്കാൻ സാധിക്കുമെന്നുതന്നെ സങ്കല്പിക്കാം. ഗതാഗതമാർഗ്ഗങ്ങൾ, കര-കടൽ-വ്യോമയുദ്ധങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ മുതലായവസംബന്ധിച്ച ഉഭയസ്വഭാവങ്ങളെന്നു വിവക്ഷിക്കാവുന്ന വ്യവസായങ്ങളുടെ യുദ്ധകാലസ്വഭാവത്തെയും സമാധാനകാലസ്വഭാവത്തെയും വിവേചിക്കുവാൻ സാധിക്കുന്നു എന്നും സങ്കല്പിക്കുക. എന്നിരുന്നാൽതന്നെ ആയുധനിർമ്മാണത്തെമാത്രം ദേശീയമോ സർവ്വദേശീയമോ ആയ നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ മാനേജുമെൻറിലോ വച്ചുകൊണ്ടു യുദ്ധവുമായി അപ്രത്യക്ഷബന്ധംമാത്രമുള്ള വ്യവസായങ്ങളുടെമേലുള്ള ആവിധ നിയന്ത്രണത്തിൽ അയവുവരുത്താമെന്നു വച്ചിരുന്നാൽപോലും ലാഭേച്ഛുക്കളായ സ്വകാര്യവ്യക്തികൾ അതിലൂടെ വീണ്ടും ലോകസമാധാനത്തെ അപകടത്തിലാക്കുകയും ജനസമുദായത്തിന്റെമേൽ ദുർവ്വഹമായ ഭാരം അപ്രത്യക്ഷമായി ചുമത്തിക്കൊണ്ടിരിക്കയും ചെയ്യുന്നതാണ്. പൊതുനിയന്ത്രണത്തിന്റെയും മേൽനോട്ടത്തിന്റെയും അളവ് വ്യവസായങ്ങളുടെ സ്വഭാവത്തെയും അതാതു രാജ്യങ്ങളിലെ പ്രത്യേക സ്ഥിതിഗതികളെയും ആസ്പദമാക്കി വ്യത്യാസപ്പെട്ടിരിക്കേണ്ടതായിവരാം. എന്നിരുന്നാലും സാർവ്വരാഷ്ട്ര സമ്മതമായ ഒരു അധിഷ്ഠാനനയം ഈ വിഷയത്തിൽനിർണ്ണയിക്കേണ്ടതായിത്തന്നെയിരിക്കുന്നു. യുദ്ധാനന്തരം സർവ്വരാഷ്ട്രീയസഹകരണം യഥാർത്ഥത്തിൽ നിലവിൽ വരണമെന്നുണ്ടെങ്കിൽ, ലോകമൊട്ടുക്കു ഭാവിയിൽ സമാധാനം പുലരണമെന്നുണ്ടെങ്കിൽ, ഓരോ രാജ്യവും ആ നയത്തെ അവശ്യം അനുസരിക്കേണ്ടതായുംവരും

പൊതുജനക്ഷേമപരവും സാമൂഹ്യസേവനപരവുമായുള്ള സകല വ്യവസായങ്ങളും ഈവിധനയം അനുസരിച്ചായിരിക്കണമെന്നുള്ളതിനു ദേശീയശ്രേഷ്ഠ്യാ സുപ്രധാനങ്ങളായ കാരണങ്ങളുണ്ട്. ഇവയെല്ലാം രാജ്യങ്ങളിന്റെ പൊതുപ്പെട്ട വ്യവസായസമൃദ്ധമമായിരിക്കണമെന്നുള്ള അഭിപ്രായത്തിനു ഏതെങ്കിലും രാജ്യങ്ങളിൽ വലിയ ആനുകൂല്യം ഇല്ലെന്നിരുന്നാൽതന്നെയും അവയെസംബന്ധിച്ച, സനിഷ്കർഷമായ പൊതുനിയന്ത്രണവും ഗാഢമായ മേൽനോട്ടവും ഉണ്ടായിരിക്കേണ്ടതാണെന്ന പൊതുജനാഭിപ്രായം ലോകത്തെവിടെയും ഉറച്ചുറച്ചുവരികയാണ്. ഇതിനു തക്കതായ കാരണവുമുണ്ട്. ബഹുജനോപകാരപ്രദമായ അഥവാ ജനസാമാന്യത്തിന്റെ വ്യാവസായികവും സാമൂഹ്യൈശ്വര്യവർദ്ധകവുമായ ഏതു പരിപാടയുടെയും വിജയത്തിനുജീവപ്രധാനമായുള്ള ചില വ്യവസായങ്ങളുണ്ട്. ആവിധ വ്യവസായങ്ങളിൽനിന്ന് ഏതെങ്കിലും സ്വകാര്യവ്യക്തികൾ ലാഭമുണ്ടാക്കുവാൻ അനുവദിക്കുന്നതു ശുദ്ധമായ അനീതിയായിരിക്കുന്നതാണ്.

എന്നുമാത്രവുമല്ല, ആവിധ വ്യവസായങ്ങളുടെ വിജയത്തിനു ഏതെങ്കിലും ലൈസൻസുസമ്പ്രദായമനുസരിച്ചോ സ്വകാര്യഗ്രൂപ്പുകളെന്ന അടിസ്ഥാനത്തിലോ ഒരു കുത്തകഏർപ്പാടു കൂടാതെ കഴിയുന്നതല്ല ഏതൊരു കുത്തകയും ഉപഭോക്താവിന്റെമേൽ അളവറ്റവും നീതീകരിക്കാൻസാധിക്കാത്തതുമായ നികുതി ചുമത്തുകയാണു ചെയ്യുന്നതു. ആകയാൽ ആവിധത്തിലുള്ള ഏതു വ്യവസായത്തിന്മേലും ഗാഢമായ ഒരു നിയന്ത്രണം ആവശ്യപ്പെടുന്നതു പൊതുജനതാല്പര്യത്തെ കരുതുമ്പോൾ ആവശ്യംമാത്രമാണ്. സ്വകാര്യകുത്തകക്കാർക്കുലാഭമുണ്ടാകുവാൻവേണ്ടി ജനസമുദായം മുഴുവൻ ഈ അന്യായമായ നികുതി നൽകേണ്ടിവരരുതെന്നുണ്ടെങ്കിൽ ആ നിയന്ത്രണം ആവശ്യമാണ്.

## ഗവമ്മെൻറുടമസ്ഥത

ഡിഫൻസ് വ്യവസായങ്ങൾ അഥവാ യുദ്ധസംധാനനിർമ്മാണമെന്നു വിവക്ഷിക്കപ്പെടുന്ന വ്യവസായങ്ങൾ— തികച്ചും പൊതുജനങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഭരണത്തിലും ആയിരിക്കണമെന്നും ജനതയുടെ ആവശ്യങ്ങളും സാമൂഹ്യസേവനങ്ങളും സംബന്ധിച്ചതും അവയുടെ പ്രവർത്തനത്തിനു വേണ്ടതുമായ വ്യവസായ

(ശേഷം 11-ാംപേജിൽ)

# പ്രകൃതിയുടെ പദ്ധതിയിൽ*

## ബാക്ടീരിയായുടെ സ്ഥാനം

(ഡാക്ടർ കെ. മധുസൂദനൻപണ്ടാല)

നാം സാധാരണ അറിയാറുള്ള ജന്തുക്കൾ, സസ്യങ്ങൾ ഇവകൂടാതെ വേറെ ഒരുതരം ജീവികൾകൂടി ഉള്ളതായി ശാസ്ത്രജ്ഞന്മാർ ഭൂതക്കണ്ണാടിയുടെ സഹായത്തോടുകൂടി കണ്ടുപിടിച്ചിട്ടുണ്ടു്. ഇവയെയാണു് അണുജീവികൾ എന്നു പറയുന്നതു്. ബാക്ടീരിയാ, Fungi, Virus എന്ന താഴ്ന്നതരം ജീവികൾ ഈ വർഗ്ഗത്തിൽ ഉൾപ്പെടുന്നു. ഈ ജീവികളുടെ സംഖ്യ മറ്റെല്ലാ ജീവികളുടേയും ആകെത്തുകയേക്കാൾ തുലോം അധികമത്രെ. മണ്ണിലും, വെള്ളത്തിലും, വായുവിലും മാത്രമല്ല, സചേതനവും അചേതനവുമായ സകല പദാർത്ഥങ്ങളിലും ഈ പരമാണുക്കൾ വിഹരിക്കുന്നുണ്ടു്. ഇവയുടെ പ്രവർത്തനങ്ങൾ മനുഷ്യജീവിതത്തെ പലവിധത്തിലും പ്രബലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ജനനം മുതൽ മരണംവരെ ഉണ്ടാകാവുന്ന മനുഷ്യന്റെ ആരോഗ്യസംബന്ധമായ ഏതൊരു കാര്യത്തിലും അണുജീവികളുടെ സാന്നിദ്ധ്യവും അവയുടെ പ്രവർത്തനങ്ങളും ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കാണു നിർവ്വഹിക്കുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ ആരംഭത്തിനു വളരെ മുമ്പുതന്നെ ഈ അണുജീവികളുടെ ചരിത്രം തുടങ്ങിയിരിക്കണമെങ്കിലും അവ നമ്മുടെ വിജ്ഞാനപരിധിയിൽ പെട്ടുതുടങ്ങിയിട്ടു തലമുറകൾ അധികം കഴിഞ്ഞിട്ടില്ല. അവയുടെ വിവിധശക്തികൾ നമ്മുടെ നിയന്ത്രണാധീനത്തിലാകാൻതുടങ്ങിയതു ഈയിടെമാത്രമാണു്. ഈ നൂതനലോകത്തിലെ പരമരഹസ്യങ്ങൾ നമുക്കു് എന്നെന്നും ഉപകാരപ്രദമാകുമാറു് വെളിപ്പെടുത്തിത്തന്ന ലൂയി പാസ്ചർ, റോബർട്ടു് കോഷു്, ജെന്നർ, ജെറിങ്കു്, വിനോഗ്രേറ്റ്സ്കി മുതലായ പാശ്ചാത്യഗവേഷണപടുക്കളോടു് ആജീവനാന്തം നാം കടപ്പെട്ടവരാകുന്നു. ഈ പരമാണുക്കളുടെ നിയന്ത്രണശേഷിയിലാണു മനുഷ്യസമുദായത്തിന്റെ ഭൗതികപുരോഗമനം സ്ഥിതിചെയ്യുന്നതെന്നോർക്കുമ്പോൾ ഈ ആചാര്യന്മാരോടുള്ള നമ്മുടെ ബഹുമാനം ശതഗുണീഭവിക്കുന്നു.

ഈ അണുക്കളുടെ ഉല്പത്തി എങ്ങനെ? അവ എങ്ങനെ ജീവിക്കുന്നു. എങ്ങനെ വളരുകയും പെരുകുകയും ചെയ്യുന്നു. അവയുടെ സ്വഭാവമെന്തു്? ജന്മോദ്ദേശം എന്തു്? ഈ കാര്യങ്ങളാണു് ഇവിടെ നമുക്കു പ്രധാനമായ ചിന്താവിഷയം. ഈ ജീവികൾ എല്ലാ പരിതഃസ്ഥിതികളിലും അധിവസിക്കുന്നുണ്ടെങ്കിലും സാധാരണയായി അല്പം ചൂടും ഈർപ്പവും ഉള്ള സ്ഥലങ്ങളാണു് ഇവയ്ക്കു പറ്റിയവ. കൂടാതെ ഇരുട്ടും ഇവയുടെ വളർച്ചയ്ക്കു സഹായകമാണു്. സൂര്യരശ്മിയുടെ പ്രതികൂലശക്തികളായിരിക്കാം ഒരുപക്ഷേ ഇതിന്റെ കാരണം. അശുദ്ധസ്ഥലങ്ങളിലാണു് അണുജീവികൾ അധികം ഉണ്ടാകുന്നതു്. മനുഷ്യരുടെ അധിവാസം അധികമുള്ള സ്ഥലങ്ങൾ, അത്യുന്നതപ്രദേശങ്ങൾ, വളരെ ആഴമുള്ള കിണറുകൾ, നദികൾ, സമുദ്രങ്ങൾ, പാറക്കെട്ടുകൾ ഇങ്ങനെ നാനാവിധസ്ഥലങ്ങളിലും അണുജീവികൾ കാണപ്പെടുന്നു. ബാക്ടീരിയകളുടെ വളർച്ച അത്ഭുതകരമായ ഒന്നാണു്. അവ അതിവേഗം വർദ്ധിക്കുന്നു. വളർച്ച പൂർത്തിയായ ഒരു ബാക്ടീരിയം സ്വയമേവ രണ്ടായിത്തീർന്നു അ ഓരോ ഭാഗവും വീണ്ടും രണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ യഥാക്രമം ഇരട്ടിച്ചിരട്ടിച്ചാണു ഇവയുടെ സംഖ്യ ക്രമാധികമായി വർദ്ധിക്കുന്നതു്. ഈ മാതിരി പെരുകുന്നതിനു സമയവും അധികം വേണ്ട. പന്ത്രണ്ടു മണിക്കൂറുകൊണ്ടു് ഒരു അണുജീവി ഒരുകോടി എൺപതുലക്ഷമായി പെരുകുമെന്നും ആറുമണിക്കൂറുകൂടി കഴിഞ്ഞാൽ എണ്ണായിരം കോടിയിൽപരമായി വർദ്ധിക്കുമെന്നും ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിരിക്കുന്നു. ഇങ്ങനെ അത്ഭുതകരമായി പെരുകുന്ന ഈ ജീവികൾ പ്രതികൂലാവസ്ഥകളാൽ ചിലപ്പോൾ പെട്ടെന്നു നശിച്ചുപോകുന്നുവെന്നുള്ളതാണു സൃഷ്ടിയുടെ ഒരു വൈചിത്ര്യം.

ബാക്ടീരിയാ ഉള്ള സ്ഥലങ്ങളിലെല്ലാം അവരുടെ പ്രവർത്തനങ്ങൾ നടക്കുന്നതായി വിചാരിക്കാൻതരമില്ല. നമ്മുടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ചു വായിലും മൂക്കിലും മറ്റും അവ എപ്പോഴും സ്ഥിതിചെയ്യുന്നുണ്ടു്. എന്നാൽ അവയുടെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും അനുകൂലമായ പരിതഃസ്ഥിതികൾ ലഭിക്കുമ്പോൾ മാത്രമേ അവ സംഖ്യയില്ലാതെ പെരുകുകയും അവയുടെ പ്രവർത്തനങ്ങൾക്കു ശക്തി വർദ്ധിക്കുകയും ചെയ്യുകയുള്ളു.

ബാക്ടീരിയ പല ആകൃതികളിലുമുണ്ടു്. ചിലതു നീണ്ടതും ചിലതു ഗോളാകൃതിയിലുള്ളതും ചിലതു അർദ്ധവിരാമത്തിന്റേയും മറ്റു ചിലതു ഞാഞ്ഞൂലിന്റേയും ആകൃതികൾ ഉള്ളതുമായി അണുദർശിനിയിൽകൂടി നോക്കിയാൽ നമുക്കു കാണാം. ചിലതിനു നിറമുണ്ടു്. ചിലതിനു നിറമില്ല. ചിലതിനു ചലനശക്തിയുണ്ടു്. ചിലതിനു ചലനമില്ല. ചലനമുള്ളതിനു സിലിയാ എന്ന അവയവഭാഗംകൂടിയുണ്ടു്. അണുദർശിനിയുടെ സഹായംകൊണ്ടല്ലാതെ അണുജീവികളെ കാണുവാൻ നമുക്കു സാദ്ധ്യമല്ല. ഒരു കാൽരൂപാത്തുട്ടിന്റെ ഒരുവശംമുഴുവൻ അണുജീവികളെക്കൊണ്ടു നിറയ്ക്കണമെങ്കിൽ പത്തുകോടിയോളം അണുക്കൾ വേണ്ടിവരുമെന്നു കണക്കാക്കിയിട്ടുള്ളതായി പറയുമ്പോൾ ആകൃതിയിൽ അവ എത്ര ചെറുതാണെന്നു ഊഹിക്കാം. പതിനായിരം ഇരട്ടി വലിപ്പത്തിൽ കാണാൻ സാധിക്കുന്ന അണുദർശിനിയിൽപോലും അദൃശ്യവും തുലോം ചെറുതുമായ ഒരുതരം ജീവികളാണു് Virus എന്നുപറയുന്നതു്.

അണുജീവികൾ അവയുടെ പരിസരങ്ങളിൽ കാണുന്ന ഏതാനും ധാതുക്കളെ പ്രധാനമായ ചില രാസപ്രവർത്തനങ്ങൾക്കു കീഴ്പ്പെടുത്തി അവയുടെ ഫലമായിട്ടുണ്ടാകുന്ന ഊർജ്ജത്തെ സ്വപരിപോഷണാർത്ഥം ഉപയോഗിച്ചാണു ജീവിക്കുന്നതു് മനുഷ്യർക്കും മൃഗങ്ങൾക്കും എന്നപോലെതന്നെ അമ്ലജൻ ഈ ജീവികൾക്കും അത്യന്താപേക്ഷിതമായ ഒരു വസ്തുവാകുന്നു. ശ്വാസോച്ഛ്വാസം മറ്റു ജീവജാലങ്ങൾക്കുള്ളതുപോലെ ഇവയ്ക്കില്ല. എങ്കിലും അതിനോടു സമമായി ചില രാസക്രിയകൾ ഇവയുടെ ജീവസന്ധാരണത്തിലും നടന്നുവരുന്നുണ്ടു്. അവ സംഭവിപ്പിക്കുന്ന വിവിധങ്ങളായ രാസപ്രവർത്തനങ്ങൾ അവയുടെ ജീവിതത്തെ പുലർത്തുന്നതിനുള്ള ഒരു മാർഗ്ഗവുമാണെന്നുവേണം ഊഹിക്കാൻ. മനുഷ്യദേഹം അതിന്റെ ആവശ്യങ്ങൾക്കായി Ferments അല്ലെങ്കിൽ Enzymes എന്നറിയപ്പെടുന്ന Pepsin, Trypsin, Saliva മുതലായ ദഹനേന്ദ്രിയദ്രവ്യങ്ങളെ തനിയേ ഉണ്ടാക്കുന്നു. അതുപോലെതന്നെ ഈ ജീവികളും അനേകം Enzymes-നെ വിസർജ്ജിക്കുന്നുണ്ടു്. ഒട്ടനവധി പ്രധാനരാസക്രിയകൾ ഈ Enzymes-ന്റെ സഹായംകൊണ്ടാണു് നടന്നുവരുന്നതു്. Fermentation എന്നറിയപ്പെടുന്നതും Starch അല്ലെങ്കിൽ മാവു അധികമുള്ള പദാർത്ഥങ്ങളെ പുളിപ്പിച്ചു അതിൽനിന്നു ആൽക്കഹോൾ ഉണ്ടാക്കുന്നതും ബാക്ടീരിയായുടെ പ്രവർത്തനംകൊണ്ടാകുന്നു.

മനുഷ്യന്റെ ആരോഗ്യത്തേയും സാമ്പത്തികാവസ്ഥകളേയും ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങളെ പുരസ്കരിച്ചു് 1. നേരിട്ടോ അല്ലാതേയോ ഗുണപ്രദങ്ങളായവ 2. ഗുണദോഷവിഹീനങ്ങളായവ 3 നേരിട്ടോ മറ്റു പ്രകാരത്തിലോ ദോഷപ്രദങ്ങളായവ എന്നു അവയെ മൂന്നായി തരംതിരിക്കാം. ഇതിൽ ആദ്യത്തെ രണ്ടു വിഭാഗങ്ങൾക്കു് Saprophytes എന്നും മൂന്നാമത്തേതിനു് Pathogens അല്ലെങ്കിൽ രോഗകാരികൾ എന്നും പേരുകൾ പറയുന്നു. ഈ മൂന്നാമത്തെ വിഭാഗമാണു് ലോകത്തു എന്നെന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതും സകല ജീവജാലങ്ങളെയും ഒന്നുപോലെ ബാധിക്കുന്നതുമായ വലിയ പകർച്ചവ്യാധികൾക്കു നിദാനമായിരിക്കുന്നതു്. എന്നാൽ മനുഷ്യർക്കു ഗുണപ്രദമായ കാര്യങ്ങളിലാണു് പ്രകൃതിയിൽ അധികം അണുജീവികളും പ്രവർത്തിച്ചുവരുന്നതു്.

മണ്ണിൽ അസംഖ്യം ബാക്ടീരിയയുടെ പ്രവർത്തനഫലമായിട്ടാണു് സസ്യങ്ങൾക്കു് അത്യന്താപേക്ഷിതങ്ങളായ പോഷകാംശങ്ങൾ ഉണ്ടാകുന്നതു്. ഇതുകൊണ്ടു് സസ്യവളർച്ച ഇവയുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു കാർഷികോല്പന്നങ്ങൾ ഇല്ലാതിരിക്കുകയോ അഥവാ കുറവായിരിക്കുകയോ ചെയ്താൽ ഭൂമിയിൽ മനുഷ്യന്റെ കഥ എന്താണെന്നു ഓർത്തുനോക്കിയാൽ ഇതിന്റെ പ്രാധാന്യം നമുക്കു മനസ്സിലാകും. പല സാങ്കേതിക പ്രയോഗങ്ങളും ബാക്ടീരിയായുടെ പ്രവർത്തനത്തെ അപേക്ഷിച്ചാണിരിക്കുന്നതു്. നമ്മുടെ എല്ലാ ഭവനങ്ങളിലും നിത്യം നടത്തിവരുന്നതും നമ്മുടെ ഭക്ഷണസാധനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തതുമായ തൈരു് ഉണ്ടാക്കുന്നതു് ഇതിനു ഒരു ഉത്തമ ഉദാഹരണമാണു് ഇതിൽ സംബന്ധിച്ചിട്ടുള്ള ബാക്ടീരിയാ മനുഷ്യന്റെ ഒരു ഉത്തമ ബന്ധുവാണു്. നമ്മുടെ ദേഹത്തിലുള്ള ചില ഹാനികരമായ ബാക്ടീരിയാകളെ നശിപ്പിക്കുന്നതിനും തൈരിലുള്ള ബാക്ടീരിയക്കു് സാധിക്കും. ഇതു കൂടാതെ മദ്യവർഗ്ഗങ്ങൾ, വിനീഗർ മുതലായവ ഉണ്ടാക്കുക തോൽ ഊറയ്ക്കിടുക, തൊണ്ടു്, ചണം മുതലായവ അഴുക്കിയെടുക്കുക, തേയില, പുകയില ഇവകൾ ഉണക്കി പാകപ്പെടുത്തിയെടുക്കുക, റൊട്ടി ഉണ്ടാക്കുക, ഓടവെള്ളം കൃഷിസ്ഥലങ്ങളിൽ ഉപയോഗിക്കാൻതക്കതാക്കുക, നിർമ്മലവും ചീഞ്ഞുകൊണ്ടിരിക്കുന്നതുമായ വസ്തുക്കളെ വേണ്ടുംവണ്ണം ദ്രവിപ്പിച്ചു മണ്ണിനോടു ചേർക്കുക ഇങ്ങനെ അനവധി കാര്യങ്ങൾ ബാക്ടീരിയായുടെ സഹായംകൊണ്ടാണു് സാധിച്ചുപോരുന്നതു്.

സകല ജീവജാലങ്ങളുടെയും ജീവസന്ധാരണത്തിനു് അത്യന്താപേക്ഷിതമായ ഒരു സാധനമാണു് വായുവിലുള്ള നൈട്രജൻ അല്ലെങ്കിൽ പാക്യജനകവാതകം. വായുവിൽ ഏറിയ കൂറും പാക്യജനകമാണെങ്കിലും പോഷകസാധനമായി ഉപകരിക്കുന്നതിനു അതു ഒന്നിലധികം ജാരണരൂപാന്തരങ്ങൾ കഴിഞ്ഞു ഉണ്ടാകുന്ന Nitrate എന്ന രൂപത്തിലായിരിക്കണം. ഈ മാറ്റം മണ്ണിൽ സംഭവിക്കുന്നതു് വിവിധ അണുജീവികളുടെ പ്രവർത്തനങ്ങൾകൊണ്ടാണു് പ്രകൃതിയിൽ നൈട്രജനെ അമ്മോണിയയായി മാറ്റാൻ ശക്തിയുള്ള അണുജീവികളെയും അവയുടെ പ്രവർത്തനരീതികളെയും നിരന്തരഗവേഷണങ്ങളുടെ ഫലമായിട്ടാണു് ഹെൽറീഗൽ എന്നും വിൽഫാത്ത് എന്നും രണ്ടു ശാസ്ത്രജ്ഞന്മാർ 1884-ൽ ആദ്യമായി കണ്ടുപിടിച്ചതു്. പാക്യജനകം അടങ്ങിയിരിക്കുന്ന ജൈവസംയുക്തങ്ങളെ പ്യൂട്രിഫയിങ്ങു് ബാക്ടീരിയകൾ ചീയിച്ചു് അമ്മോണിയയായി മാറ്റുന്നു. അമ്മോണിയായെ Nitrate ആക്കിത്തീർക്കുന്നതു് മണ്ണിലുള്ളതായി കണ്ടുപിടിച്ച നൈട്രിഫയിങ്ങു ബാക്ടീരിയകളാണു്. പാക്യജനകരൂപാന്തരങ്ങളിൽ ഇടപെട്ടു് ചെടികൾക്കു വേണ്ട പോഷകാംശങ്ങൾ ഉണ്ടാക്കുന്ന അതിപ്രധാനമായ ഇനം ബാക്ടീരിയ ഇവയാകുന്നു. പയറുവർഗ്ഗങ്ങൾ കൃഷിചെയ്യുന്ന ഭൂമിയിൽ വളം കൂടുതലായി കാണുന്നതു നമുക്കെന്നും അനുഭവമുള്ള ഒരു സംഗതിയാണു്. ഈ വർഗ്ഗത്തിലുള്ള ചെടികളുടെ വേരുകളിൽ ചെറിയ ഉരുണ്ട 'നോഡ്യൂളു'കളായി കാണുന്നതു് ബാക്ടീരിയയുടെ സങ്കേതങ്ങളാണെന്നു് അണുദർശിനിയുടെ സഹായംകൊണ്ടു് നമുക്കു കാണാം. ഈ ബാക്ടീരിയയ്ക്കു പയറുവർഗ്ഗത്തിലുള്ള ചെടികളാണു് യോജിച്ചതെന്നും അതിന്റെ പ്രചരണംകൊണ്ടു് വിളഭൂമികളിലെ നൈട്രജൻ പോഷകാംശം ക്രമാതീതമായി വർദ്ധിപ്പിക്കാമെന്നും ഇപ്പോൾ നമുക്കു അനുഭവപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചു് നടത്തിയിട്ടുള്ള ഗവേഷണങ്ങൾ പാക്യജനകരൂപാന്തരങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന പല രാസപ്രവർത്തനങ്ങളുടെ രീതിഭേദങ്ങളെയും മണ്ണിനെ കൂടുതൽ ഫലപുഷ്ടിയുള്ളതാക്കാനുതകുന്ന ചില മാർഗ്ഗങ്ങളെയും നമുക്കു മനസ്സിലാക്കിത്തന്നിട്ടുണ്ടു്.

ചീഞ്ഞഴുകുന്ന ഒട്ടധികം മൃതവസ്തുക്കൾ ബാക്ടീരിയങ്ങളുടെ പ്രവർത്തനംകൊണ്ടാണു പഞ്ചഭൂതങ്ങളായി തീരുന്നതെന്നു് നാം കണ്ടു. അതുകൊണ്ടു പ്രകൃതിയുടെ ശുചീകരണകർത്താക്കന്മാരായി ബാക്ടീരിയകളെ ഗണിക്കാം. ഇപ്രകാരം വിവിധപ്രവൃത്തികൾചെയ്തു് സസ്യവർഗ്ഗങ്ങളെ സമൃദ്ധിയായി ഉണ്ടാക്കി നമ്മുടെ ആഹാരസാധനക്ഷാമം കുറച്ചു് ലോകത്തെ ധന്യവും അഭികാമ്യവും ആക്കിത്തീർക്കുന്നതിനു് ബാക്ടീരിയയ്ക്കു് സാധിക്കുന്നുണ്ടു്. ഇങ്ങനെ പല പ്രകാരങ്ങളിൽ ഈ അണുജീവികൾമുഖേന മനുഷ്യനു് ശ്രേയസ്കരമായ കാര്യങ്ങൾ സംഭവിപ്പിക്കുന്ന പ്രകൃതിദേവിയുടെ കാര്യക്ഷമത അന്യാദൃശംതന്നെ.

(ശേഷം നാലാംപേജിൽ)

* With kind permission of the Director of Broadcasting Station, Trivandrum.

# എന്റെ ഗവേഷണചാതുര്യം

(ഉമയനല്ലൂർ, എം. ബാലകൃഷ്ണപിള്ള)

ലലാടന്തപമായ മദ്ധ്യവേനൽകാലം. ഉച്ചയ്ക്കു മൃഷ്ടാന്നഭോജനം കഴിഞ്ഞു അല്പം വിശ്രമിക്കുവാൻ ഞാൻ ഒരു ചാരുകസാലയിൽ കിടന്നു. 'എക്സ്റേ'യുടെ ആവിർഭാവത്തെപ്പറ്റി ഒരു ദീർഘലേഖനം ആയിടയിൽ ഒരു അമേരിക്കൻ മാസികയിൽ കാണാൻകഴിഞ്ഞിരുന്നു. അതുംഎടുത്തുകൊണ്ടായിരുന്നു ഞാൻ കസാലയിൽ കിടന്നതു്. അന്തഃവയവങ്ങൾക്കു് ഒടിവോ ചതവോ സംഭവിച്ചാൽ 'എക്സ്റേ'കൊണ്ടു അതു കണ്ടുപിടിക്കുവാൻ കഴിയുന്നതു ഒരു അനുഗ്രഹംതന്നെ. ഒരുപുറത്തോളം ഞാൻ വായിച്ചു. എന്നാൽ അതിന്റെ അവസാനഭാഗങ്ങൾ എനിക്കു് അസ്പഷ്ടമായി തോന്നി. അക്ഷരങ്ങൾ താറുമാറായി എഴുതിയിരുന്നു. അതിനുശേഷം ഒരു ശൂന്യത. വെറും ധവളിമ. ഒന്നും അറിയാൻകഴിഞ്ഞില്ല. അപ്പോഴേക്കും ഒരു വലിയ ഗവേഷണശാല കാണായി. അനവധി ഗവേഷണയന്ത്രങ്ങൾ വലിയ മേശപ്പുറങ്ങളിൽ സജ്ജീകരിച്ചിരുന്നു. പ്രസരിപ്പുള്ള യുവതീയുവാക്കന്മാർ ഉൽക്കണ്ഠയോടെ ഓരോ ഗവേഷണയന്ത്രത്തേയും സമീപിച്ചു, അവധാനപൂർവ്വം പ്രവർത്തിക്കുന്നു. ഇലക്ട്രിക്കുപങ്കകൾ തട്ടിൽനിന്നും നിരപ്പിനു തൂങ്ങിക്കിടക്കുന്നു. ചിലതെല്ലാം അതിവേഗം ചുറ്റിത്തിരിയുന്നുണ്ടു്. അവയുടെ അധോഭാഗത്തു നിൽക്കുന്ന ഗവേഷണവിദഗ്ദ്ധകളുടെസാരിത്തുമ്പുകൾ മന്ദാനിലനിൽ ചാഞ്ചാടുന്നു. ഞാനോ ഒരു വലിയ ഗവേഷണയന്ത്രത്തെ അഭിമുഖീകരിച്ചിരിക്കയാണു്. 'എക്സ്റേ' പരീക്ഷണം. അതു സാധാരണമാതിരിയലുള്ള 'എക്സ്റേ'സെറ്റല്ല. അതിൽനിന്നു പുറപ്പെടുന്ന രശ്മികൾ അത്ഭുതപൂർവ്വമായ അമാനുഷമായ കഴിവുള്ളവയാണു്. ഈ നവീനമായ കണ്ടുപിടിത്തത്തോടുകൂടി ഞാൻ ലോകരംഗത്തു വളരെ ഉയരും. എഡിസനോ, ന്യൂട്ടനോ, ഫാരഡേയ്ക്കോ, മാർക്കോണിയ്ക്കോ സാധിക്കാത്ത മഹത്തായ നേട്ടം എനിക്കുണ്ടാകും. ശാസ്ത്രീയലോകത്തു ഞാൻ ഒരു നവയുഗം സൃഷ്ടിക്കും. സാമൂഹ്യസേവനത്തിൽ ഞാനൊരു പുതിയ സ്വർഗ്ഗം രൂപവൽക്കരിക്കും. എന്തൊരു കണ്ടുപിടിത്തമാണെന്റേതെന്നറിയാൻ നിങ്ങൾക്കു ജിജ്ഞാസയുണ്ടാകാം. പറയാം, ആ പുതിയ 'എക്സ്റേ' പരിശോധന എങ്ങനെയെന്നു്. സാമൂഹ്യജീവിതത്തിലോ, സമുദായസേവനത്തിലോ, മഹനീയസ്ഥാനം പ്രാപിച്ചിട്ടുള്ള അസുലഭവ്യക്തികൾപോലും ജീവിതദശയിൽ പല ജടിലകൃത്യങ്ങളും ചെയ്തിട്ടുണ്ടാവാം. അവർ ആത്മാർത്ഥതയുടെ അത്യുത്തി കണ്ടവരായിക്കൊള്ളട്ടെ, എന്നാലും അന്യരിൽനിന്നും ഒളിച്ചുവച്ചിട്ടുള്ള പലതും അവരിൽ അവശേഷിക്കുന്നുണ്ടാവാം. അതു കണ്ടുപിടിക്കാനുള്ള കഴിവു് ഒരു ഗവേഷണത്തിനും ഉണ്ടായിട്ടില്ല. ഒരു ശാസ്ത്രജ്ഞനും സ്വായത്തമായിട്ടില്ല. എന്നാൽ എന്റെ പുതിയ യന്ത്രവിധാനത്തിനു് അതിനു കഴിവുണ്ടു്. അതിൽനിന്നും പുറപ്പെടുന്ന രശ്മിസഞ്ചയം ഏതൊരാളിന്റെനേർക്കു തിരിക്കുന്നുവോ, അയാളിൽ മറഞ്ഞുകിടക്കുന്ന മലിനവശങ്ങൾ അതു സ്പഷ്ടമായി കാണിക്കും. അവയുടെ ഛായ ആ യന്ത്രം ഭംഗിയായി പകർത്തും. എന്തൊരത്ഭുതമായ കണ്ടുപിടിത്തമാണിതു്! കുറ്റാന്വേഷണവിദഗ്ദ്ധന്മാർ, ഫിംഗർപ്രിന്റ് എക്സ്പർട്ടുകൾ, എന്നിവരുടെ തലകാഞ്ഞുള്ള പരിശ്രമം ഇനി ആവശ്യമില്ല. ഇങ്ങനെയൊരു സൂത്രമുണ്ടെന്നറിഞ്ഞാൽ ആരും നിയമലംഘനത്തിനു തുനിയുകയില്ല. അഥവാ കുറ്റങ്ങൾ സംഭവിച്ചാലും എന്റെ യന്ത്രവിശേഷം കോടതികൾക്കു് എന്തൊരനുഗ്രഹമായിരിക്കും. കോടതിതന്നെയും അതിനെ ഭയപ്പെടുകയില്ലെന്നാർക്കറിയാം!

എന്റെ കണ്ടുപിടിത്തം ലോകാനുഗ്രഹാർത്ഥം വിനിയോഗിക്കാൻ ഞാൻ തീർച്ചയാക്കി. യന്ത്രവിശേഷം വിഷമംകൂടാതെ കൊണ്ടുനടക്കത്തക്കവണ്ണം പുതുതായി സൃഷ്ടിച്ചു. ഒരു ടച്ച്ലൈറ്റോളമേ [illegible]ിനു മുഴപ്പുള്ളൂ. ചിലരിലൊക്കെ ഇതു പരിക്ഷിക്കുവാൻ തീർച്ചയാക്കി. പക്ഷെ, എന്റെ കണ്ടുപിടിത്തത്തെപ്പറ്റി എല്ലാവരും അറിഞ്ഞു. പത്രങ്ങൾ മുക്തകണ്ഠം കീർത്തിച്ചു. ഞാൻ എവിടെയെങ്കിലും ഇറങ്ങിയാൽ ആളുകൾ സംഭ്രമിക്കയായി; ചെകിത്താനെപ്പോലെ എന്നെ ഭയക്കുകയായി. തിക്കും തിരക്കുമുള്ള പട്ടണങ്ങളിൽ ചെന്നാൽ അവിടെ വലിയ ബഹളമായി. പൈലട്ടില്ലാത്ത ജർമ്മൻ വിമാനത്തെപ്പോലെ ആളുകൾ കൂട്ടമായി ഓടുകയായി. സമുദായപ്രമാണികൾ, ഉദ്യോഗസ്ഥമേധാവികൾ, പൊതുജനനേതാക്കൾ, ബ്ലാക്കുമാർക്കറ്റുകാര്, രാഷ്ട്രമീമാംസകർ എന്നുവേണ്ട, സർവ്വോപരി സമാരാദ്ധ്യരായ വ്യക്തികൾപോലും എന്നെ—അല്ലാ—എന്റെ ഗവേഷണചതുരതയെ വല്ലാതെ ഭയന്നു. പല പൊതുസ്ഥാപനങ്ങൾക്കും ഉദാരസംഭാവനകൾ ചെയ്തിട്ടുള്ള അനിഷേധ്യനേതാക്കൾകൂടി ഭയന്നു. വിറച്ചു, കണ്ഠീരവനെക്കണ്ട കരിവരനെപ്പോലെ ഞാൻ എന്നിലേക്കുതന്നെ ആ യാന്ത്രികശക്തിയെ ഒന്നുതിരിച്ചാലോ! ശിവനേ! പല ബീഭത്സചിത്രങ്ങളും അതു പകർത്തും. വേണ്ടാ, അങ്ങനെയൊരു സ്വയംകൃതാനർത്ഥത്തിൽ ചാടേണ്ടാ. എന്തൊരു കണ്ടുപിടിത്തം! എന്റെ ഗവേഷണചാതുര്യമേ!

ഞാൻ ആയന്ത്രം ഒരു പ്രശസ്തനായ സ്നേഹിതന്റെ നേർക്കുതിരിച്ചു. അയാൾ കൈയിൽ ഇരുന്ന നെടുതായ വടികൊണ്ടു് എന്റെ തലയിൽ ഒരടി. ഞാൻ നടുങ്ങി "ഹെയ്, മിസ്റ്റർ എന്താ ഇത്ര ഉറക്കം" എന്നു ശാസിച്ചുകൊണ്ടു് മി: കെ. എസ്. മന്ദഹാസത്തോടെ അരികിൽ നിൽക്കുന്നു. കൈയിലിരിക്കുന്ന കടലാസ്ചുരുൾകൊണ്ടു് അദ്ദേഹം വീണ്ടും എന്റെ തലയിൽ അടിക്കാൻ ഓങ്ങുന്നു. ആവൂ! ഞാൻ കണ്ണുമിഴിച്ചു് അദ്ദേഹത്തെ നോക്കി.

—o—

## കാമബാണരസായനം
(മേഹരോഗകുലാന്തകൻ)

ഒരു വിദഗ്ദ്ധ ഭിഷഗ്വരനാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതും, മൂത്രച്ചുടിച്ചിൽ, പഴുപ്പുപോക്കു്, രക്തപോക്കു്, മുതലായ സകല ദുഷ്യങ്ങൾക്കും കൈകണ്ട ദിവ്യൌഷധം.

വില ടിൻ ൧-ക്കു ൧ രൂ.

മാനേജർ,
ബോംബെ മെഡിക്കൽഹാൾ,
കൊല്ലം

# പ്രകൃതിയുടെ പദ്ധതിയിൽ

(മൂന്നാംപേജിൽനിന്നും തുടർച്ച)

ഇനിയും നമുക്കു് മൂന്നാമത്തെ വിഭാഗത്തിൽപെട്ട അണുജീവികളെപ്പറ്റി അല്പം ആലോചിച്ചുനോക്കാം. ജന്തുജാലങ്ങളുടെയും സസ്യവർഗ്ഗങ്ങളുടെയും പലവിധ സുഖക്കേടുകൾക്കു് ബാക്ടീരിയങ്ങളാണു് ഉത്തരവാദികൾ. ടൈഫോയിഡു്, കോളറ, ന്യൂമോണിയ, ഡിഫ്ത്തീരിയാ, പ്ലേഗ്, ടെറ്റിനസ്, മിനിംഗൈറ്റിസ് ഇങ്ങനെ അനവധി പകർച്ചവ്യാധികൾക്കു് ഇടവരുത്തുന്ന ബാക്ടീരിയങ്ങളെപ്പറ്റി നമ്മുടെ ജ്ഞാനം ഇപ്പോൾ വർദ്ധിച്ചുതന്നെ വരുന്നു. 1884-ലാണു് റാബർട്ട് കോഷ്കോളറ ബാക്ടീരിയയെ ആദ്യമായി കണ്ടുപിടിച്ചതു്. അതിൽപിന്നെ പല സ്ഥലങ്ങളിൽ അത്യധികം ഗവേഷണങ്ങൾ നടത്തിയതിന്റെ ഫലമായി നൂതനബാക്ടീരിയാകളെപ്പറ്റിയും നൂതനമായ ചികിത്സാമാർഗ്ഗങ്ങളെപ്പറ്റിയും നമുക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. മസൂരി, മുണ്ടിനീരു് Measles മുതലായവ 'വയറസ്സ്'കൾ വരുത്തുന്ന സുഖക്കേടുകളാണു്. മസൂരിയെ തടയുവാൻ കുത്തിവെയ്പ്പു് വളരെ ഉപകരിക്കുമെന്നും 1769-ൽ ആദ്യമായി ജെന്നർ കണ്ടുപിടിച്ചു. തദർത്ഥകാരിചികിത്സകൾ എന്നു ആയുർവേദത്തിൽ പറയുന്നതും പാശ്ചാത്യരാജ്യങ്ങളിൽ വളരെ പ്രചാരത്തിൽ ഇരിക്കുന്നതുമായ ചികിത്സാവിധികളെയാണു് Vaccine therapy Serum therapy, Chemo therapy എന്നു പറയുന്നതു്. നമ്മുടെ രാജ്യത്തും ഇത്തരം ചികിത്സകൾക്കു് ഇപ്പോൾ നല്ല പ്രചാരം വന്നിട്ടുണ്ടു്. ഇന്നു ലോകത്തു എത്ര മരണങ്ങളാണു് നമ്മുടെ ഈ വിജ്ഞാനംകൊണ്ടു് തടഞ്ഞുവരുന്നതെന്നതിനു് കണക്കില്ല.

മനുഷ്യനെ സംബന്ധിച്ചിടത്തോളം പാൽ, വെള്ളം തുടങ്ങിയ ഭക്ഷ്യസാധനങ്ങളിലും ചെടികളെ സംബന്ധിച്ചിടത്തോളം അവകൾ വളരുന്ന മണ്ണിലും ഉള്ളതായ ബാക്ടീരിയകളാണു രോഗകാരികൾ. പാൽ ആണത്രേ ബാക്ടീരിയയ്ക്കു് വളരാൻ ഏറ്റവും യോജിച്ചസാധനം. കറന്നെടുക്കുന്ന സമയംമുതൽ അതു നാം ഉപയോഗിക്കുന്ന സമയംവരെ അതിൽ അണുജീവികൾ കടന്നുകൂടുന്നുണ്ടു്. കുടിക്കുവാനുപയോഗിക്കുന്ന പാലിന്റെ അശുദ്ധികൊണ്ടാണു് പല സുഖക്കേടുകളും ഉണ്ടാകുന്നതു്. സാധാരണയായി പാസ്ചറൈസേഷൻ എന്ന ശുദ്ധീകരണക്രിയക്കു ശേഷമേ പാൽ ഉപയോഗിക്കാവൂ. [145°F—150°F-നും ഇടയിൽ അരമണിക്കൂർനേരത്തേക്കു് ചൂടാക്കിവെച്ചു് ക്ഷണത്തിൽ 55°F-ലേക്കു് തണുപ്പിക്കുന്ന വിധത്തിനാണു് പാസ്ചറൈസേഷൻ എന്നു പറയുന്നതു്] വെള്ളവും അണുജീവികളുടെ ഒരുപ്രധാനസങ്കേതംതന്നെ. എത്ര ശുദ്ധമായുള്ളതായാലും കുടിക്കാൻഉപയോഗിക്കുന്ന വെള്ളം തിളപ്പിച്ചതായിരിക്കണമെന്നു് നിർബ്ബന്ധമാക്കിയാൽ പല രോഗഹേതുക്കളേയും നമുക്കു് ഒഴിക്കുവാൻ കഴിയും. ദേഹത്തു് മുറിവുള്ള ഭാഗങ്ങളുണ്ടായാൽ അവ നല്ലവണ്ണം കെട്ടാതിരിക്കുന്നതു് അണുജീവികളെ സ്വാഗതംചെയ്യുകയാകുന്നു. മനുഷ്യദേഹത്തിന്റെ ഓരോ പ്രവേശനദ്വാരങ്ങളിൽക്കൂടിയും അശ്രദ്ധയായി കരുതുന്ന മുറിവുകളിൽക്കൂടിയും അണുജീവികൾ അകത്തു കടന്നുകൂടുന്നു. നാം അറിയാതെയും ചിലപ്പോൾ ഒഴിച്ചുകൂടാൻവഹിയാത്ത ദിക്കുകളിൽനിന്നും അവ നമ്മുടെ ദേഹത്തിൽ കടന്നുകൂടും. നമുക്കു് നിത്യോപയോഗമുള്ളതായ കാള, പശു, കുതിര, ആടു്, പന്നി മുതലായമൃഗങ്ങളിലും നമ്മുടെ ഗൃഹങ്ങളിൽ മിക്കവാറും കാണപ്പെടുന്ന ഈച്ച, കൊതുകു്, എലി മുതലായ പല ജന്തുക്കളിലുംനിന്നു് മനുഷ്യദേഹത്തിലേക്കു് രോഗഹേതുക്കളായ അണുക്കൾ കടന്നുകൂടുന്നുണ്ടു്. ഈച്ചയെപ്പോലെ ശത്രുവായും ഉപദ്രവകരമായും ഒരു ജീവി മനുഷ്യനു ഇല്ലതന്നെ. ഉഷ്ണകാലങ്ങളിൽ ഉണ്ടാകുന്ന വയറുകടിയുടെ കാരണം ഈച്ചകളിൽനിന്നും ഭക്ഷണസാധനങ്ങളിലേക്കു പകരുന്ന അണുക്കളാണു്. പകർച്ചവ്യാധികളിൽവച്ചു് മരണഹേതുവും ഒഴിച്ചുനിർത്തുവാനുള്ള സ്വതസ്സിദ്ധമായ ശക്തി മനുഷ്യനു് ഇല്ലാത്തതുമായ ഒരു സുഖക്കേടാണു് പ്ലേഗ്. നമ്മുടെ വീടുകളിൽ കാണപ്പെടുന്ന എലികളാണു് ഇതിൽ സംബന്ധിക്കുന്ന അണുജീവികളെ പകർത്തുന്നതു്.

പേപ്പട്ടിവിഷത്തിലാണു് റേബീസു് എന്ന സുഖക്കേടിനു കാരണമായ വയറസ്സു് ജീവിക്കുന്നതു്. ഈ അണുജീവികൾ യേനകേനപ്രകാരേണ നമ്മുടെ രക്തവാഹിനികളിൽ കടന്നുകൂടികഴിഞ്ഞാൽ നമ്മുടെ ഇഹലോകസൗഖ്യം അസ്തമിച്ചു എന്നുതന്നെ പറയാം. വളർന്നു തുടങ്ങിയാൽ അല്പസമയംകൊണ്ടു് അതു സംഖ്യയില്ലാത്തോളം പെരുകി രക്തത്തിൽ അതിന്റെ വിഷമയമായ Foxins വിസർജ്ജിച്ചു ദേഹമാസകലം അസഹ്യവേദനയും കഠിനവ്യാധികളും ഉണ്ടാക്കുന്നു. ഇങ്ങനെ ഉണ്ടാകുന്ന ദുഃഖഭൂയിഷ്ഠമായ ജീവിതം മരണംകൊണ്ടു മാത്രമെ അവസാനിപ്പിക്കാൻ സാധിക്കൂ.

എന്നാൽ ഇവയെ പൊരുതുനിൽക്കാനുള്ള പ്രതിരോധശക്തി ഈശ്വരൻ മനുഷ്യനു സ്വതസ്സിദ്ധമാക്കിയിട്ടുണ്ടു് നമ്മുടെ ആരോഗ്യത്തെ പുലർത്തുന്ന കാര്യത്തിൽ നാം ബദ്ധശ്രദ്ധരായിരുന്നാൽ ഈ വ്യാധികളിൽനിന്നും നമുക്കു വിമുക്തരാകാം. "സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടാ" എന്നാണല്ലോ പഴമൊഴി.

ഇങ്ങനെ ഈ ചെറിയ ജീവികൾ സകല ചരാചരങ്ങളിലും അധിവസിച്ചു് അവയിൽ വരുത്തുന്ന മാറ്റങ്ങളെപ്പറ്റി പറയുകയാണെങ്കിൽ ഒട്ടധികം ഉണ്ടു്. പ്രകൃതിയുടെ പദ്ധതിയിൽ ഒരു വലിയ പങ്കു് നിർവ്വഹിക്കുന്ന ഈ ലഘുപ്രാണികളുടെ പ്രയോജനകൃത്യങ്ങൾ അവ വരുത്തിക്കൂട്ടുന്ന അനർത്ഥങ്ങളെപ്പോലെതന്നെ അനുപമവും അനന്യസാധാരണവുമത്രെ എന്നേ പറയാനൊള്ളൂ.

## വാഴക്കുന്നം കൃതികൾ

ഭാഗവതം ഓരോ അദ്ധ്യായവും ഓരോ ഭാഷാശ്ലോകമാക്കി സംഗ്രഹിച്ചതായ
"ലഘുഭാഗവതം ഭാഷ"
വില 1 രൂ. 4 ണ.

വാല്മീകിരാമായണം
ഓരോ സർഗ്ഗവും ഓരോ ഈരടിയാക്കി സംഗ്രഹിച്ചതായ
"രാമകഥാസുധ" വില 1 രൂ.

മാനേജർ, മംഗളോദയം, തൃശ്ശൂർ.

# 'ഇസ്'ങ്ങളുടെ പിന്നിൽ

—o—

(എസ്. വേലായുധൻപിള്ള എം. എ., എൽ. എൽ. ബി., ശങ്കരമംഗലം)

സോളമൻരാജാവു പറഞ്ഞ "സൂര്യനു താഴെ യാതൊന്നും പുതിയതായില്ലെന്നു" എന്തൊരു ആത്മവിസ്മൃതിയാണതു്? അദ്ദേഹത്തിനു മുൻപും പിൻപും ഒരു സോളമൻ രാജാവുണ്ടായില്ലാ. അദ്ദേഹം പുതിയതായിരുന്നില്ലേ?

മൃതകാലം മൃതകാലമായും, സത്യങ്ങൾ സത്യങ്ങളായുംതന്നെയിരിക്കും. അവ മാറുകയില്ല നമുക്കവയെമാററാനൊക്കുകയില്ല. എങ്കിലും—മറെറാരുതരത്തിൽ നോക്കിയാൽ—നാം അവയെ നിരന്തരമായി മാററിക്കൊണ്ടിരിക്കയല്ലേ? ഓരോ പുതിയ തലമുറയും, ഓരോ പുതിയ ജീവനും, ഓരോ പുതിയ വിശ്വത്തെ ചമക്കുകയല്ലേ?

പുതിയതിനുവേണ്ടിയുള്ള ഈ ഒരു തൃഷ്ണമാത്രം ലോകത്തിനു പുതുതല്ല. മതങ്ങളും, പരഃസഹസ്രം യുദ്ധങ്ങളും, ദൈനംദിനജീവിതത്തിലെ വിശ്രമഹീനമായ പരമാർത്ഥങ്ങളുടെ വ്യഗ്രതയും—എല്ലാം ഒരൊററ വ്യാഖ്യാനമുൾക്കൊള്ളുന്നു, മനുഷ്യനെ അവന്റെ പരിസരങ്ങൾ തൃപ്തിപ്പെടുത്തുന്നില്ലെന്നു്. ബുദ്ധിയുള്ള മനുഷ്യന്റെ ദൃഷ്ടി ഭാവിയിലേക്കു് നീണ്ടിരിക്കും. അവനു് ഈ ലോകത്തെ ഉടച്ചുവാർക്കണം. ഒരു നൂതനവ്യവസ്ഥ കൈവരുത്തണം. അവനു് അവന്റെ ചുററിനുമുള്ള ഈ ലോകത്തിൽ വിശ്വാസമില്ല. ഈ ലോകം - കള്ളവും ചതിയും ക്രൂരതയും നിലവിളിയും—അന്തമററ വിപത്തുകൾ നിറഞ്ഞ ഈ ലോകം അവൻ തകർക്കും. അവന്റെ വിശ്വാസം മോഹനതരമായ ഒരു ലോകവ്യവസ്ഥയിലാണു്. ഈ ബലമററ വിശ്വാസമാണു് പുരോഗതിയുടെ—നവീനതകളിലേക്കു് സംക്രമിക്കുന്ന ജീവിതയത്നത്തിന്റെ—അധിഷ്ഠാനം.

മതങ്ങളുണ്ടായി. ഇത്ര നൈരാശ്യജനകമായ പ്രസ്ഥാനം ലോകത്തിൽ മറെറാന്നില്ല. ഏററവും കൂടുതൽ രക്തച്ചൊരിച്ചിൽ, ഈ സമാധാനസ്ഥാപനങ്ങൾക്കുവേണ്ടിയാണുണ്ടായിട്ടുള്ളതു്. തത്വചിന്തകൻ ഉയർത്തിപ്പിടിച്ച ദീപത്തിലും ഏറെനേരം ലോകം നോക്കിനിന്നു. ഒടുവിൽ ലോകത്തിനു മനസ്സിലായി, ഈ ക്യാപ്പിററലിസ്റ്റും, തങ്ങളുടെ മനസ്സിലേക്കും ഉദരത്തിലേക്കും, ജീവിക്കുന്ന നിരവധി പരമാർത്ഥങ്ങളിലേക്കും ഇറങ്ങിവരികയില്ല; ഗഗനവിസ്തൃതിയിൽനിന്നു്, വായുമണ്ഡലത്തിനോടുമാത്രം സംസാരിക്കുകയേയുള്ളുവെന്നു്. നല്ലൂൺ ഖണ്ഡമില്ലാതെവന്നപ്പോൾ മനം വലപിച്ചു, എല്ലാം കർമ്മമാണു്, അല്ലാതെന്തു പറയട്ടെ തത്വചിന്ത പുച്ഛിച്ചു, "വിശപ്പോ? മായം; അതു നിന്റെ തോന്നൽ മാത്രമാണു്. ഹ! ഹ! ഹ!"

ലോകത്തിനെന്താവശ്യമാണിവരെയൊക്കെ? ലോകത്തിന്റെ ആവശ്യം ജീവിക്കയെന്നുള്ളതാണു്. ഇവരണ്ടും ജീവന്റെ തത്വത്തെ നിഷേധിക്കുന്ന നിഷേധത്തിന്റെ പട്ടികയിൽ ഇവരണ്ടും ധാരാളം എഴുതുവാനുണ്ടു്. ജീവിതത്തിൽ അംഗീകരിക്കത്തക്കതായി ഇവരണ്ടും യാതൊന്നും കണ്ടില്ല. ലോകം ശാസ്ത്രത്തിന്റെ ഇരുമ്പുകൈകളിലേക്കു മൂർച്ഛിച്ചു വീണു.

ശാസ്ത്രത്തിന്റെ കൈയിൽ ലോകത്തിനു ഒരു ആശ്വാസസന്ദേശം ലഭിച്ചു. മനുഷ്യചരിത്രത്തിൽ ആദ്യമായി ജീവിതം ഒരു പരമാർത്ഥമായി അംഗീകരിക്കപ്പെട്ടു. ജീവിതം ഒരു സ്വായം നിഷേധപ്രസ്ഥാനമാണെന്ന താക്കീതിനുപകരം, ജീവിതം ജീവിക്കാനാണെന്നുള്ള വിശ്വാസം അവരോധിക്കപ്പെട്ടു. ഡാർവിന്റെ, 'വർഗ്ഗങ്ങളുടെ ഉത്ഭവം' The Origin of the Species) റൂസ്സോവിന്റെ Socialcontract കാറൽമാർക്സിന്റെ ക്യാപ്പിററൽ, ഫ്രായ്ഡിന്റെ മനഃശ്ശാസ്ത്രതത്വങ്ങൾ—ഇവ ചിന്താമണ്ഡലത്തിൽ ഒരു മഹാവിപ്ലവം ഉളവാക്കി. വിശ്വം, സർഗ്ഗസ്ഥനായ പിതാവിന്റെ ആശീർവാദത്തെ പണിയാണെന്നു വിശ്വസിച്ച ലോകം പരിണാമവാദം കേട്ടമ്പരന്നു. നൂററാണ്ടുകളോളം ആദരിച്ചുപോന്നതും എതിർക്കാൻ ധൈര്യം പോരാതിരുന്നതുമായ ഒരു സാമൂഹ്യസ്ഥിതിയെ മനുഷ്യത്വത്തിന്റെ പേരിൽ നേരിടാൻ റൂസ്സോ ഉദ്ബോധിപ്പിച്ചു "എല്ലായിടത്തും മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു; പക്ഷേ എല്ലായിടത്തും അവൻ അടിമയാണു്." മാർക്സാകട്ടെ—മനുഷ്യനിലും യത്നത്തിലും വിശ്വസിച്ചുകൊണ്ടു, മനുഷ്യന്റെ കഴിവുകൾക്കതീതമായി യാതൊന്നുമില്ലെന്നു് ഉദ്ഘോഷിച്ചു ഫ്രായിഡിന്റെ പരീക്ഷണങ്ങൾ വെളിവാക്കിയതു്, മനുഷ്യൻ ഏതാനും വികാരങ്ങൾ നയിക്കയും നിയന്ത്രിക്കയും ചെയ്യുന്ന ഒരു യന്ത്രമാണെന്നാണു്. പാപത്തിന്റെ പേരിൽ ലോകം ഭയന്നുപോന്ന പാപവും, മനസ്സിന്റെ നൈസർഗ്ഗികമായ പ്രചോദനങ്ങളുടെ ഫലമാണെന്നു് അദ്ദേഹം അപഗ്രഥനംകൊണ്ടു മനസ്സിലാക്കി.

ഇങ്ങനെ മാമൂലിന്റെ പഴയ പാഠം ചൊല്ലൽ എന്നന്നേക്കുമായി ബഹിഷ്കൃതമായപ്പോൾ—പുതിയ ആശയങ്ങളുടെ സമ്മർദ്ദത്താൽ ലോകവ്യവസ്ഥയുടെ ആണിക്കല്ലുവരെ ഒന്നുകുലുങ്ങി. മൂല്യങ്ങൾക്കു വ്യതിയാനം നേരിട്ടു. ജീവിതത്തിന്റെ പ്രേരണയ്ക്കു—മതാരംഭകാലംമുതൽ നിർദ്ദയം അടയ്ക്കപ്പെട്ടിരുന്ന ഭീമമായ ഒരു സ്വാതന്ത്ര്യവാഞ്ഛയ്ക്കു മോചനംകിട്ടി. ജീവിതം മററന്തിനേയുംകാൾ വിലമതിക്കപ്പെട്ടു. ഈ അവസ്ഥയും അതിന്റെ തത്വചിന്തകനെ പ്രസവിക്കാൻകഴിഞ്ഞു. മണ്ണിൽതന്നെ കാലുറച്ചുനിന്ന ആദ്യത്തെ തത്വചിന്തകൻ—ജർമ്മൻകാരനായ നീഷേ (Neitsche)

പുതിയ ശബ്ദങ്ങളുടെ മാറെറാലി ഉയർന്നപ്പോൾ ഈ യുഗം ഒരു ക്ഷമകെട്ട യുഗമായി. ഒരു പുതിയ ജീവിതവ്യവസ്ഥയ്ക്കുവേണ്ടി സാധനങ്ങൾ നിർമ്മിക്കയും ക്രയവിക്രയം നടത്തുകയും ചെയ്യുന്ന ഒരു മഹാപണവീഥിയായി ലോകം. അവിടത്തെ വ്യഗ്രതനിറഞ്ഞ അന്തരീക്ഷത്തിൽ, അവിടത്തെ നിഖിലശബ്ദങ്ങളിലുംകൂടി ഒരൊററ ലക്ഷ്യത്തിന്റെ പേർ മുഴങ്ങിക്കൊണ്ടിരുന്നു. ഒരു പുതിയ ജീവിതം; ഒരു നല്ല ലോകം.

ജീവിക്കാനുള്ള വ്യഗ്രത; അക്ഷമ; ധൃതിപിടിച്ച പരീക്ഷണങ്ങൾ! മറെറന്താണു് ഇന്നു നാം കാണുന്നതു്?

ജനതാഹൃദയത്തിന്റെ ദർപ്പണമായ സാഹിത്യത്തിൽ ഈ ആവേശങ്ങൾ എങ്ങനെ പ്രതിഫലിച്ചുവെന്നു നോക്കാം. നൂററാണ്ടുകളായി, ഒരു മികച്ച യാഥാസ്ഥിതികശക്തിയായി, ജീവിച്ച ക്ലാസിക്ക് പ്രസ്ഥാനത്തിന്റെ ഇരുമ്പഴികൾക്കുള്ളിൽനിന്നും രക്ഷനേടിയ സാഹിത്യം, റൊമാൻറിസിസം എന്ന ചെങ്കുപ്പായം ധരിച്ചു. ഏറെനാളായി അനുവാദം നിഷേധിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യം ലഭ്യമായതിന്റെ ഫലം ഉഗ്രമാണെങ്കിലും ഉച്ഛൃംഖലമായ ഭാവനാവിലാസംകൊണ്ടു് അവർ ഗന്ധർവ്വലോകങ്ങൾ ചമച്ചു ജർമ്മൻ മഹാകവിയായ Haive ഈ സ്വാതന്ത്ര്യലബ്ധിയിൽ വികാരപരവശനായി പറഞ്ഞു; "റൊമാൻറിസിസം! ഹാ! അതു ക്രിസ്തുവിന്റെ രക്തത്തിൽ വികസിച്ച ഒരു രക്തപുഷ്പമാണു്" ഗഥേ ശപിച്ചു; "അതൊരു രോഗമാണു്."

റൊമാൻറിസിസത്തിന്റെ ഈ ഗഗനചാരിത്വം ചിലരെ നിരാശപ്പെടുത്തി. പത്തൊൻപതാം നൂററാണ്ടിൽ ഫ്രഞ്ചുകാരനായ എമിലിസോളാ പറഞ്ഞു. "ഇതാ ഞങ്ങളുടെ പുതിയ പ്രസ്ഥാനം! നാച്ചുറലിസം! ഗ്രന്ഥകാരന്റെ ചുമതല ശരിയായ തെളിവുകളും, പരമാർത്ഥങ്ങളും നിങ്ങളെ കാണിക്കുകയാണു്." മനുഷ്യരാശിയെ ഞങ്ങൾ കാണുന്നപോലെ, ഉള്ളതുപോലെ ചിത്രീകരിക്കയാണു ഞങ്ങൾ ചെയ്യുന്നതു്. അവിടെ ഞങ്ങളുടെ ജോലി തീരുന്നു. ഞങ്ങൾ പറയുന്നതു്, സകലതും തുറന്നുപറയുക സകലതിനും പരിഹാരമുണ്ടാകട്ടെ, എന്നാണു്."

സമുദായപരിഷ്കരണത്തിനു നാടകകലയെ ശക്തിയുക്തമായ ഒരു ഉപകരണമാക്കിക്കൊണ്ടു നോർവേയിൽ ഇബ്സന്റെ റീയലിസ്റ്റു് നാടകങ്ങൾ പുറപ്പെട്ടുതുടങ്ങി.

നാച്ചുറലിസവും റീയലിസവും അർത്ഥസാമ്യംകൊണ്ടു അമ്പരപ്പിക്കുന്ന രണ്ടു സംജ്ഞകളാണു്. രണ്ടും ഒന്നുതന്നെ, എന്നു മനസ്സിലാക്കിയിരുന്ന അദ്വൈതവാദികളും ധാരാളമുണ്ടു്. ഒരു നാച്ചുറലിസ്റ്റു് സർവ്വസാധാരണമായ പരിതഃസ്ഥിതികളിൽ സർവ്വസാധാരണത്വംമാത്രം ആരോപിച്ചു കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു. അവർ സാധിക്കുന്നതു്, മനുഷ്യൻ മിക്കവാറും പരിതഃസ്ഥിതികളുടേയും പാരമ്പര്യത്തിന്റേയും സൃഷ്ടിയാണെന്നു വെളിപ്പെടുത്തുകയാണു് അവർക്കു കൂടുതലായി ഒന്നും പറയാനില്ല. റീയലിസത്തിൽ നാടകകർത്താവു് ആദ്യമായിട്ടു പരിസരങ്ങളും ഘട്ടങ്ങളുമാണു നിർമ്മിക്കുന്നതു്. അതിനുശേഷം അവയ്ക്കനുരൂപമായി കഥാപാത്രങ്ങളെ സൃഷ്ടിച്ചു്, അവരിൽക്കൂടെ ഗ്രന്ഥകാരൻ മൗലികമായി വിശ്വസിക്കുന്ന ചില അഭിപ്രായങ്ങൾ പ്രകാശിപ്പിക്കുന്നു. അങ്ങിനെ അതിനാൽക്കൂടെ ഒരർത്ഥംനൽകി ജീവിതവിമർശനം സാധിക്കുന്നു.

റീയലിസത്തിൽനിന്നു ജന്മമെടുത്തവയാണു് ആശയനിഷ്ഠനാടകങ്ങൾ (Play of Ideas) പ്രശ്നനാടകങ്ങൾ (Problem Plays) അഭിപ്രായനിഷ്ഠനാടകങ്ങൾ (Play of Opinions) എന്നിവയെല്ലാം.

സിംബോളിസം സാധാരണ സങ്കേതങ്ങൾകൊണ്ടു് ആത്മീയമൂല്യങ്ങളെ സൂചിപ്പിക്കുകയാണു ചെയ്യുന്നതു്. റൊമാൻറിക്ക് നാടകകർത്താവെന്നു വിശ്രുതനായ മേററർലിങ്കിനേപ്പോലെതന്നെ, റീയലിസ്റ്റായ ഇബ്സനും, നാച്ചുറലിസ്റ്റായ ഹാപ്റ്റുമാനും ഈ സാങ്കേതികപദ്ധതി സ്വീകരിച്ചിട്ടുണ്ടു്.

നാച്ചുറലിസവും, റീയലിസവും കേവലം ബാഹ്യമായതിനേക്കൊണ്ടു് തൃപ്തിപ്പെട്ടുവെന്നും, ഇവ രണ്ടും ആന്തരമായതിനേപ്പററി, മൂലകാരണങ്ങളെപ്പററി അശ്രദ്ധമാണെന്നും പരാതിയുണ്ടായി. Impress ionist ചിത്രകാരന്മാർ നഗരങ്ങളേയും നാല്ക്കാലികളേയും ത്രികോണാകൃതിയിൽ ചായമട്ടുനിർത്തി തുടങ്ങിയപ്പോൾ—ഈ പരാതി ഉച്ചത്തിലായി. ഈ വക പ്രസ്ഥാനങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് എക്സ്പ്രഷനിസം രംഗപ്രവേശം ചെയ്തു എക്സ്പ്രഷനിസവും ആദ്യം ചിത്രകലയിൽ പ്രത്യക്ഷപ്പെട്ടു. ചിത്രകലയിൽനിന്നു രംഗവിധാനകലയിലേക്കും, രംഗശില്പത്തിൽനിന്നും നാടകത്തിലേക്കും പകരുകയാണു ചെയ്തതു്.

നാച്ചുറലിസം, ഛായാഗ്രഹണയന്ത്രത്തിൽ പിടിച്ച ഒരു പടവും, റീയലിസം, മാഡലിനെവച്ചു് നിർമ്മിതമായ ഒരു എണ്ണച്ചായപ്പടവും, എക്സ്പ്രഷനിസം ഒരു എക്സ്റേ ഫോട്ടോയും ആണെന്നു പറഞ്ഞതു്, ഈ പ്രസ്ഥാനങ്ങളുടെ സ്വഭാവവിശേഷങ്ങൾ കൂടുതൽ ഗ്രഹണക്ഷമങ്ങളാക്കുമെന്നു തോന്നുന്നു.

എക്സ്പ്രഷനിസ്റ്റു് നാടകങ്ങൾ "കരയിലും കടലിലും ഉള്ള യാതൊന്നിനേയും പോലെ അല്ലാത്തവ." സംഭവങ്ങളുടെ സംഭാവ്യത വഗണിക്കപ്പെട്ടു; കഥാഘടന ബീഭത്സമായി; കഥാപാത്രങ്ങൾ വെളിയിൽനിന്നു ചലിപ്പിക്കപ്പെടുന്ന പാവകൾ മാത്രമായി. മനുഷ്യന്റെ 'അന്തർനാടകത്തെ' രംഗപ്രവേശം ചെയ്യിക്കുന്ന എക്സ്പ്രഷനിസ്റ്റു്, ജീവിതത്തിന്റേയും ലോകത്തിന്റേയും ബാഹ്യസത്യങ്ങളെ നിഷേധിച്ചു നിരങ്കുശനായി.

ഇതുകൊണ്ടും ലോകം തൃപ്തമല്ല. ഇന്നു്—ഇത്രയധികം 'ഇസ'ങ്ങളെ ചമയ്ക്കുകയും പരിശോധിക്കയും ചെയ്തതിനുശേഷം—ലോകത്തിനു മനസ്സിലായതു്, സത്യത്തിന്റെ താക്കോൽ ഏതെങ്കിലും ഒരു പ്രസ്ഥാനത്തിന്റെ കയ്യിലല്ലെന്നുള്ളതാണു്. ഈ പ്രസ്ഥാനങ്ങളെല്ലാം മുൻഗാമികളെ അപലപിച്ചുകൊണ്ടു ഞാൻ നല്ലതെന്നുപറഞ്ഞു മുന്നോട്ടുവന്നു. എന്തിനു നല്ലതു്? പോരാ പോരാ എന്നുള്ള മുറവിളിയും കൂടെത്തന്നെ ഉയർന്നു. എന്താണിനി പോരാ? 'ഇസ'ങ്ങളുടെ ചരിത്രം ഒന്നു പരിശോധിക്കുക. ഓരോന്നിൽനിന്നു മററോരോന്നിലേക്കു മറിയുമ്പോഴും, ഓരോന്നിനേയും തൂക്കിനോക്കുമ്പോഴും, സാഹിത്യത്തിന്റെ ലക്ഷ്യം എന്തായിരുന്നു? അന്നൊക്കെ അത്ര വിശദമായ രീതിയിൽ, സുസ്പഷ്ടമായ വാചകങ്ങൾകൊണ്ടു്, ആ ലക്ഷ്യം ഇന്നതെന്നു ആരും കുറിച്ചുവച്ചിരുന്നില്ലായിരിക്കാം. പക്ഷേ—ഇന്നത്തെ നമുക്കു് പുറകോട്ടു നോക്കുമ്പോൾ സംഗതികൾ പ്രകടമാകുന്നുണ്ടു്.

ജീവിതത്തെ സംബന്ധിച്ച സുവ്യക്തമായ ഒരു തത്വചിന്തയുടെയും, കലയുടെ പരമപ്രയോജനത്തെപ്പററിയുള്ള സുദൃഢമായ ഒരു ബോധത്തിന്റേയും ഫലമാണു സാഹിത്യത്തിലെ ഓരോ പ്രസ്ഥാനവും എന്നു സമ്മതിക്കുകതന്നെവേണം. എല്ലാററിനും അവയുടെ പ്രയോജനം ഉണ്ടായിരുന്നു എന്നും സമ്മതിക്കണം. ഓരോന്നും പൂർണ്ണതയുടെ സുവർണ്ണസിംഹാസനത്തിലേക്കു നയിക്കുന്ന സോപാനത്തിലെ ഓരോ പടികളായിരുന്നു എന്നെങ്കിലും വിസ്മരിക്കാവുന്നതല്ല. പക്ഷേ ഈ തത്വചിന്തകൾ പൂർണ്ണമായിരുന്നില്ല എന്നു കാലം വെളിപ്പെടുത്തി. അപൂർണ്ണമായ തത്വചിന്ത തെററിദ്ധരിപ്പിക്കുന്നു. പ്ലേറേറാ മനുഷ്യനെ നിർവചിച്ചതു് "തൂവലില്ലാത്ത ഒരു ഇരുകാലി" എന്നായിരുന്നു. മനുഷ്യനു് തൂവലില്ലാ; മനുഷ്യൻ ഇരുകാലിയാണു്. അവൻ ഈ നിർവചനത്തിൽ വ്യംഗ്യമായിരിക്കുന്നതുപോലെ മൃഗവുമാണു്. എല്ലാം സത്യം എങ്കിലും—എന്തൊരു ക്രൂരമായ കള്ളമാണു് പ്ലേറേറാ പറഞ്ഞതു്? അവന്റെ ഹൃദയത്തിൽ പൊൽത്താരുകളായി വിരിയുന്ന നൂറായിരം സ്വപ്നങ്ങൾ—അവന്റെ ത്യാഗങ്ങൾ, അവന്റെ നേട്ടങ്ങൾ, സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അവന്റെ ആകാംക്ഷ—എന്തെല്ലാമാണു് മനുഷ്യൻ! ഡയോജനീസിനു ഈ നിർവചനം സഹിച്ചില്ല. അദ്ദേഹം ഒരു കോഴിയെപിടിച്ചു് സകല തൂവലും നശിപ്പിച്ചു്, തെരുവിൽക്കൂടെ, രണ്ടുകാലിൽ നടത്തിച്ചുകൊണ്ടു് വിളിച്ചുപറഞ്ഞു. 'എല്ലാവരും നോക്കണേ, പ്ലേറേറാവിന്റെ മനുഷ്യൻവരുന്നു" അപൂർണ്ണമായ തത്വചിന്ത പരമാർത്ഥത്തെ നിഷേധിച്ചുവെന്നു വരാം.

ജീവിക്കാൻജനിച്ച മനുഷ്യൻ ജീവിച്ചുതന്നെ തീരണം. ജീവിതവുമായി ഒളിച്ചുകളിക്കുന്ന തത്വചിന്തകൊണ്ടു് ആർക്കും ഒരു പ്രയോജനവും ഇല്ലാ. കല ജീവിതത്തിന്റെ വ്യാഖ്യാനമാണെന്നു പറഞ്ഞപ്പോൾ, കലയുടെ പരമമായ ഉദ്ദേശം ജീവിക്കുവാൻ മനുഷ്യനെ സഹായിക്കുകയെന്നുള്ളതാണെന്നു് സ്പഷ്ടമായ . ഇതിനു ഓരോ പ്രത്യേക അനുഷ്ഠാനക്രമങ്ങൾ നിർദ്ദേശിക്കുകയല്ല—മനുഷ്യനെ മനുഷ്യനു മനസ്സിലാക്കിക്കൊടുക്കുകയാണു് ഏററവും പററിയതെന്നു ഇന്നത്തെ ലോകം കരുതുന്നു.

ഇന്നു, ഒരിസത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കാൻ കലാകാരൻ വിസമ്മതിക്കുന്നു. ഇതൊരു ട്രാജഡിയാണു്, ഇതു റൊമാൻസാണു്, ഇതു് എക്സ്പ്രഷനിസം ആണു്, എന്നു് ഇന്നത്തെ നാടകങ്ങളെ തരംതിരിക്കാനൊക്കുകയില്ല. ഇസങ്ങളുടെ ഉപരിതലത്തിലാണു് ഇന്നു കാവ്യകല ചരിക്കുന്നതു്. ബർനാഡ്ഷായുടെ 'മനുഷ്യനും അതിമാനുഷനും, റഷ്യൻആന്ദ്രേയേവിന്റെ He who gets slapped ഹംഗറിയിലെ അദ്വിതീയ നാടകകൃത്തായ മോൾനാറുടെ 'ലിലിയം', നാലുകൊല്ലംമുൻപു, ചെക്കോസ്ലോവക്കിയായിലെ സുപ്രസിദ്ധ സാഹിത്യനായകനായ, കാറൽകപ്പെക്കു് എഴുതിയ 'അമ്മ' എന്ന നാടകം, ഇഷർ ഉഡ് ആൻഡ് ആഡെൻ (Isher wood & Awden) കൃതികൾ—ഇവയിലെല്ലാം തെളിയുന്ന വസ്തുത മററൊന്നുമല്ല. ഓരോ ഇസവും ജീവിതത്തിന്റെ ഓരോ വശത്തിൽ നിർബന്ധം പിടിച്ചിരുന്നു മർക്കടമുഷ്ടി, ആ പദം സൂചിപ്പിക്കുന്നതുപോലെതന്നെ—മനുഷ്യന്റെ അപരിഷ്കൃതാവസ്ഥയിലെ ഒരു സ്വഭാവവിശേഷമായിരുന്നു.

ഈ ശാസ്ത്രയുഗത്തിലെ ഏററവും വലിയ അൽഭുതം മനുഷ്യനാണു്. എന്തെല്ലാമാണു മനുഷ്യനേപ്പററി ഇന്നു നമുക്കറിവാൻ ഇടയായിട്ടുള്ളതു്. ഈ വിജ്ഞാനഭണ്ഡാഗാരത്തെ പ്രയോജനപ്പെടുത്തുവാൻ ഇന്നത്തെ കലാകാരൻ യത്നിക്കും. മരിച്ച നൂററാണ്ടുകളുടെ അന്ധവിശ്വാസങ്ങളിൽതന്നെ ബുദ്ധി മന്ദിച്ചുകിടക്കണമെന്നു് ബുദ്ധിയുള്ളവരാരും അവനോടാജ്ഞാപിക്കയില്ല.

തെററുകൾ തിരുത്തി, ഹൃദയംഗമമായ ഒരു പുതിയ ലോകവ്യവസ്ഥ കൈവരുത്തുവാനാണിന്നു സാഹിത്യത്തിന്റെ യത്നം. കഴിഞ്ഞ കാലങ്ങളിലെ പരാജയങ്ങൾ മനുഷ്യനെ കൂട്ടാക്കാതെയുള്ള തത്വചിന്തയുടെ ഫലങ്ങളാണെന്നു് ഇന്നു ബോദ്ധ്യപ്പെട്ടു. മനുഷ്യനു അവനെത്തന്നെ കൂടുതൽ മനസ്സിലാകട്ടെ. അങ്ങിനെ തെററുകൾ തിരുത്തപ്പെടും. ഇന്നത്തെ കല ജീവിതത്തിന്റെ സഖിയാണു്. ജീവിതം—കാലം തെളിയിച്ചുപോയി—ഒരു ഇസ

(ശേഷം ആറാംപേജിൽ)

# ജയിൽപ്പുള്ളി

ഉള്ളൂർ ആർ. ഗംഗാധരൻപിള്ള ബി. എ.

ജയിൽപ്പുള്ളി, അതേ അതു ശപിക്കപ്പെട്ട ഒരു പദം തന്നെ. അതിലും വിശേഷിച്ചു കൊലക്കുററം മുതലായ ഭയങ്കരകൃത്യങ്ങൾക്കു ശിക്ഷിക്കപ്പെട്ടു ജയിൽവാസം അനുഭവിക്കുന്ന കൊലപ്പുള്ളികളെ ജനങ്ങൾ വെറുക്കയും വർജ്ജിക്കയും ചെയ്യുന്നു. കൊള്ള, കൊലപാതകം മുതലായ കൊടുംകുററങ്ങൾ ചെയ്തിട്ടുള്ളവരാണു ജയിൽസാമ്രാജ്യത്തിലെ ഭൂരിപക്ഷം. രാഷ്ട്റീയ കുററങ്ങൾക്കു ശിക്ഷിക്കപ്പെട്ടവർ ജയിൽസാമ്രാജ്യത്തിലെ 'ന്യൂനപക്ഷസമുദായം' മാത്രമാണു്. അതിനാൽ ജയിൽപ്പുള്ളി എന്നു കേൾക്കുമ്പോൾ സാധാരണ ജനങ്ങൾ നെററി ചുളിക്കയും വൈരസ്യം ഭാവിക്കയും ചെയ്യുന്നതിൽ അതിശയിക്കാനില്ല. ഉത്തമമായ മാനസികപ്രചോദനംകൊണ്ടും സ്വാതന്ത്ര്യവാഞ്ഛകൊണ്ടും ഒരുകൂട്ടർ കാരാഗൃഹവാസം സ്വയം വരിക്കുമ്പോൾ മറേറക്കൂട്ടർ പരിതഃസ്ഥിതികളുടെ പ്രാതികൂല്യംകൊണ്ടും വിവേകരഹിതവും വികാരാധീനവുമായ പ്രവൃത്തികൾകൊണ്ടും അവയുടെ ഫലം അനുഭവിക്കുന്നതിനു നിർബ്ബന്ധിതരായി കാരാഗൃഹത്തിലേക്കു നയിക്കപ്പെടുന്നു.

ഞാൻ ഒരു കൊലപ്പുള്ളിയായി, കൊലപ്പുള്ളി. കൊലക്കുററത്തിനായി ശിക്ഷിക്കപ്പെട്ടവൻ എന്നു മാത്രമല്ല, കൊലക്കുററം യഥാർത്ഥത്തിൽ ചെയ്തവൻ. അക്കാര്യത്തിൽ ന്യായാധിപനു തെററുപററിയില്ല. ഒരു ഘാതകൻ തന്നെയായിരുന്നു ഞാൻ. ഞങ്ങളുടെ ദിക്കിലെ—ആ വെറുക്കപ്പെട്ട പേർ ഞാൻ ഉച്ചരിക്കുന്നില്ല. അയാളും മനുഷ്യനായിരുന്നു. മാത്രമോ ധനവാൻ, നാട്ടുകാര്യസ്ഥൻ പോരെങ്കിൽ ഉത്കൃഷ്ടകുലജാതൻ. നാട്ടിലെ സാമാന്യജനങ്ങളുടെ ജീവരക്തം ഊററിക്കുടിച്ചു് വീർത്തുതടിച്ച ഒരു മനുഷ്യാധമൻ അവൻെറ കഥ കഴിഞ്ഞതിൽ അയൽവാസികൾ ഇപ്പോഴും ആഹ്ലാദിക്കുന്നു ഇര സമ്പാദിക്കുന്നതിനായിട്ടാണു എട്ടുകാലി വലകെട്ടുന്നതു്. എന്നാൽ ഈ ദുഷ്ടനാകട്ടേ, അയാളുടെ മടിശ്ശീല വീർപ്പിക്കുന്നതിനായി വീശിയ സൂത്രവലകളിൽ അനേകം സാധുജനങ്ങൾ കുരുങ്ങിവീണു നട്ടംതിരിയുന്നതുകണ്ടു അട്ടഹസിച്ചു. എങ്കിലും അയാളെ കൊല്ലണമെന്നു എനിക്കു അശേഷം ആഗ്രഹം ഉണ്ടായിരുന്നില്ല. അധികാരപ്രമത്തതകൊണ്ടു അയാൾ എന്നോടു കയർത്തപ്പോൾ അയാളെ ഒരു നല്ല പാഠം പഠിപ്പിക്കണമെന്നേ ഞാൻ വിചാരിച്ചുള്ളു എന്നാൽ വികാരം വിവേകത്തെ അധഃകരിക്കുന്ന ചില സന്ദർഭങ്ങൾ ഉണ്ടു്. എന്തിനേറെ, ഞങ്ങളുടെ വാക്‌സമരം മൂർച്ഛിച്ചു് ആ അധമൻെറ ജീവരക്തത്തിൽ എൻെറ സന്തതസഹചാരിയായ പേനാക്കത്തി മജ്ജനംചെയ്തു....

നരകസമാനമായി തോന്നിയിട്ടുള്ള ഘട്ടങ്ങൾ ജീവിതത്തിൽ വിരളമല്ല. നിരാശനായി ആത്മഹത്യയ്ക്കൊരുമ്പെട്ടിട്ടുള്ള ഘട്ടങ്ങളും ഞാൻ നല്ലപോലെ ഓർക്കുന്നു. എന്നാൽ അതൊന്നും, ഇക്കഴിഞ്ഞ ഏതാനും ദിവസം ഞാൻ ജയിലിൽ അനുഭവിച്ച യാതനകൾപോലെ അസഹ്യമായി തോന്നിയിരുന്നില്ല. പറക്കുന്ന പറവകളോടും പുഞ്ചിരി തൂകുന്ന പുഷ്പങ്ങളോടും കൂടിയ ഈ ലോകത്തെ വിട്ടുപോകുന്നതിൽ എനിക്കു



വെസൂവിയസ് അഗ്നിപർവ്വതം പൊട്ടുന്ന വേളയിൽ എടുത്ത ചിത്രം

കഴിഞ്ഞ എഴുപതുവർഷത്തിനുപരം കാലം ഉണ്ടായിട്ടുള്ളതിലേയ്ക്കും ഏററവും വലിയ പൊട്ടൽ. ഈയിടെ സഖ്യസേനകൾ ഇററലിയിൽ ആൻസ്യോരംഗത്തുനിന്നു് ആക്രമണംനടത്തിയ വേളയിൽ വെസൂവിയസ് പർവ്വതത്തിൻെറ എല്ലാ വശത്തേയ്ക്കും തിളഞ്ഞുമറിഞ്ഞ ലാവ പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന ഇടിനാദത്തോടുകൂടിയുള്ള മിന്നൽ അന്തരീക്ഷത്തിൽ ദൃശ്യമാകുന്നതാണു് ചിത്രം.

ഉൽക്കടമായ ശോകം ഉണ്ടായി. അവസാന മുഹൂർത്തം, അതേപ്പററി ആലോചിച്ചപ്പോൾ ഞാൻ വേപഥുഗാത്രനായി, ശരീരമാസകലം സ്വേദകണങ്ങൾ നിറഞ്ഞു ജീവിതത്തെക്കുറിച്ചു് എത്രയെത്ര മധുരസ്വപ്നങ്ങളാണു ഞാൻ കണ്ടിരുന്നതു്. ഹൃദയമുകുരത്തിൽ ഭൂതകാലചരിത്രത്തിലെ പല മനോഹര ചിത്രങ്ങളും അണിനിരന്നു പ്രതിഫലിച്ചു. ദരിദ്രനെങ്കിലും എനിക്കും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അവകാശമുണ്ടായിരുന്നു. സ്നേഹിക്കയും സ്നേഹിക്കപ്പെടുകയും ഞാൻ ചെയ്തിരുന്നു. എന്നാൽ ഞങ്ങളുടെ പ്രണയകുസുമം വികസിച്ചു പരിമളം പരത്താൻ കാലമാകുന്നതിനുമുൻപ് ദുർഭാഗ്യമാകുന്ന പുഴുക്കുത്തേററു അതു പൊടിഞ്ഞുപോയി. ഇനി ഇഹലോകത്തിൽ എൻെറ പ്രണയഭാജനത്തെ ഒരു നോക്കുകൂടി കാണുവാൻ എനിക്കു കഴിയുമോ? ഞാൻ പടുത്തുകെട്ടിയിരുന്ന മനോഹരസൌധങ്ങൾ തകർന്നു തരിപ്പണമാകുന്ന കാഴ്ച, എന്നെ ഭ്രാന്തചിത്തനാക്കി. മനുഷ്യജീവിതം എത്ര ദുരിതസമ്പൂർണ്ണമായിരുന്നാലും അഭികാമ്യമാണെന്നുള്ളതിനു സന്ദേഹമില്ല. ജീവിതക്ലേശം കൊണ്ടു മരണം അഭിലഷിക്കുന്നവരുണ്ടു്: പക്ഷേ, മരണം— ഈ മൂന്നക്ഷരത്തെ ഭയപ്പെടാത്തവരായി അധികമാരും കാണുകയില്ല. വിശേഷിച്ചും ജീവിതസോപാനത്തിൻെറ ആദ്യപടികൾമാത്രം ആരോഹണംചെയ്തിട്ടുള്ള യുവാക്കന്മാർക്കു മരണം-അതും ദൈവനീതിയ്ക്കു വിപരീതമായി-വരിക്കേണ്ടിവരുമ്പോൾ ഉണ്ടാകാവുന്ന വിചാരഗതികൾ പറഞ്ഞറിയിക്കാൻ വാക്കുകൾ അസമർത്ഥങ്ങളാണു്. എൻെറ പ്രവൃത്തിയിൽ ഞാൻ എത്രകണ്ടു പശ്ചാത്തപിച്ചു, എത്രകണ്ടു കണ്ണുനീർ വർഷിച്ചു. ഇതു ന്യായാധിപൻ അറിയുമോ, അറിഞ്ഞാൽതന്നെ വകവെച്ചുതരുമോ?

ജീവിതത്തിലെ സകല ആശകളും വെടിഞ്ഞു അനിശ്ചിതവും ദുരൂഹവുമായ പരലോകയാത്രയ്ക്കു ഭാണ്ഡം മുറുക്കേണ്ടതുതന്നെ. ഒരാഴ്ചകൂടി ജീവിക്കുവാൻ എന്നെ ദയാലുവായ ന്യായാധിപൻ അനുവദിച്ചിട്ടുണ്ടു്. ഒരേ ഒരാഴ്ച, ഏഴുദിവസം. അവസാനദിവസത്തെപ്പററി ഓർക്കുമ്പോൾ ഞാൻ പരിഭ്രാന്തനാകുന്നു. ആക്കെങ്കിലും മനസ്സമാധാനത്തോടുകൂടി ആ മുഹൂർത്തത്തെ സമീപിക്കാൻ സാധിക്കുമോ? 'എന്തിനു വ്യസനിക്കുന്നു' അന്തഃകരണം എന്നോടു മന്ത്രിച്ചു. 'തനിയ്ക്കധികാരമില്ലാത്തതിനെ അപഹരിക്കാൻ എന്തുകൊണ്ടു ധൈര്യപ്പെട്ടു?' എനിയ്ക്കുത്തരമില്ല. എങ്കിലും അതിസൂക്ഷ്മവും അതിദുർബ്ബലവുമായ ഒരു ശബ്ദം എന്നോടു പറഞ്ഞു. 'മനഃപൂർവ്വമല്ലാതിരുന്ന നിങ്ങളുടെ തെററു ദൈവം ക്ഷമിക്കും' പക്ഷേ ഇതെങ്ങനെ സാധിക്കും? എൻെറ ശുഭപ്രതീക്ഷയുടെ കൂടുതൽകൊണ്ടുള്ള മാനസികവിഭ്രമമായിരിക്കാനേ തരമുള്ളു

ഇല്ല, ഈശ്വരൻ പരമകാരുണികനാണു്. ഏററവും അസംഭാവ്യങ്ങളെന്നുതോന്നുന്നവപോലും സംഭാവ്യങ്ങളാകുന്നു. തുലാമാസത്തിലെ ചൈത്രപ്രഭാതം ഉദയംചെയ്തു. ഒരു മൃതസഞ്ജീവനിയേയും വഹിച്ചുകൊണ്ടു ഉദയംചെയ്ത ആ തിരുനാൾപുലരി അനന്യസാധാരണമാംവണ്ണം അഴകുള്ളതായിരുന്നു. ഏതോ മഹാത്ഭുതം സംഭവിക്കാൻപോകുന്നുഎന്നതിനു സന്ദേഹമില്ലായിരുന്നു. എന്തെന്നാൽ എട്ടുകൊല്ലത്തിനുമുമ്പുള്ള തുലാമാസത്തിലെ ചൈത്രപ്രഭാതവും ഇതുപോലെ ആകർഷകമായിരുന്നു. 'തിരുവിതാംകൂറിൽ ഇന്നുമുതൽ വധശിക്ഷ നിറുത്തലാക്കിയിരിക്കുന്നു.' പ്രഥമശ്രവണത്തിൽ ആരും വിശ്വസിച്ചില്ല. കണ്ണു വഞ്ചിക്കയും കാതു കബളിപ്പിക്കയുമാണെന്നു ഓരോരുത്തരും വിചാരിച്ചു. ഈ വർത്തമാനം കണ്ണാകണ്ണികയാ ജയിലിലും എത്തി. ഞങ്ങളുടെ ആഹ്ലാദത്തിനു അതിരുണ്ടായിരുന്നില്ല. നരകത്തിൽനിന്നും സ്വർഗ്ഗത്തിലേയ്ക്കു്, മരണത്തിൽനിന്നും ജീവിതത്തിലേയ്ക്കു എത്രയെത്ര ആത്മാക്കൾ സമുദ്ധരിക്കപ്പെട്ടു! ദ്വിതീയജന്മം കിട്ടിയതുപോലെയായിരുന്നു എൻെറ അവസ്ഥ. ഹർഷോന്മാദലഹരിയിൽ പരിതഃസ്ഥിതികളെ മറന്നു ഞാൻ ആർത്തു വിളിച്ചു.

'ജയജയ ചിത്തിരഭൂപൻ!
ജയജയ മാമകദേവൻ!!
ജയജയ മോഹനരൂപൻ!
ജയജയ വഞ്ചിമണാളൻ!!'

—o—

## 'ഇസ്'ങ്ങളുടെ പിന്നിൽ

—o—

(അഞ്ചാംപേജിൽനിന്നും തുടർച്ച)

തിലും ഒതുങ്ങിനില്ക്കുന്ന ഒരു വസ്തു സാധനമല്ലെന്നു്. മാനവസമുദായത്തിൻെറ സമുദ്ധാരണത്തിനു ഏററവും പ്രാപ്തിയുള്ളതു് മതത്തിനല്ല, തത്വചിന്തയ്ക്കല്ല, രാഷ്ട്രശക്തിക്കല്ല—വികാരത്തിൻെറ ഭാഷയിൽ നിങ്ങളോടു സംസാരിക്കാൻ കഴിവുള്ള കലയ്ക്കു മാത്രമാണു്. "ഹാ! ഇതു ഞാനാണോ" എന്നു്, എപ്പോഴെങ്കിലും നിങ്ങൾക്കു പറയാൻ സാധിച്ചിട്ടുണ്ടെങ്കിൽ—'ഇത്ര ഭയങ്കരനോ ഞാൻ?' 'ഇത്ര മറയനോ ഞാൻ' എന്നുകൂടെ നിങ്ങൾക്കു പറയാൻ സാധിക്കും.

സാഹിത്യത്തിൻെറ മണ്ഡലത്തിൽ ഇന്നത്തെ പ്രചോദനങ്ങൾക്കു ഉദാഹരണം നല്കിക്കൊണ്ടു D. H. Lawrensan പറയുന്നു "Think with the blood" എന്നു്. രക്തത്തോടുകൂടെ ചിന്തിക്കുക. രക്തം കണ്ടാൽ മോഹാലസ്യം ഉണ്ടാകുന്നതു ശരീരികമായ കഴപ്പുംകൊണ്ടാണു്. അതിനു കലയെ കുററംപറയുകയല്ല വേണ്ടതു്. ജീവിതത്തെ അതിൻെറ പൂർണ്ണതയിൽ കാണുവാനും അറിയാനും, അറിയിക്കാനും കഴിവുള്ളതു് കലയ്ക്കു മാത്രമാണു്. മണ്ണിനെ വെട്ടിത്തുറന്നു വയൽപരപ്പിലേക്കു സ്വപ്നാടനം ചെയ്യണമെന്നു കലയ്ക്കു ഒരിക്കലും തോന്നുകയില്ല. കല ജീവിതത്തെ വിസ്മരിക്കുന്നതല്ല.

—o—


3 രൂ. 8 ണയ്ക്കു് 246 സമ്മാനങ്ങളും 3 വാച്ചും



ഞങ്ങളുടെ 2 കുപ്പി 'ഓട്ടോംഗ്രലാബോ', 4 കുപ്പി ജർമ്മയെം 3 ക: 8 ണ യ്ക്കു വാങ്ങുന്നവർക്കു സമ്മാനമായി ഒരു കൗതുകമുള്ള സ്വർണ്ണം പൂശിയ ഡമ്മിറിസ്റ്റ്‌വാച്ചും 1 സേഫ്ടിറേസറും 1 ലൈററും, 1 ബ്രഷും 1 ചീപ്പും 1 കണ്ണാടിയും 1 മോതിരവും 1 ജോട ചെരിപ്പും (നിങ്ങളുടെ കാലടിയുടെ അടയാളം അയയ്ക്കുക) ഒരുജോടി ഷോലെസും ഒരു ബ്ലേഡും 180 ലേസിഞ്ചുസും 2 റോൾഡ് ഗോൾഡ് ഡമ്മി വാച്ചും 1 ഫൌണ്ടൻ പെനും 1 സ്പൂണും 1 സോപ്പും 52 ശീട്ടുകളും 1 സെററ [illegible]ണു്. പാക്കിങ്ങും പോസ്റ്റേജും 14 ണ. അപേക്ഷിക്കുവിൻ!

Victoria Watch Company,
PostBox No.12216, Calcutta.(S. P)

കല്ലുകൾ പതിച്ച കൂടിയതരം റിസ്റ്റുവാച്ചുകൾ.



ശരിയായ സമയം കാണിക്കുന്നവ, സ്വിസ്സ്‌മേക്കു്, 5 വർഷത്തെ ഉത്തരവാദിത്വം, ക്രോമിയം കേസ് റിസ്റ്റ്‌വാച്ചു രൂ 16/ സുപ്പീരിയർ രൂ 18/- ലേഡീസൈസ് രൂ. 21/- ഒക്ടാംഗുലർ രൂ. 26/- ബ്രൈററ ക്രോമിയംകേസ് രൂ 35/- റോൾഡ്ഗോൾഡ് 10 വർഷത്തെ ഉത്തരവാദിത്വം രൂ. 60/- പോസ്റ്റേജ് ണ. 10. രണ്ടെണ്ണം ഒന്നിച്ചുള്ള ആർഡറിനു് ഇനാം 1 ലൈററു്, 1 ചീപ്പു്, 1 മോതിരം, 1 സോപ്പു്, 1 റേസർ, 1 കണ്ണാടി ഇത്രയും ഏതു് ആർഡറിനും ഇനാം.

EASTERN WATCH Co.,
Post Fox No. 12219, Calcutta.

ചെറുകഥ

# ചോറൂണ്

—ം—

(നാഗവള്ളിൽ ആർ. എസ്സ് കുറുപ്പ് ബി. ഏ.)

അതിരാവിലെ തുടങ്ങിയതാണ് ആൾതിരക്കും ഒച്ചപ്പാടും. ആർക്കും അടക്കവും ഒതുക്കവും ഇല്ലാതായി. അങ്ങോട്ടുമിങ്ങോട്ടും ഓട്ടവുംചാട്ടവും തന്നെ.

ഗൃഹനാഥൻ പൂമുഖത്തുണ്ട്. പുഞ്ചിരിയോടെ അതിഥികളെ സ്വാഗതംചെയ്യാൻ. അകത്തു അണിഞ്ഞൊരുങ്ങിയ സ്ത്രീകൾ നാലുപാടും കണ്ണെറിഞ്ഞുകൊണ്ടു ആകാവുന്നത്ര ധൃതിയിൽ നടക്കുന്നു. ആകപ്പാടെബഹളംതന്നെ.

മതിയായ കാരണമുണ്ട്. ആ ഗൃഹനാഥന്റെ പ്രഥമപൌത്രന്റെ ചോറൂണാണിന്ന്. ആ വീട്ടിലെ അടുത്ത അവകാശിയുടെ ആദ്യസന്താനത്തിന്റെ അന്നപ്രാശം.

പത്തുനാഴിക പുലർന്നതിനു പിൻപുള്ള മംഗലമുഹൂർത്തത്തിൽ ആ കുഞ്ഞിനു ചോറു കൊടുത്തു അച്ഛന്റെ മടിയിൽ കൊച്ചുകസവുമുണ്ടുമുടുത്തു കുത്തിയിരുന്നു, കുലദേവതയുടെ കൺമുമ്പിൽവെച്ചു ആ കുഞ്ഞു അന്നത്തിന്റെ രുചി ആദ്യമായറിഞ്ഞു. അന്നുവരെ അമ്മയുടെ വാത്സല്യജലം നുകർന്നുവളർന്ന ആ കുഞ്ഞു അങ്ങനെ ലോകത്തിന്റെ ആഹാരം രുചിച്ചുനോക്കി.

അവനതത്ര രുചിച്ചില്ലെന്നു തോന്നുന്നു. മുഖമൊന്നു വക്രിപ്പിച്ചു. ചുണ്ടൊന്നു പിളർത്തി. ചുററും കൂടിനിന്നവരെ പകച്ചുനോക്കി. ഉറക്കെ കരയാനുമാരംഭിച്ചു.

പലരും അവനു ചോറു കൊടുത്തു. അമ്മാവന്മാർ, അമ്മായികൾ, അമ്മൂമ്മ അപ്പൂപ്പൻ, അച്ഛൻ, അമ്മ, ചിററപ്പൻ, ചിററമ്മ, അപ്പച്ചി എന്നിവ്, അയൽവീട്ടുകളിലെ ആളുകൾവരെ അവനു ചോറു കൊടുത്തു.

ആ കുഞ്ഞിനു ഭാവിയിലും വേണ്ടിവന്നാൽ ചോറു കൊടുത്തുകൊള്ളാമെന്ന വാഗ്ദാനമാണുപോലും ആ പ്രവൃത്തി. സകല ചോറൂണിനും അതു നടക്കാറുണ്ട്. പട്ടിണി കിടന്നു മരിച്ചവരുടേയും വിശന്നുവലഞ്ഞു വഴിയരികിൽ കിടന്നു കേഴുന്നവരുടേയും ചോറൂണിനും ആ വാഗ്ദാനം നടന്നുകാണും.

വിശാലപ്രകാശത്തിലേക്കു ആദ്യമായി കണ്ണു തുറക്കുന്ന ആ നിമിഷത്തിൽപോലും കുഞ്ഞിന്റെ കണ്ണിൽ പെടുന്നതു് കാപട്യത്തിന്റെ കരിങ്കോലമാണ്. പതിച്ചിയുടെ പല്ലിളിച്ചുകാട്ടൽ! അതിൽ ആത്മാർത്ഥത അശേഷമെങ്കിലുമുണ്ടോ? എത്ര കുഞ്ഞുങ്ങളെ കണ്ടു തഴമ്പിച്ച കണ്ണുകളാണവളുടേതു! ആ കുഞ്ഞിനോടു ഒരു പ്രത്യേക വാത്സല്യം തോന്നുവാൻ അവൾക്കു യാതൊരു കാരണവുമില്ല അതും ഒരു കുഞ്ഞ്. ആയിരത്തിൽ ഒന്നു്. അവളല്ല അതിനെ പത്തുമാസം വയററിൽ വഹിച്ചുകൊണ്ടു നടന്നതു്, അതിനെ നൊന്തു പ്രസവിച്ചതു്. അവളുടെ പ്രേമപരിപാകമല്ലതു്. എങ്കിലും അവളൊന്നു പുഞ്ചിരിക്കും. കേവലം ഒരാചാരം!

ആ കുഞ്ഞിനെ കാണുവാൻ നെടുനാളായി കൊതിച്ച കണ്ണുകൾ, അതിനെ നോക്കി ആത്മാർത്ഥമായി ആനന്ദിക്കേണ്ട കണ്ണുകൾ ആ അവസരത്തിൽ ക്ഷീണംകൊണ്ടു് അടഞ്ഞിരിക്കുകയായിരിക്കും. അങ്ങനാണു കുഞ്ഞിന്റെ ജീവിതാരംഭം!

കോടീശ്വരനായ അച്ഛൻപോലും ആഗ്രഹിക്കുന്നതു് സ്വപുത്രൻ സ്വന്തമായി ആഹാരത്തിനുള്ള വക നേടണമെന്നാണ്. ഈ ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും സ്വന്തം വിയർപ്പുതുള്ളികൾ വിററാണു വയറു നിറയ്ക്കുന്നതു്. എങ്കിലും ആചാരം ആവശ്യപ്പെടുന്നതു് അന്യന്റെ കൈകൊണ്ടു കുഞ്ഞു് ആദ്യമായി ആഹാരം കഴിക്കണമെന്നാണ്! ആചാരം! ആചാരം!!

കുഞ്ഞിന്റെ ചോറൂണു കഴിഞ്ഞയുടൻ മുതിർന്നവരുടെ ചോറൂണിനുള്ള ബഹളമായി. കൂടുതൽ പ്രാധാന്യമുള്ള ഒരു കർമ്മം! സദ്യക്കൊട്ടിലിലേക്കു ആളുകൾ ഇരച്ചുകയറി. വിളമ്പുകാരുടെ വിളികൾ അവിടെങ്ങും മാറെറാലികൊണ്ടു.

വീട്ടിനുള്ളിലാണു സ്ത്രീകളുടെ സദ്യ. അതിനു കാരണക്കാരനായ കുഞ്ഞിനേയുമെടുത്തുകൊണ്ടു അതിന്റെ ഭാഗ്യവതിയായ അമ്മ ഭാനുമതി പന്തിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു വിളമ്പുകാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. അതിഥികളായ സ്ത്രീകൾ ആതിഥേയ ലോഭമെന്യേ അണിഞ്ഞിരുന്ന ആഭരണങ്ങളും ധരിച്ചിരുന്ന പട്ടുവസ്ത്രങ്ങളും നോക്കിക്കൊണ്ടു് അസൂയയോടെ പരസ്പരം പിറുപിറുക്കുന്നുണ്ട്. അതിനുവേണ്ടിയായിരിക്കാം അവർ അങ്ങനെ നടന്നതു്!

വെളിയിൽ ഏതോ കുഞ്ഞു് ഉച്ചത്തിൽ കരയുന്ന ശബ്ദം കേട്ടു അവൾ അങ്ങോട്ടു പോയി. ഉണ്ണുന്നവർക്കു എന്തൊരുപദ്രവമാണതു്! വാതിൽ തുറന്നു വെളിയിലേക്കു നോക്കിയപ്പോൾ കണ്ടതു് കൈയും കാലുമിട്ടടിച്ചുകൊണ്ടു ഉറക്കെ കരയുന്ന ഒരു കുഞ്ഞിനെ സമാധാനിപ്പിക്കാൻ വൃഥാ ശ്രമിച്ചുകൊണ്ടിരുന്ന ഒരു മെലിഞ്ഞ യുവതിയെയാണ്.

ഭാനു ആ യുവതിയെ സൂക്ഷിച്ചുനോക്കി. അവളുടെ മെലിഞ്ഞു എല്ലുന്തിയ ശരീരമാസകലം ചൊറി പൊട്ടിയിരുന്നു. പട്ടിണിയുംരോഗവും ഒത്തൊരുമിച്ചു പണിഞ്ഞതിന്റെ ഫലമായി അവളുടെ കണ്ണുകൾ കുഴിഞ്ഞു് ജീവസ്സു നശിച്ചിരുന്നു. കവിളുകൾ ഒട്ടിപ്പോയി. നാസിക നീണ്ടുവളഞ്ഞു. നെഞ്ചു പരന്നു. അവയവങ്ങൾ ശുഷ്കിച്ചു.

അവളുടെ മടിയിൽ നെഞ്ചു കൂടുകെട്ടി, വയറുന്തി കൈകാലുകൾ ഈർക്കിലുപോലായിത്തീർന്ന ഒരു കുഞ്ഞു കിടന്നു കരയുന്നു! പലയിടത്തും പലപ്പോഴും കാണാവുന്ന ഒരു കാഴ്ച!

അവളും ഒരമ്മയാണ്. അവളുടെ മടിയിൽ കിടക്കുന്ന ആ വിലക്ഷണജീവിയും ഒരാൺകുഞ്ഞാണ്. ഭാവിഭാരതത്തിലെ ഒരു പൌരൻ!

മററൊരു കുഞ്ഞു കരയുന്നതു കണ്ടപ്പോൾ ആ ഭാഗ്യവാനായ കുഞ്ഞും കരയുവാനാരംഭിച്ചു. ശൈശവസഹതാപം! കൂടെപ്പിറപ്പുകൾ കരയുന്നതു കണ്ടു കരളു കടുപ്പിച്ചു നിൽക്കാനുള്ള കാലമതിനായിട്ടില്ല.

ഭാനുമതി സ്വപുത്രനെ സമാധാനിപ്പിച്ചിട്ടു ആ യുവതിയോടു ചോദിച്ചു:-

“നീയേതാ പെണ്ണേ? നിന്നെ ഞാൻ ഇതിനുമുമ്പു് കണ്ടിട്ടുള്ളതുപോലെ തോന്നുന്നല്ലോ!”

“ഞാനാ അമ്മോ, ഇവിടെ പാലുകൊണ്ടുവന്നോണ്ടിരുന്ന അമ്മു. ഇപ്പം ഇങ്ങനായിപ്പോയി” അവളുടെ കണ്ഠം ഇടറി കണ്ണു നനഞ്ഞു.

ഭാനുമതി പെട്ടെന്നു അവളെ ഓർത്തു അവൾ വിവാഹംകഴിഞ്ഞു നവോഢയായി ആ വീട്ടിലേയ്ക്കു വന്ന കാലത്തു ദിവസവും വൈകിട്ടു പാലുംകൊണ്ടു വന്നുകൊണ്ടിരുന്ന കൊഴുത്തു തടിച്ച ഒരുയുവതിയുടെ രൂപം അവളുടെ മനസ്സിൽ പ്രത്യക്ഷപ്പെട്ടു. താരുണ്യം തേച്ചുമിനുക്കിയിരുന്ന അവളുടെ കൊഴുത്ത അവയവങ്ങൾനോക്കി അന്നു ഭാനുമതി അകമേ അസൂയപ്പെട്ടിട്ടുണ്ട്. ‘ഭാന്തു, ദാ, നോക്കു്. അങ്ങനിരിക്കണം പെണ്ണുങ്ങളായാൽ അല്ലാതെ നിന്നേപ്പോലെ ഒണങ്ങിയിരുന്നാലെന്തിനു കൊള്ളാം? ഒന്നു തൊട്ടാലൊടിഞ്ഞുപോകും!”

പാൽക്കാരിപ്പെണ്ണിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു സ്വഭർത്താവു തന്നെ പരിഹസിച്ചിരുന്നതും ഭാനുമതി ഓർത്തു. ആ കൊഴുത്തുതടിച്ച അമ്മുവോ ഈ എല്ലരിച്ചു, ചൊറിപിടിച്ച പെൺകോലം?

“നീയെങ്ങനിങ്ങനായി അമ്മൂ?” അവൾ ചോദിച്ചു. “നിന്റെകല്യാണം കഴിഞ്ഞ കഥ ഞാനറിഞ്ഞില്ലല്ലോ! ഈ കുഞ്ഞിന്റെ അച്ഛനെവിടെ? അയാൾക്കെന്താ ജോലി?”

അമ്മുവിന്റെ മുഖം കുനിഞ്ഞു. കണ്ണുകളിൽനിന്നും ജലം മടിയിൽ കിടന്ന കുഞ്ഞിന്റെ മുഖത്തേയ്ക്കു ഇററിററു വീണു. അവൾ ഒന്നും മിണ്ടിയില്ല

ഭാനുവിനു ആ നിശ്ശബ്ദതയുടെ അർത്ഥം മനസ്സിലായി മറവിയിൽ കിടന്ന മറെറാരു കാര്യവും ഓർമ്മയിലെത്തി. അമ്മു അല്പനാളുകൾ കഴിഞ്ഞപ്പോഴേയ്ക്കും പാലുംകൊണ്ടുവരാതിരുന്നതിന്റെ രഹസ്യം ആ വീട്ടിലെ വേലക്കാരി ഭാനുവിനോടു അന്നു പറഞ്ഞിരുന്നു അമ്മു പതിതയായിപ്പോയെന്ന വാർത്തകേട്ടു അന്നവൾക്കു സന്തോഷമാണുണ്ടായതു്. കാരണം അമ്മുവിനോടു അന്നവൾക്കു കലശലായ അസൂയയുണ്ടായിരുന്നു

എന്നാൽ ഇന്നു ഒരു മാതാവായതിനുശേഷം ഭാനുവിനു ആ സാധുവിനോടു സത്യമായ സഹതാപം തോന്നി. വികാരപരവശങ്ങളായ ചില ദുർബ്ബലനിമിഷങ്ങൾ ഒരുയുവതിയുടെ ജീവിതംമുഴുവൻ ഒന്നോടെ ദുരിതപൂരിതമാക്കിത്തീർക്കുന്നു താരുണ്യം തുളുമ്പിനിന്ന അമ്മു ഇന്നിതാ ഒരു പേക്കോലം. സകലരുടേയും പരിഹാസപാത്രം. സമുദായഭ്രഷ്ട! വീട്ടിൽനിന്നും പുറംതള്ളപ്പെട്ടവൾ! കാരണം ഏതോ ഒരുകാമുകന്റെ ചാടുവാക്കുകൾക്കു അവൾ ചെവി കൊടുത്തു അവന്റെ ലാളനകൾക്കു അവളുടെ ശരീരം വഴങ്ങിക്കൊടുത്തുപോയി. സമുദായത്തിന്റെ സമ്മതികൂടാതെ അവൾ താരുണ്യത്തിന്റെ തേക്കങ്ങൾക്കു്, മാംസത്തിന്റെ വിളികൾക്കു വിധേയയായിപ്പോയി അതു ഒളിച്ചുവെയ്ക്കുവാൻ അവൾക്കു കഴിഞ്ഞുമില്ല. പതിതയുടെ പരമാർത്ഥം!

നിമിഷങ്ങൾ ചിലതങ്ങനെ കഴിഞ്ഞു “നിന്റെകുഞ്ഞിനെന്തു പ്രായമായി?” “പത്തുമാസമായമ്മോ.”

തന്റെ കുഞ്ഞിനേക്കാൾ രണ്ടുമാസത്തിനിളപ്പമാണ് ആ കുഞ്ഞെന്നറിഞ്ഞപ്പോൾ ഭാനുമതിയ്ക്കു അതിനോടു കൂടുതൽ കാരുണ്യം തോന്നിപ്പോയി. അവൾ അതിനെ സൂക്ഷിച്ചുനോക്കി. കരഞ്ഞുകരഞ്ഞു അതു അമ്മുവിന്റെ മടിയിൽ കിടന്നുറങ്ങുന്നു മുലപ്പാലുപോലും ശരിയായി അതിനു ലഭിച്ചിട്ടില്ല അതിന്റെ അമ്മയുടെ ശുഷ്കിച്ച നെഞ്ചോടു ചേർന്നുപോയ വരണ്ട മുല വായിൽവെച്ചു വളരെനേരംനുണഞ്ഞാലും ഒരുതുള്ളിപാൽപോലും ഊറിവന്നില്ലെന്നുവരാം. എന്നിട്ടും അതു ജീവിക്കുന്നത ലാണത്ഭുതം!

ആരായിരിക്കാം ആ കുഞ്ഞിന്റെ അച്ഛൻ? ഭാനുമതി ആലോചിച്ചു. എന്തുകൊണ്ടു അമ്മു ആ ദ്രോഹിയുടെ പേർ വെളിപ്പെടുത്തിയില്ല? എന്തുകൊണ്ടു അവൻ ചെയ്ത പ്രവൃത്തി പരക്കെയറിയിച്ചു അതിന്റെ ഉത്തരവാദിത്വം അവനെക്കൂടി കൊടുത്തില്ല? ഒരുപക്ഷെ അവൾ അവനെ അത്രയ്ക്കു പ്രേമിച്ചിരുന്നിരിക്കാം. അവനെ അപമാനിക്കുവാൻ, വിഷമിപ്പിക്കുവാൻ അവൾക്കു സാധ്യമല്ലായിരുന്നിരിക്കാം. ആവോ, ആർക്കറിയാം സ്ത്രീഹൃദയം?

“ഈ കുഞ്ഞിനു ചോറു കൊടുത്തോ അമ്മൂ?” അവൾ ചോദിച്ചു.

(ശേഷം എട്ടാംപേജിൽ)

**Opening Shortly !!**

**INDIA COFFEE HOUSE**

A branch of the India Coffee House, managed by the Indian Coffee Board, constituted by the Government of India will be opened shortly at the Palakunnathu buildings, West, Hospital Road, **QUILON.**

**തൂലികാചിത്രങ്ങൾ**

മലയാളസാഹിത്യചരിത്രത്തിലെ ഒരു പുതിയ സംരംഭം!

ശ്രീ: വക്കം എം. അബ്ദുൽഖാദർ അവർകളുടെ തൂലികാചിത്രപരമ്പരകളിലെ ആദ്യത്തെ സമാഹാരം.

മെ: ഏ. ബാലകൃഷ്ണപിള്ള, ശങ്കരക്കുറുപ്പ്, തകഴി, വൈക്കം ബഷീർ, ചങ്ങമ്പുഴ, പൊററക്കാട്ടു, കേശവദേവ്, എം പി. പോൾ എന്നീ കലാനിരൂപകന്മാരുടേയും കഥാകൃത്തുക്കളുടേയും കവികളുടേയും രഹസ്യവും പരസ്യവുമായ ജീവിതത്തിലേക്കുള്ള സുധീരമായ ഒരു നോട്ടം! വില രൂ. 1.

**അടിയൊഴുക്കുകൾ**

ഗ്രന്ഥകർത്താ:—തകഴി ശിവശങ്കരപ്പിള്ള.

ആ ചെറുകഥകൾ വായിച്ചാൽ നിങ്ങൾ വിളറും; ലജ്ജിക്കും; ആലോചിക്കും

വില 1 ക.

പീപ്പിൾസ് ബുക്കുസ്റ്റാൾ, ആലപ്പുഴ.

## ചാലൂക്കോണം കുട്ടൻപിള്ള

—ഠ—

വൃശ്ചികം 7-ാംതീയതി തിരുവനന്തപുരം വൈ. എം. സി. ഏ. ആഡിറ്റോറിയത്തിൽവച്ചു ശ്രീ. ചാലൂക്കോണം കുട്ടൻപിള്ളയുടെ അകാലചരമത്തിൽ അനുശോചിക്കുന്നതിനായി കൂടിയ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ച ശ്രീ മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ അദ്ദേഹത്തിന്റെ ഉപക്രമപ്രസംഗത്തിൽ പരേതനുമായുള്ള അദ്ദേഹത്തിന്റെ സുദീർഘസ്നേഹബന്ധത്തെക്കുറിച്ചും, ശ്രീ. കുട്ടൻപിള്ളയുടെ സർവ്വപ്രീതം, പൊതുകാര്യപ്രസക്തി, ഫലിതരസികത്വം, മായാത്ത പ്രസന്നത, സർവ്വോപരി പത്രലേഖകനെന്ന നിലയിലുള്ള അനുപമസാമർത്ഥ്യം എന്നിവയെയെക്കുറിച്ചും ഹൃദയസ്പൃക്കമായ ഭാഷയിൽ ഉപന്യസിക്കുകയുണ്ടായി. കുട്ടൻപിള്ളയുടെ അപ്രതീക്ഷിതമായ മരണവാർത്ത വായിച്ചപ്പോൾ താൻ ഏതാനും നിമിഷനേരം സ്തംഭിച്ചിരുന്നുപോയി എന്നു ശ്രീ. മള്ളൂർ പ്രസ്താവിച്ചു. തിരുവനന്തപുരം നഗരത്തിൽ വലിയ ആളുകളുടെ ഇടയ്ക്കായാലും ശരി, ഇടത്തരക്കാരുടെ ഇടയ്ക്കായാലും ശരി, പാവപ്പെട്ടവരുടെ ഇടയ്ക്കായാലും ശരി കുട്ടൻപിള്ളയെ അറിയാത്തവർ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നും ഇത്ര ചെറുപ്രായത്തിനുള്ളിൽ ഇത്രമാത്രം സുഹൃത്തുക്കളെ സമ്പാദിച്ചിട്ടുള്ള മറ്റൊരാളെ കാണുവാൻ കഴിയുമോ എന്നുള്ളതു സംശയമാണെന്നും ജാതിമതാദിചിന്തകൾക്കതീതനായി വർത്തിച്ചിരുന്ന ഒരാളായിരുന്നു പരേതനെന്നു് കൗമുദിയും മലയാളരാജ്യവും എഴുതിയതു് അക്ഷരംപ്രതി പരമാർത്ഥമാണെന്നും തിരുവനന്തപുരം നഗരവാസികളിൽ ഈ ദുഃഖവാർത്തയിൽ ഖേദിക്കാത്തവരായി ആരുമില്ലെന്നും, തിരുവിതാംകൂറിനും പത്രലോകത്തിനും തീരാത്ത ഒരു നഷ്ടമാണു കുട്ടൻപിള്ളയുടെ മരണംമൂലം ഉണ്ടായിരിക്കുന്നതെന്നും ശ്രീ. മള്ളൂർ തുടർന്നു പ്രസ്താവിച്ചു. ഉപസംഹാരത്തിൽ, കുട്ടൻപിള്ള ഒരു രണ്ടാം ഇ. വി. ആയിരുന്നു എന്നാണു് അദ്ധ്യക്ഷൻ സമർത്ഥിക്കുകയുണ്ടായതു്.

11-ാംനു- ഞായറാഴ്ച കൊട്ടാരക്കരവച്ചു നടന്ന അനുശോചനമഹായോഗത്തിൽ മലയാളരാജ്യം മാനേജർ മി: വി. ഗംഗാധരൻ നായർ എം. എൽ. ഏ. ഇപ്രകാരം പ്രസംഗിച്ചു:—

ദുഃഖനിമഗ്നരായ സഖാക്കളെ,

ഈ സന്ദർഭത്തിനുപററിയ വാക്കുകൾ എനിക്കില്ല. നമുക്കേവർക്കും ഏററവും വേണ്ടപ്പെട്ടയാളും നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചുകഴിഞ്ഞിട്ടുള്ള ഒരപൂർവ്വസ്നേഹിതനുമായ ശ്രീമാൻ ചാലൂക്കോണം കുട്ടൻപിള്ളയുടെ ആത്മാവിനു് നിത്യശാന്തി പ്രാർത്ഥിക്കുന്ന ഈ മഹായോഗത്തിൽ നിങ്ങളോടൊത്തുചേരുന്നതിനാണു് ഞാൻ ഇവിടെ വന്നിട്ടുള്ളതു്. മി. കുട്ടൻപിള്ള സരസനായ ഒരാളായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ നിര്യാണത്തിൽ സരസനായ ഒരു യുവാവിന്റെ മാത്രം നഷ്ടമല്ല നമുക്കനുഭവപ്പെടുന്നതു്. അതിൽ എത്രയോ ഉപരിയായ ഒരു വലിയനഷ്ടം സംഭവിച്ചതായി നമുക്കു തോന്നുന്നു. എന്തോ വളരെ വലിയ, വളരെ വിലയേറിയ, വളരെ സാരമായ എന്തോ നമുക്കു എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു എന്നാണു് എനിയ്ക്കു് തോന്നുന്നതു്. മന്ദതയും കൊടിയ നിരാശയും നമ്മെ ബാധിച്ചിരിക്കുന്നു. ജീവിതത്തിന്റെ ഉത്തമാംശമായ ഉൽജ്ജ്വലത, മി. കുട്ടൻപിള്ള പോയതോടുകൂടി പോയിരിക്കുന്നു. ജീവിതം സജീവവും സുധീരവുമായിരുന്നില്ലെങ്കിൽ ആനന്ദപൂർണ്ണമോ വിജയപ്രദമോ ആയിരിക്കയില്ല. സജീവതയും സുധീരതയും കലർന്ന ഒരു അപൂർവ്വസൃഷ്ടിയായിരുന്നു മി. കുട്ടൻപിള്ളയുടെ അസൂയാർഹമായ യുവത്വം. അലസത അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. ദുഃഖമെന്തെന്നു അദ്ദേഹം അറിഞ്ഞിട്ടില്ല. ദുഃഖിക്കാൻ അദ്ദേഹം വിസമ്മതിച്ചു. ദുഃഖത്തിന്റെ ഭയങ്കരതയെ നോക്കി അദ്ദേഹം മന്ദഹസിക്കുന്നതുകണ്ടാൽ ഏററവും വലിയ യോഗീശ്വരന്മാർപോലും തലകുനിച്ചുപോകും. ഇത്ര ശ്രേഷ്ഠനായ ഒരു യുവാവിനെ, ഇത്ര കാമ്യനായ ഒരു സ്നേഹിതനെ ഞാൻ വേറെ കണ്ടിട്ടില്ല. കുട്ടൻപിള്ളയെ കൂടാതെയുള്ള കൊട്ടാരക്കരയും തിരുവിതാംകൂറിലെ യുവലോകവും ഹതഭാഗ്യരാണു്.

മി: കുട്ടൻപിള്ള എല്ലാവരാലും സ്നേഹിക്കപ്പെട്ടിരുന്നു. ചെറുപ്പക്കാർക്കും വയസ്സുചെന്നവർക്കും ഒന്നുപോലെ മി: കുട്ടൻപിള്ളയുടെ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടിരുന്നു. ഉദ്യോഗസ്ഥാനദ്യോഗസ്ഥന്മാരും, ചെറുപ്പക്കാരും വയസ്സന്മാരും, ചെറിയ ആളുകളും വലിയ ആളുകളും, സംസ്കൃതചിത്തരും അല്ലാത്തവരും എന്നുവേണ്ട സകലരുടേയും കണ്ണിലുണ്ണിയായിരുന്നു പരേതൻ. മറെറാരു യുവാവിനും സാധിക്കാത്തതരത്തിൽ അത്ര വിപുലമായ ഒരു രംഗത്താണു് മി: കുട്ടൻപിള്ള ഇടപെട്ടിട്ടുള്ളതു്. അദ്ദേഹത്തിന്റെ പരിചയസമ്പത്തു് മററാർക്കും ലഭിക്കുക സാദ്ധ്യമല്ല.

വിവിധമനോഭാവക്കാരായ ആളുകളോടു് ഇടപെടുന്നതിൽ അദ്ദേഹം അത്ഭുതകഴിവുകളുള്ള ഒരാളായിരുന്നു. രത്നങ്ങൾ പൊഴിയുന്നപോലെയാണു് അദ്ദേഹത്തിന്റെ വാക്കുകളുടെ പ്രവാഹം. ആളുകളെ വശീകരിക്കുവാനുള്ള ശക്തി ഒന്നു് പ്രത്യേകമായിരുന്നു. സരസസംഭാഷണചതുരനായിരുന്ന അദ്ദേഹത്തിന്റെ ഫലിതങ്ങൾ ശ്രീമാൻ ഇ. വി. യുടെ ഫലിതങ്ങൾക്കു് തുല്യമായിരുന്നു. ഫലിതരസംകലർത്തി ചുററുപാടുകളെ സജീവമാക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന ശേഷി മററാരിലും അങ്ങിനെ കാണുവാൻ സാധിക്കുകയില്ല. ഫലിതങ്ങൾ പ്രയോഗിക്കുന്നതിൽ അദ്ദേഹത്തിനോ, അദ്ദേഹത്തിന്റെ ഫലിതങ്ങളിൽചുററുമുള്ളവർക്കുമൊ ഒരിക്കലും വിരക്തി തോന്നിയിട്ടില്ല

ഒരു കലാകാരൻ, ഒരു സംഭാഷണചതുരൻ, ഹൃദ്യനായ ഒരു സ്നേഹിതൻ, സരസനായ ഒരു കുസൃതിക്കാരൻ, സമർത്ഥനായ ഒരു പത്രപ്രവർത്തകൻ, ഒന്നാന്തരം ഫലിതക്കാരൻ എന്നിങ്ങനെ വിവിധനിലകളിൽ തിരുവിതാംകൂറാകെ പരേതൻ ആർജ്ജിച്ചിരുന്ന പ്രശസ്തി അദ്ദേഹം നിശ്ചയമായും അർഹിക്കുന്നതുതന്നെയായിരുന്നു. മി: കുട്ടൻപിള്ളയെക്കുറിച്ചു് പ്രൊഫസ്സർ കെ. വി. രങ്കസ്വാമി അയ്യങ്കാർ ഒരവസരത്തിൽ പറഞ്ഞതു്:—"എന്റെ കുട്ടൻ ഫെഡറൽ ഇൻഡ്യയുടെ മന്ത്രിയാകും" എന്നായിരുന്നു. കുട്ടൻപിള്ളയോടു് അദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യം സുപ്രസിദ്ധമാണു്.

കുട്ടൻപിള്ളയുടെ ദേശസ്നേഹത്തെപ്പററി അധികം ആരും അറിഞ്ഞുകാണാനിടയില്ല. അദ്ദേഹം പ്ര[illegible]ക്ഷോഭകാരിയോ ജയിൽവാസം വരിച്ചയാളോ ആയിരുന്നില്ല. എന്നാൽ ദേശാഭിവൃദ്ധിയ്ക്കുവേണ്ടി ഫലപ്രദമായി ചെയ്യാനെന്തുണ്ടു എന്നാരാഞ്ഞുകൊണ്ടിരുന്ന വിശാലമായ ഒരു മനസ്സായിരുന്നു അദ്ദേഹത്തിന്റേതു്. ആർക്കുവേണ്ടിയും എന്തുചെയ്യുന്നേരം എല്ലായ്പ്പോഴും അദ്ദേഹത്തിനു പ്രസന്നതയും തയ്യാറും ഉണ്ടായിരുന്നു. അതാണു് അദ്ദേഹത്തിന്റെ വിയോഗം ഇന്നു് ഇത്രവളരെയാളുകളെ ഇവിടെ ആകർഷിച്ചിട്ടുള്ളതു്.

കുട്ടൻപിള്ളയുടെ വിയോഗത്തിൽ കൊട്ടാരക്കരയ്ക്കു ഒരുത്തമപൗരനെയാണു് നഷ്ടപ്പെടുന്നതു്. തിരുവിതാംകൂറിലെ യുവലോകത്തിനു് ഒരൂർജ്ജിതനേതാവു പോയിരിക്കുന്നു. നമ്മുടെ കലാലോകത്തിനു് ഒരുത്തമനടൻ നഷ്ടമായിരിക്കുന്നു. പത്രലോകത്തിനു സമർത്ഥനായ ഒരു പ്രവർത്തകൻ നഷ്ടപ്പെട്ടിരിക്കുന്നു. സാഹിത്യത്തിനു് ഒരു വലിയ ഫലിതക്കാരൻ ഇല്ലാതായിരിക്കുന്നു. എന്റെ അത്യന്തസ്നേഹിതനും അഭ്യുദയകാംക്ഷിയുമാണു എനിക്കു മി. കുട്ടൻപിള്ളയുടെ നിര്യാണത്തിൽ നഷ്ടമായിരിക്കുന്നതു്. എന്റെ ഈ നഷ്ടം അപരിഹാര്യമാണു്. "ഇന്നിവിധം ഗതിനമുക്കയിപോക പിന്നെയൊന്നൊന്നായിവരുമാവഴി ഞങ്ങളെല്ലാം" എന്നുപറഞ്ഞതുപോലെ ഒടുവിൽ എല്ലാവരും ചാലൂക്കോണത്തെ പിന്തുടരുകതന്നെയാണല്ലോ വേണ്ടതു് എന്നോർത്തു സമാധാനപ്പെടാം. മരണം മനുഷ്യന്റെ ജന്മാവകാശമാണു്. മനുഷ്യന്റെ ഈ ജന്മാവകാശത്തിൽ കൈവയ്ക്കുവാൻ ഒരു ശക്തിയ്ക്കും സാദ്ധ്യമല്ല. ഇംപീരിയലിസവും ഫാസിസവും നാസിസവുമെല്ലാം തനിത്തനിയായും ഒന്നിച്ചും ഇതിന്റെ മുമ്പിൽ, സ്ഥിരമായ ഈ ദൈവനീതയുടെമുമ്പിൽ, സുനിശ്ചിതമായ ഈ സംഹാരമൂർത്തിയുടെ മുമ്പിൽ—മരണത്തിന്റെ മുമ്പിൽ—നിസ്സഹായരും ബലഹീനരും ആണു്. അത്ഭുതപൂർവ്വവും അത്ഭുതാവഹവുമായ നമ്മുടെ ശാസ്ത്രീയപുരോഗതിക്കു് മരണത്തെ അഭിമുഖീകരിക്കാൻ കഴിയുമാണു് ഒരു ശക്തിക്കും തടുക്കാൻവയ്യാത്ത ഈ മരണത്തെ സ്വാഗതംചെയ്യാനുള്ള ഒരു സന്നദ്ധതകൊണ്ടേ നമുക്കീലോകത്തു് ജീവിക്കാൻ നിർവ്വാഹമുള്ളൂ. ഈ വസ്തുത നമ്മുടെ ഇന്നത്തെ കഥാനായകനു് നല്ല നിശ്ചയമുണ്ടായിരുന്നു മരണത്തെ ധീരമായി നേരിടാൻ അദ്ദേഹത്തിനു കഴിയുമെന്നു് തെളിയിച്ചു. അതുകൊണ്ടു് മുഖ്യനുതകൈവെടാത്ത ധീരഹൃദയങ്ങളോടുകൂടി നമുക്കു് മി: കുട്ടൻപിള്ളയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. ഇന്നു ഈ വിധം എന്റെ കടമ നിർവ്വഹിക്കുന്നതിനു് സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണു്.

—ഠ—


# ക്രിസ്തുമസ്സ് സ്പെഷ്യൽ റസീററുകൾ വാങ്ങുവിൻ!

1944 ഡിസംബർ 8, 15, 29-എന്നി തീയതികളിൽ

വില ഫുൾ 5 രൂപാ

ഒന്നാംസമ്മാനം 60000 രൂപാ

ഏററവും കുറഞ്ഞതു് 15 രൂപാ

മററനേകം സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണു്. റസീററുകൾ ആവശ്യമുള്ളവർ പണം മുമ്പേർ അയച്ചോ വി. പി. മൂലമോ ആവശ്യപ്പെടുക. റസീററുകൾക്കു ആവശ്യപ്പെടുമ്പോൾ അവരവരുടെ മേൽവിലാസത്തോടുകൂടിയ ഒരു കവർകൂടി അയക്കേണ്ടതാകുന്നു.

സോൾ ഡിസ്ട്രിബ്യൂട്ടർ

വി. എ. റസാക്ക്

ചങ്ങനാശേരി, തിരുവിതാംകൂർ S India.


## ചോറൂണ്

(ഏഴാംപേജിൽനിന്നും തുടർച്ച)

"ഇല്ലമ്മോ ആദ്യമായി ചോറു കൊടുക്കുമ്പം വല്ല പായസോമെങ്കിലും വേണ്ടായോ? അതില്ലാതെ—"

അവളുടെ തൊണ്ടയിടറി. പാവം! അവളും ആചാരത്തിന്റെ അടിമയാണു്. സമുദായം ചവുട്ടിപ്പുറത്താക്കിയിട്ടും അതിന്റെ ആചാരങ്ങൾ ആദരിക്കുവാനാണാഗ്രഹം!

ഭാനുമതി അതിനു മറുപടി പറയും മുമ്പായി അവളുടെ ഭർത്താവു അവിടെ പ്രത്യക്ഷപ്പെട്ടു. ഒരു പിച്ചക്കാരിപ്പെണ്ണുമായി സ്വഭാര്യ സംസാരിച്ചുകൊണ്ടുനിൽക്കുന്നതു കണ്ടപ്പോൾ അയാൾക്കു കലശലായ കോപം തോന്നി.

"കണ്ണിൽ കാണുന്ന തെണ്ടികളുമായി സംസാരിച്ചുനിൽക്കാൻ നല്ലനേരം! അപ്പുറത്തു സ്ത്രീകൾ ഉണ്ണെഴുന്നേൽക്കാറായി. പോയി അവർക്കു മുറുക്കാനുംമററുംകൊടുപ്പിക്കു്. ഉം—" അയാൾ അവളെ ശാസിച്ചു.

ഭാനു മുഖം വീർപ്പിച്ചു അകത്തേയ്ക്കുപോയി. അയാൾ അമ്മുവിന്റെനേർക്കു തിരിഞ്ഞു.

"മാറിയിരിയെടീ ശവമേ. വല്ലിടത്തും ശകലം കൂടുതൽ പൊക പൊങ്ങുന്നതു കണ്ടാൽമതി. ഉടനെ എത്തിക്കോളും കൊച്ചുമായി. ഇതുങ്ങളെക്കൊണ്ടു വിഷമിച്ചു. എടാ, കേശവാ, ആ എച്ചിലില അവടെ മുമ്പിലിട്ടുകൊടുക്കു്. കൊണ്ടുപോയി തിന്നട്ടെ!"

ഒരു കുട്ടനിറയെ എച്ചിലിലകളുമായി ആ വഴിയേ വന്ന വേലക്കാരൻ ആജ്ഞയനുസരിച്ചു അതവളുടെമുമ്പിലിട്ടുകൊടുത്തു.

"എടുത്തോണ്ടുപോയി തൊല. ആ കൊച്ചിനെയിട്ടുകരയിക്കാതെകൊണ്ടുപോ." അയാൾ അലറി.

അമ്മു സാവധാനം മുഖമുയർത്തി അയാളുടെ കണ്ണുകളിൽ ഉററുനോക്കി. ആ തീക്ഷ്ണമായനോട്ടമേററു അയാൾ ഞെട്ടിയിട്ടു അവളെ തുറിച്ചുനോക്കി. പെട്ടെന്നു പലതും അയാൾ കണ്ടു. കുറേമാസംമുമ്പു ഒരു ദിവസം സായംസന്ധ്യയ്ക്കു ആ വീട്ടിലെ സ്ത്രീകളെല്ലാം അമ്പലത്തിലും വേലക്കാരൻ കടയിലും പോയിരുന്നസമയത്തു അടുക്കളയുടെ സമീപത്തുള്ള കുളിപ്പുരയിൽവച്ചു നടന്ന ഒരുസംഭവം— കേവലം കായികബലമുപയോഗിച്ചു്, താരുണ്യം തുളുമ്പിനിന്ന ഒരു യുവതിയുടെ ചാരിത്രം അപഹരിച്ച ആ രംഗം— കുളിപ്പുരയുടെ കടുത്ത തറയിൽ വീഴ്ത്തപ്പെട്ടുപോയ യുവതിയുടെ ദീനവും ഭയംനിറഞ്ഞതുമായ കണ്ണുകൾ കരുണമായ പ്രാർത്ഥനകൾ— പുരുഷൻചെയ്ത വാഗ്ദാനങ്ങൾ— രംഗാവസാനത്തിൽ കരഞ്ഞുതുടങ്ങിയ യുവതിയുടെ കരച്ചിൽനിർത്തുവാൻ കാമുകൻ അവളുടെ കാലിൽവീണു ചെയ്ത യാചനകൾ സ്വന്തം കൈലേസുകൊണ്ടു അവളുടെ കണ്ണീരൊപ്പി ആയിരമായിരം ആശ്വാസവചനങ്ങളും വാഗ്ദാനങ്ങളുംകൊണ്ടു് അവളെ പറഞ്ഞയച്ചതു്—ഇവയെല്ലാം അയാളുടെ മനസ്സിൽക്കൂടി മിന്നൽവേഗത്തിൽ പാഞ്ഞു. ഭീതിനിറഞ്ഞ കണ്ണുകളോടെ അവളെ നോക്കിയിട്ടു് അയാൾ അകത്തേക്കു പാഞ്ഞു.

അമ്മു ആ എച്ചിലിലകൾ തന്റെ മുമ്പിലേക്കു് വാരിയിട്ടു. വികൃതമായ ഒരു പുഞ്ചിരിയുടെ ലേശം അവളുടെ അധരങ്ങളുടെ കോണിൽ പ്രത്യക്ഷപ്പെട്ടു. അവൾ ആ ഇലകളിലുണ്ടായിരുന്ന ഉച്ഛിഷ്ടം എല്ലാംകൂടി വാരിയെടുത്തു് ഒരിലയിലാക്കി. സകല വിഭവങ്ങളുടെയും സമാഹാരം! പരിപ്പും പപ്പടകവും നെയ്യും കാളനും ഓലനും സാമ്പാറും ഉപ്പേരിയും അവിയലും പ്രഥമനും പായസവുമൊക്കെയുണ്ടതിൽ. അവൾ അതിനെ ഒന്നു നോക്കിയിട്ടു് അപ്പോഴേക്കും മയക്കത്തിൽ നിന്നുമുണർന്നു് വീണ്ടും കരഞ്ഞുതുടങ്ങിയിരുന്ന മകനെയെടുത്തു മടിയിലിരുത്തി. ആ ഉച്ഛിഷ്ടത്തിൽ അല്പം വാരിയെടുത്തു് അവന്റെ വായിൽ വച്ചുകൊടുത്തിട്ടു് വികാരാവേശത്തോടെ അവൾ പറഞ്ഞു:—

"ഉണ്ണോ മോനേ. നിൻറച്ഛൻ തന്നതാ. നിൻേറം ചോറൂണാ ഇന്നു്."

സമീപത്തു നിന്നിരുന്ന കേശവൻ അതുകേട്ടു ഞെട്ടിയിട്ടു് യജമാനൻ ഓടിപ്പോയവഴിയെ നോക്കി അർത്ഥപൂർണ്ണമായി പുഞ്ചിരിച്ചു.

—ഠ—

# യുദ്ധവും പൊതുജനാഭിപ്രായവും

[ എൻ. ഡി. പരമേശ്വരൻനമ്പൂതിരി, എം. ഏ., ബി. എൽ; എം എൽ. ഏ. ]

ആധുനിക രാഷ്ട്രീയചിന്തകരുടെ നിശിതമായ നിരൂപണത്തിന് ഇരയായി, ഒരു കഴിഞ്ഞ അദ്ധ്യായമായി തള്ളപ്പെട്ടിട്ടുള്ള ഒന്നാണ 'ഡിമോക്രസി' എങ്കിലും, മറ്റെല്ലാ സിദ്ധാന്തങ്ങളെപ്പോലെയും, അതും രാഷ്ട്രമീമാംസയിലും, പ്രായോഗികഭരണത്തിലും ചില സജീവതത്വങ്ങൾ അവശേഷിപ്പിച്ചിട്ടുണ്ട്. സാമൂഹ്യജീവിതത്തിൽ, പൊതുജനാഭിപ്രായത്തിനു പ്രബലമായും സ്പഷ്ടമായുമുള്ള ഒരു സ്ഥാനം നേടിക്കൊടുത്തിട്ടുള്ളതു തീർച്ചയായും പ്രജായത്തഭരണമാണ്. ജനങ്ങൾക്കവേണ്ടി, ജനങ്ങളുടേതായുള്ളതും, ജനങ്ങളാൽ നടത്തപ്പെടുന്നതുമായ ഒരു ഭരണയന്ത്രം, പൊതുജനാഭിലാഷത്തിനു സർവ്വദാ വിധേയമായിരിക്കണമെന്നുള്ളതു സ്പഷ്ടമാണല്ലൊ.

"പൊതുജനാഭിപ്രായ"ത്തിനു സമഗ്രമായ ഒരു നിർവ്വചനം കൊടുക്കുക അത്ര എളുപ്പമല്ല. മനുഷ്യന്റെ മനസ്സിനു ഒരേസമയത്തുതന്നെ, സത്യമെന്നും അസത്യമെന്നും രണ്ടു വിരുദ്ധഭാവങ്ങളുണ്ടെന്നും, പ്രജാലക്ഷങ്ങളുടെ സത്യപ്രധാനമായ ആത്മസമുച്ചയത്തിന്റെ വാഗ്രൂപേണയുള്ള പ്രകടനമാണ പൊതുജനാഭിപ്രായമെന്നും ഉള്ള "റൂസ്സോ"യുടെ അഭിപ്രായത്തിനു തത്വശാസ്ത്രപരമായ ഒരു വിലയുണ്ടെങ്കിലും, സമഷ്ടിയായ നിർവ്വചനം എന്ന സ്ഥാനം കൊടുക്കത്തക്കതല്ല. രാമനും കൃഷ്ണനും പൊതുജനങ്ങളുടെകൂട്ടത്തിൽ പെടുമെങ്കിലും, രാമന്റെയോ, കൃഷ്ണന്റെയോമാത്രം അഭിപ്രായം പൊതുജനാഭിപ്രായമാകുന്നില്ല. എന്നാൽ, ആ രാഷ്ട്രത്തിലെ ഓരോ വ്യക്തിയുടെയും അഭിപ്രായമറിഞ്ഞു്, എല്ലാം ഒന്നുപോലെ ഇരിക്കുന്നുവെങ്കിൽമാത്രമേ, പൊതുജനാഭിപ്രായമാകുകയുള്ളു എന്നു പറയുന്നതും അത്ര ശരിയല്ല; പ്രായോഗികവുമല്ല. ഒരു സമുദായത്തിലെ (Society) ഓരോ അംഗവും എല്ലാ വിഷയങ്ങളെക്കുറിച്ചും ചിന്തിക്കാറില്ല. യഥാർത്ഥത്തിൽ ചുഴിഞ്ഞു് ആലോചിക്കത്തക്ക ബുദ്ധിശക്തിയോ, വിജ്ഞാനമോ, സമയമോ ലഭിക്കുന്നതു് ഏതാനുംപേർക്കമാത്രമാണ്. എങ്കിലും പ്രായോഗികരീത്യാ നോക്കുമ്പോൾ നാം ഒന്നു കാണുന്നുണ്ട്—അതായതു്, ഒരു സമുദായത്തിലുള്ള എല്ലാ വ്യക്തികളും ഏതോ അപ്രമേയമായ ഒരു അന്തഃപ്രചോദനത്താൽ ചില കാര്യങ്ങളിൽ ഒരുപോലെ ചിന്തിക്കുന്നു; ഒരുപോലെ പ്രവർത്തിക്കുന്നു; ഒരുപോലെ പറയുന്നു. സാംസ്കാരികവും, സദാചാരപരവുമായ ഒരു പാരമ്പര്യമായിരിക്കാം പലപ്പോഴും ഈ ഐകരൂപ്യം ഉണ്ടാക്കിത്തീർക്കുക. ഉദാഹരണമായി, നമ്മുടെ ശിക്ഷാനിയമത്തിൽ ഒരു ചെറിയ മോഷണത്തിനു വധശിക്ഷ കല്പിക്കുന്ന ഒരു വകുപ്പു് കൂട്ടിച്ചേർക്കുന്നു എന്നിരിക്കട്ടെ. ഈ രാജ്യത്തുള്ള ഓരോ വ്യക്തിയും അതിനു പ്രതികൂലിയായിരിക്കും. ആരെങ്കിലും ഒരുത്തൻ അതു തുറന്നുപറഞ്ഞാൽ, മുകലക്ഷങ്ങൾ അതിനെ സഹർഷമായി പിന്താങ്ങും. ഈവക അവസരങ്ങളിൽ സംഘമനശ്ശാസ്ത്രമായിരിക്കും സജീവമായി വർത്തിക്കുക. പലപ്പോഴും ഒരേ ഒരു ആളിന്റെ തുറന്നപറച്ചിലായിരിക്കും, പെട്ടെന്നു പൊതുജനാഭിപ്രായമായി രൂപാന്തരപ്പെടുക. സാമുദായികനിയമത്തിലും, സദാചാരബോധത്തിലും, സംസ്കാരത്തിലും അടിയുറച്ചിട്ടുള്ളവയും നമ്മിൽ രൂഢമൂലമായിരിക്കുന്നവയുമായ ചില അഭിപ്രായങ്ങൾ, സംഘഹൃതാല്പര്യപ്രധാനങ്ങളായിത്തീരുന്ന ചില സന്ദർഭങ്ങളിൽ പ്രകടമാകുക എന്നുള്ളതു സർവ്വസാധാരണമാണ്. വർത്തമാനപ്പത്രങ്ങൾ, നിയമസഭകൾ തുടങ്ങിയ ചാലുകളിൽക്കൂടിയായിരിക്കും ഈ അഭിപ്രായങ്ങൾ പ്രകടമാകുക. (ഈ ചാലുകൾക്കു്, പ്രകൃത്യാ ചില ന്യൂനതകളുണ്ടെങ്കിലും, ഭേദപ്പെട്ട മററ ഉപാധികൾ ഇല്ലാത്തതുകൊണ്ടു നമുക്ക അവയെ സ്വീകരിക്കാതെ നിവൃത്തിയില്ല) ഇങ്ങിനെ പ്രകടമാകുന്ന ആശയങ്ങളെയാണ് നാം പൊതുജനാഭിപ്രായമെന്നു വിവക്ഷിക്കുന്നതു്. എന്നാൽ അല്പം പ്രയാസമാണെങ്കിലും പൊതുജനാഭിപ്രായത്തെ മിക്കപ്പോഴും, കിംവദന്തികളിൽനിന്നും, അങ്ങാടിവാർത്തകളിൽനിന്നും സനിഷ്കർഷം വേർതിരിച്ചു എടുക്കേണ്ടതായിവരും.

പൊതുജനാഭിപ്രായമാണ് "ഡിമാക്രസി യുടെ ജീവനാഡി; ഡിമാക്രസിയുടെ ആരാധകന്മാർ അതു നിഷേധിക്കുന്നുമില്ല. എന്നാൽ, പ്രയോഗത്തിൽ വരുമ്പോൾ, പ്രത്യേകിച്ചും ഇന്നത്തേപ്പോലെയുള്ള ഒരു യുദ്ധകാലപരിതാവസ്ഥയിൽ അതിനു എത്രമാത്രം പ്രാബല്യമുണ്ടെന്നു് അറിഞ്ഞുകൂടാ. യുദ്ധകാലത്തു്, ചില പ്രാഥമികചുമതലകൾ ഒഴിച്ചു രാഷ്ട്രത്തിന്റെ സർവ്വയത്നങ്ങളും കേന്ദ്രീകരിക്കുന്നതു യുദ്ധനടത്തിപ്പിലാണ്. യുദ്ധനയത്തെ സംബന്ധിച്ചിടത്തോളം പൊതുജനാഭിപ്രായം ആരാഞ്ഞു് അറിയുന്നതുകൊണ്ടു് വല്ല പ്രയോജനവുമുണ്ടോ, അഥവാ, അതു ആശാസ്യമാണോ? ചില ഭരണകർത്താക്കന്മാർ പ്രതികൂലമായ മറുപടിയാണ് പറയുന്നതു്. അവരുടെ അഭിപ്രായത്തിൽ ഇന്നത്തെ യുദ്ധത്തിൽ വേഗതക്കാണ് (Speed) എല്ലാററിലും പ്രഥമസ്ഥാനം നൽകേണ്ടതു്. ഏതെങ്കിലും പദ്ധതി രൂപീകരിക്കാൻ, പൊതുജനാഭിപ്രായം ആരായുക എന്നുള്ളതുപോലെ വളരെ താമസമുള്ളതും വളഞ്ഞതുമായ ഒരു മാർഗ്ഗം അവലംബിക്കുന്നതു ബുദ്ധിപൂർവ്വമല്ല; പ്രായോഗികവുമല്ല. അതിനിടയ്ക്കു് പ്രയോജനമുള്ള മററ മുന്തിയ കാര്യങ്ങൾ ചെയ്യാമത്രെ! അടുത്തതായി, സമരസജ്ജീകരണം, തന്ത്രപരിപാടി, ഇവയൊക്കെ സാങ്കേതികമായതുകൊണ്ടു്, സാമാന്യജനങ്ങൾക്കു് അവയെക്കുറിച്ചു് പ്രയോജനമുള്ളതും, യുക്തിപൂർവ്വവുമായ ഒരഭിപ്രായവും പറയാൻ സാധിക്കുകയില്ല. ഇതിലെല്ലാം ഉപരിയായി, യുദ്ധം സംബന്ധിച്ച വല്ല വിവരവും പൊതുജനസമക്ഷം അവതരിപ്പിക്കുകയോ, അവരുടെ ചർച്ചക്ക വിധേയമാക്കുകയോ ചെയ്താൽ ആ കാര്യത്തിന് അനാവശ്യമായ പ്രസിദ്ധി കിട്ടുമെന്നും, തദ്വാരാ, അതു ശത്രുക്കൾക്കു പ്രയോജനപ്പെട്ടേക്കുമെന്നും, ചില അധികാരികൾ യുക്തിവാദംചെയ്യുന്നുണ്ട്.

യുദ്ധംമൂലം ശിഥിലമായ ഇന്നത്തെ ലോകത്തിൽ "ഡിമോക്രസി" എത്രമാത്രം ക്ഷയോന്മുഖമായിട്ടുണ്ടോ അതുപോലെ, പൊതുജനാഭിപ്രായത്തിനു് രാഷ്ട്രീയമണ്ഡലത്തിലും നാമമാത്രമായ സ്ഥാനമേയുള്ളു. യുദ്ധകാലഭരണത്തിൽ പൊതുജനാഭിപ്രായങ്ങളെ ആദരിക്കേണ്ട ആവശ്യമേയില്ലെന്നു സമർത്ഥിക്കുന്ന അധികാരികളുടെ വാദങ്ങളിൽ ചില ചില്ലറ പരമാർത്ഥങ്ങൾ ഉണ്ടു്. പക്ഷേ, അവയ്ക്കു് ആവശ്യത്തിലേറെ പ്രാധാന്യവും പ്രചരണവുമാണ് അവർ കൊടുക്കുന്നതു്. സാങ്കേതികമായി, പൊതുജനാഭിപ്രായം സാധാരണകാലത്തുതന്നെ അറിയാൻ വിഷമമായിരിക്കെ, അസാധാരണകാലത്തു അതു കൂടുതൽവിഷമമാണെന്നുള്ളതു സ്വയംസിദ്ധമാണ്. പക്ഷെ, പൊതുജനങ്ങൾ എന്ന ആ വൻപിച്ച ശക്തി, പൗരാണികചിന്തയിൽ മുഴച്ചു്, സമകാലീന കോളിളക്കത്തിൽ അക്ഷോഭ്യമായി അചഞ്ചലമായി നിൽക്കുന്ന ഒരു പഴയ പാറയാണെന്നു സങ്കല്പിക്കുന്നതും പരമാബദ്ധമാണ്. പ്രജാലക്ഷത്തിൽ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നതും, സദാ സൂക്ഷ്മദൃഷ്ടിയോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പ്രബല വിഭാഗമുണ്ടെന്നുള്ളതു വിസ്മരിച്ചുകൂടാ. ഈ വിഭാഗമാണ് എന്നും പൊതുജനാഭിപ്രായത്തെ സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും. അവർ ഒരിക്കലും "ഉറക്കംതൂങ്ങി"കളുമല്ല. അതുപോലെ, പത്രപ്രവർത്തനവും മററും വളരെ അഭിവൃദ്ധിപ്പെട്ടിട്ടുള്ള ഇക്കാലത്തു്, ജനാഭിമതം അറിയാൻ വലിയ ഗവേഷണമൊന്നും ആവശ്യമില്ല. യുദ്ധനടത്തിപ്പിന്റെ ശീഘ്രതയെ സ്പർശിക്കത്തക്കതരത്തിൽ താമസിക്കേണ്ടതായിട്ടുമില്ല. കൂടാതെ, സാങ്കേതികമായ കാര്യങ്ങളിൽ, വിലവെയ്ക്കേണ്ടതായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കത്തക്ക പ്രാഗത്ഭ്യമുള്ളവർ ജനതാമദ്ധ്യത്തിലുമുണ്ടു്. തന്റെ കീഴിലുള്ള സേനയെ വിന്യസിക്കുന്നതിനു് ഒരു സൈന്യാധിപൻ ജനഹിതം അന്വേഷിക്കേണ്ടതില്ലെങ്കിലും, അയാളെ അതിനു നിയോഗിക്കണമോ വേണ്ടയോ, എന്നുള്ളതു നിശ്ചയിക്കാൻ പൊതുജനങ്ങൾക്കാണ ഏററവും പ്രാപ്തിയുള്ളതു്. ഒരു വിവരം പരസ്യമായാൽ ഒരു വശത്തുകൂടി ശത്രുക്കൾക്കു് വല്ല ചില്ലറ പ്രയോജനവും ലഭിക്കുമെന്നുള്ള ഒരു ദൂഷ്യമുണ്ടെങ്കിലും, മറുവശത്തു അതിലും അത്യധികം പരിഗണിക്കേണ്ട പൊതുജനസഹകരണം ലഭിക്കുമെന്ന ഒരു വലിയ മെച്ചമുണ്ടു്.

ഇനിയും താത്വികമായി ആലോചിച്ചാൽതന്നെയും, പൊതുജനാഭിപ്രായത്തിന്റെ വില നമുക്ക അറിയാവുന്നതാണ്. രണ്ടുതല, 'ഒന്നിനേക്കാളും, ഇരുന്നൂറുതല രണ്ടിനേക്കാളും മെച്ച"മാണെന്നുള്ള സാമാന്യസിദ്ധാന്തം തന്നെ എടുത്തുനോക്കുക. യുദ്ധംതന്നെ എന്തിനാണ്? പൊതുജനരക്ഷയ്ക്കു പൊതുജനങ്ങളുടെ താല്പര്യം സംരക്ഷിക്കുവാൻ പ്രവൃത്തിയും, താല്പര്യവുമുള്ളതു പൊതുജനങ്ങൾക്കുതന്നെയാണ്. ഭരണകൂടത്തിനും, ഭരണവ്യവസ്ഥയ്ക്കും പ്രാണവായു നൽകുന്നതു ജനങ്ങൾതന്നെയാണ. ഒരു രീതി നടപ്പിൽ വന്നാൽ, ജനങ്ങൾ അഭിപ്രായം രൂപീകരിക്കുകയായി; ആ രീതി അതിനനുസരിച്ചു രൂപാന്തരപ്പെടുകയുമായി. ഒരു അക്ഷയപാത്രംപോലെ, പൊതുജനാദർശനം എന്നും ഉറവററാതെ മുന്നിട്ടുനിന്നു സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കും. തന്നെയുമല്ല, പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണമില്ലാതെ ഒരു "എല്ലാംവിഴുങ്ങി"യുദ്ധം ജയിക്കുക സാദ്ധ്യമാണോ? പൊതുജനസഹകരണം ലഭിക്കണമെങ്കിൽ പൊതുജനഹിതപരിശോധനചെയ്യുകയുംവേണം.

ചരിത്രപരമായി നോക്കുകയാണെങ്കിൽ, സ്വേച്ഛാധികാരികളായ ഭരണകർത്താക്കൾപോലും, പണ്ടും, ഇന്നും ജനഹിതം ആരായാറുണ്ടു്. ഭരണീയരുടെ ആനുകൂല്യമാണ് ഭരണക്കാരന്റെ പിൻബലമെന്നു 'നീറോ'യ്ക്കോ രണജിത്സിംഹനുപോലുമോ അറിയാമായിരുന്നു. ഇന്നു ഹിററ്ലർക്കും അതു മററാരേക്കാളും അറിയാം. "ചാരസേനയുടെ ഉദ്ദേശംതന്നെ എന്താണ്? റഷ്യയിലേയ്ക്കുള്ള തന്റെ ജൈത്രയാത്രയ്ക്കിടയിലു, പാരീസിലെ ജനതയുടെ അഭിപ്രായം അറിയാൻ അയച്ചിരുന്ന ദൂതന്റെ പ്രത്യാഗമനത്തിലാണ് നെപ്പോളിയൻ അത്യുൽക്കണ്ഠ പ്രദർശിപ്പിച്ചതു എന്നുള്ളതു ശ്രദ്ധേയമാണ്. ഈ യുദ്ധത്തിൽതന്നെ "ഡൺകർക്കി"ലെ പരാജയം ജനങ്ങളെ അറിയിക്കാൻ അധികൃതന്മാർ അമാന്തിച്ചതു പരമാബദ്ധമായി എന്നു പല ചിന്തകരും അഭിപ്രായപ്പെടുന്നുണ്ടു്. അതു അറിഞ്ഞഅവസരത്തിൽ സഖ്യരാഷ്ട്രങ്ങളിലെ ജനങ്ങൾ ഭഗ്നാശരാകുന്നതിനു പകരം കൂടുതൽ ഊർജ്ജസ്വലരാകുകയാണ് ചെയ്തതു്.

ചുരുക്കത്തിൽ, പൊതുജനാഭിപ്രായത്തിനു എന്നും സ്ഥാനമുണ്ടു്; "മാററി"നു അല്പം വ്യത്യാസം വരുമെന്നേയുള്ളു. തങ്ങളെ സംബന്ധിച്ച കാര്യങ്ങൾ അറിയാൻ ജനങ്ങൾക്ക എന്നും അവകാശമുണ്ട്. അതിനനുസരിച്ച അഭിപ്രായം രൂപീകരിക്കാനും ആ അഭിപ്രായപ്രകാരം, ഭരണയന്ത്രം നടത്തുവാനും അവർക്ക അവകാശമുണ്ടു്. പൊതുജനഹിതമറിയാൻ ശ്രമിക്കാതിരിക്കുകയോ, പൊതുജനാഭിപ്രായം അനാദരിക്കുകയോചെയ്യുന്നതു അക്ഷന്തവ്യമായ ഒരു അപരാധമാണ്; രാഷ്ട്രീയമായ ഒരു കൊടുംപിശകമാണ്.

ഫഫഫ ദിവസത്തെ
ആട്ടക്കഥകൾ
വില രൂ 4. ണ. 8.
ശ്രീരാമവിലാസംപ്രസ്സ് കൊല്ലം.

എല്ലായ്പോഴും മുന്നണിയിൽ
സ്റ്റാൻക്രീം
തലമുടിയ്ക്കു് ഏററവും പററിയതു്
ഇതു് തലമുടിയ്ക്കു് ഉറപ്പുവരുത്തുന്നു, ശോഭയുണ്ടാക്കുന്നു, തീരെ പശ കലരാത്തതാണ്.
തേയ്ക്കുവാൻ വൃത്തിയുള്ളതാണ്, തലമുടിയ്ക്കു് ഏററവും ഗുണകരവുമാണ്.
സ്മിത്ത് സ്റ്റാനിസ്ട്രീററ് & കമ്പനി. ലിമിററഡ്.
കല്ക്കത്ത, ബോംബെ, മദ്രാസ്, കറാച്ചി, ലക്നോ അമൃതസാർ.
SSK-102-ML

# പൊൻകുട ത്തിലെ 'ൻ'

(T. കെ. ജോസഫ്, ബി. എ., എൽ. T., തിരുവനന്തപുരം.)

"പൊൻകുടംതന്നെ പരിശോധിക്കാം ഇതിൽ തവർഗ്ഗാനുനാസികമായ 'ന'യും" കാണുന്നു എന്നു മകരം 25-ലെ മ. രാ. വാരികയിൽ (15-ാം പുറത്തു) മി: ഗോപിനാഥ പറഞ്ഞിരിക്കുന്ന അപ്പുറത്തുതന്നെ ഞാൻ പറഞ്ഞ മനയിലെ ന-യ്ക്കും നടയിലെ ന-യ്ക്കും—[അതായതു t വർഗ്ഗ (ട വർഗ്ഗ, വർത്സ്യവർഗ്ഗ)ത്തിലെ ന-യ്ക്കും ത വർഗ്ഗത്തിലെ ന-യ്ക്കും]--മലയാളത്തിൽ പ്രത്യേകം ഓരോ ലിപിയില്ലാത്തതുകൊണ്ടാണു ഇങ്ങനെ പിശകു പററുന്നതു. തമിഴിൽ ன എന്നും ந എന്നും രണ്ടിനും രണ്ടു ലിപികളുണ്ടു. ഇംഗ്ലീഷിൽ മന 'ന', നട 'ന, ണ എന്നീ മൂന്നു വർണ്ണങ്ങൾക്കുംകൂടെ n എന്നൊരു ലിപിയേയുള്ളു എങ്കിലും ഇൻറർനാഷനൽ ലിപിമാലയിൽ വെവ്വേറെ മൂന്നു ലിപികൾ അവയ്ക്കുണ്ടു. പണ്ടത്തെ നാനമോനത്തിലും തെക്കൻ മലയാണ്മയിലും മററും ആ രണ്ടു ന-കാരങ്ങൾക്കും (വർത്സ്യന, ദന്ത്യന) പ്രത്യേക ലിപികളുണ്ടായിരുന്നു. പിൻകാലത്തു മലയാളം സംസ്കൃതലിപിമാലയെ അനുകരിച്ചതുമുതലാണു ആ ന-കാരങ്ങൾക്കു വെവ്വേറെ ലിപികളില്ലാതെ പോയതു.

അതുകൊണ്ടു "നാന്തറ വട്ടം തിരിയുന്ന ഭ്രാന്തൻ" എന്നു പറഞ്ഞാൽ ഭ്രാന്തൻ നായ് (പേനാ) 100 (നൂറ) പ്രാവശ്യം കറങ്ങുന്നെന്നോ, ഭ്രാന്തനായ മനുഷ്യൻ 400 പ്രാവശ്യം കറങ്ങുന്നെന്നോ അർത്ഥമെടുക്കേണ്ടതു എന്നു സംശയം വരുന്നു. അതുപോലെതന്നെ പേനായെന്നതു പേപ്പട്ടിയാണോ, എഴുതാനുള്ള പെൻ ആണോ എന്നു ചോദ്യമുണ്ടാകാം. തൃശ്ശൂർക്കാർ മുതലായ ഔത്തരാഹർ പറയുമ്പോലെ ഒന്നിനു "പേനായ" എന്നു 'യാ' ചേർത്തും, ഒന്നിനു "പേന" എന്നു 'ആ' കളഞ്ഞു ഹ്രസ്വാന്തമായും പറഞ്ഞാൽ സംശയംതീരും. പേനായയും (ഹ്രസ്വമായ) പേനയും ശരിയാണെന്നു ഔത്തരാഹർ വാദിക്കുമെങ്കിലും ദാക്ഷിണ്യാത്യർ മറുവശം പിടിക്കും; തർക്കം തീരുകയുമില്ല.

"മുന്നൂറം" എന്നതിനു മുന്നൂറം (300) എന്നോ, മുൻ+ഊറം (മുൻപിൽ ഊറം) എന്നോ, മുൻ+നൂറം (മുൻപിലത്തെ നൂറം) എന്നോ അർത്ഥം കല്പിക്കേണ്ടതു? "അതിന്നാരുടെ കല്പന" യ്ക്കർത്ഥം അതു ഇന്ന ആളിൻെറ കല്പനയെന്നോ, അതു ഇന്നു ആരുടെ കല്പനയാണു എന്നോ? നായനാരെട്ടുത്തു=പട്ടി നാരെട്ടുത്തു എന്നാണോ?

സംശയംതീരാൻ പണ്ടു—(അഥവാ ഒരു നൂറുവർഷം മുൻപുവരെ) നാം നാനമോനത്തിലും മററും എഴുതിയിരുന്നപോലെ രണ്ടു പ്രത്യേകലിപികൾകൊണ്ടു രണ്ടു ന കളെയും കുറിക്കണം എന്നു പറഞ്ഞാലുടനെ അച്ചടക്കാരും ടൈപ്പടി (ടൈപ്പടി)ക്കാരും കലമ്പും.

മുദ്രാലാഭഃ പുത്രലാഭോ.
ഹ ച്ചടിക്കാർക്ക കേരളേ;
ടൈപ്പടിക്കാർക്ക മവ്വണ്ണം:
സർവ്വഃ സ്വാർത്ഥം സമീഹതേ.

പൊൻകുടത്തിലെ 'ൻ' ഞാൻ എൻ, എൻെറ മുതലായവയിൽകാണുന്നവർത്സ്യ ന കാരമാണു; എന്തു, പന്തം, കുന്നു മുതലായവയിലെ ദന്ത്യ ന കാരമല്ലഎന്നു ഉച്ചാരണം ശ്രദ്ധിച്ചു പഠിച്ചാൽ മനസ്സിലാകും. "പൊൻകുടത്തിൽ തവർഗ്ഗാനുനാസികമായ ന" അല്ല. പൊങ്കുടം എന്നു ചിലർ ഉച്ചരിക്കാറുണ്ടു. ആ ങ്കു-വിലെ അനുനാസികം ദന്ത്യ ന അല്ല, കണ്ഠ്യ ങ ആണു.

കഷ്ടമേ കഷ്ടം!!—ഇങ്ങനെ മനയിലെ ന എന്നും നടയിലെ ന എന്നും, വർത്സ്യ ന എന്നും ദന്ത്യ ന എന്നും, വാലുള്ള ന എന്നും മുറിവാലൻ ന എന്നും വളച്ചുകെട്ടിപ്പറഞ്ഞു ഇനി എത്ര കാലംകൂടെ നാം കഴിക്കണം! ഒരു പുതിയ അക്ഷരം വാർക്കുന്നതിനു മനസ്സില്ലെങ്കിൽ ഉള്ള ഒരച്ചുതിരിച്ചോ മറിച്ചോ ഇട്ടു കാര്യം ശരിയാക്കാൻപാടില്ലയോ എന്നാലോചിക്കേണ്ടതാണു. ഇന്ന അച്ചു വേണമെന്നു ഞാനിവിടെപ്പറയുന്നില്ല. ദ യുടെ അച്ചു തിരിച്ചിട്ടാൽ കിട്ടുന്ന ൧ മതിയായിരിക്കും എന്നു വേറൊരിടത്തു ഞാൻ നിർദ്ദേശിച്ചിട്ടുണ്ടു. അപ്പുതിയ ലിപി കീഴേ ഒരു വരയിട്ട ന ആണെന്നു തോന്നും.

—ഠ—

# ഏററവും വേഗത്തിൽ പറന്ന ആ വിമാനം

—ഠ—

(പി. മാധവൻപിള്ള, വരിക്കോലിൽ)

ഈ തരക്കെട്ടിൽ ഈയിടെ പത്രങ്ങളിൽ ഒരു എ. പി. ഐ. വാർത്ത ചേർത്തിരുന്നു. "ആർ. എ. എഫ്. ട്രാൻസ്പോർട്ടുവകുപ്പിലെ ഒരു മസ്കിറേറാവിമാനം 14 മണിക്കൂർ 37 മിനിട്ടുകൊണ്ടു ഇംഗ്ലണ്ടിൽനിന്നു ഇൻഡ്യയിൽ പറന്നെത്തിയിരിക്കുന്നു. ആകെ പറന്ന ദൂരം 4566 മൈലാണു. അതായതു മണിക്കൂറിൽ 315 മൈൽ. ഇത്ര വേഗത്തിൽ ഇതുവരെയും ഒരു വിമാനവും പറന്നിട്ടില്ല"

ഈ നിഗമനം, 'ഇത്രവേഗത്തിൽ ഇതുവരെ ഒരു വിമാനവും പറന്നിട്ടില്ല' എന്നതു, അത്ര ശരിയാണെന്നു തോന്നുന്നില്ല. ശീർഷകിൽ അതു മസ്കിറേറാജാതി വിമാനങ്ങളെസംബന്ധിച്ചു മാത്രമാവാം. അല്ലെങ്കിൽ ഇൻഡ്യയിലേക്കുള്ള യാത്രയിൽ 'ഇത്രവേഗത്തിൽ ഇതുവരെ ഒരു വിമാനവും പറന്നിട്ടില്ല' എന്നതായിരിക്കാം. എന്തെന്നാൽ വിമാനങ്ങളുടെ വേഗം, ദൂരം, ഉയരം എന്നിവയൊക്കെസംബന്ധിച്ച 'വേൾഡ്' റിക്കാർഡുകൾ ഈ യാത്രയുടെ ദൂരത്തേയും വേഗത്തേയും വളരെ പിന്നാക്കംതള്ളുന്നു

ഇപ്പോഴത്തെ 315 മൈലിനേക്കാൾ കൂടുതലായി 1928-ൽ ഇററലിക്കാരനായ ഡിബർനാർഡി മണിക്കൂറിൽ 318 മൈൽ വേഗത്തിൽ ഒരു വിമാനം പറത്തുകയുണ്ടായി. 1929-ൽ ഇംഗ്ലീഷുകാരനായ ഓർലിബാർ അതു 357 മൈൽ കണക്കിനു ബർനാർഡിയുടെ റിക്കാർഡിനെ പരാജയപ്പെടുത്തി. 1931-ൽ സ്റ്റേയിൻഫോർത്ത് എന്ന ഇംഗ്ലീഷുകാരൻ ആ റിക്കാർഡു മണിക്കൂറിൽ 406 മൈലാക്കി കാണിച്ചു ഇററലിക്കാരനായ മാകുചി 1933-ൽ 423 മൈലും 1934-ൽ 440 മൈലും വിമാനയാത്രയിലെ വേഗക്കൂടുതലിനു റിക്കാർഡു ഉണ്ടാക്കിയ രിക്കെ യുഡ്വറു എന്ന ജർമ്മൻകാരൻ 1938 ൽ മണിക്കൂറിനു 446·66 മൈലും 1939-ൽ ഫ്റിററ്സ് വെൻഡൽ എന്ന ജർമ്മൻകാരൻ 469 11 മൈലും വേഗത്തിൽ വിമാനം നയിക്കുകയുണ്ടായി. വെൻഡലിൻെറ റിക്കാർഡു ഇതുവരേയും പരാജയപ്പെടുത്തിയിട്ടില്ല.

ഇടയ്ക്കു ഒരു നിറുത്തുമില്ലാതെ ദൂരത്തിനാണെങ്കിൽ, 1937 ജൂലൈ 14-ൽ അവസാനിച്ച രണ്ടു ദിവസം 14 മണിക്കൂർ 20 മിനിട്ടുകൊണ്ടു റഷ്യാക്കാരായ ഗ്രോമാവു, യുമോഷോവു, ഡാനിലിൻ എന്നവർ മാസ്കോയിൽനിന്നു ഉത്തരധ്രുവംവഴി 6760 മൈൽ യാത്രചെയ്തു കാലിഫോർണിയായിൽ എത്തി.

കൂടുതൽ ദൂരത്തിനായാൽ ജർമ്മനിയുടെ ഗ്രാഫ്സെപ്പലിൻ 1929-സെപ്റ്റംബറിൽ 20 ദിവസം 4 മണിക്കൂർ കൊണ്ടു ഏതാണ്ടു 21700 മൈൽ യാത്രചെയ്തു ഭൂമിക്കു ഒരു പ്രദിക്ഷണം വച്ചു. പക്ഷെ ഹവ്വേഡ്ഹ്യൂ എന്ന അമേരിക്കൻ 1938-ൽ ന്യൂയാർക്കിൽനിന്നു 14824 മൈൽ ദൂരം 3 ദിവസം 19 മണിക്കൂർ 8 മിനിട്ടു 10 സെക്കൻഡുകൊണ്ടു പറന്നു ഭൂപ്രദിക്ഷണം സാധിച്ച മറെറാരു ദീർഘയാത്ര, കൂടുതൽവേഗത്തിനും കുറഞ്ഞ സമയത്തിനും ഒരു നല്ല റിക്കാർഡു സമ്പാദിച്ചു. ഗ്രാഫ്സെപ്പലിൻ ഒരു ബലൂൺ ആയിരുന്നു; ഹ്യൂമിൻേറതുവിമാനവും.

ഏററവും കൂടുതൽ ഉയരത്തിൽ വിമാനയാത്രചെയ്തു വിജയകരമായൊരു റിക്കാർഡു ഉണ്ടാക്കിയ ജർമ്മൻകാരനായ വാൺസില്ലർ, തൻെറ ഗ്ലൈഡർവിമാനത്തിൽ 1938 നവമ്പർ 21-ാംനു 88 434,338 അടി അഥവാ 16¾ മൈലോളം ആകാശത്തിൻെറ ആഴം കണ്ടു. പക്ഷേ 1935 ഏപ്രിൽ അഞ്ചാംതീയതി മാസ്കോവിലെ അന്തരീക്ഷ ശാസ്ത്രാന്വേഷണവകുപ്പു നടത്തിയ ഒരു പരിശോധന, ആളില്ലാത്തൊരു ബലൂണിനെ 130,000 അടി അല്ലെങ്കിൽ 23 മൈലോളം ഉയരത്തിൽ എത്തിച്ചു.

'റീഫ്യൂവലിങ്ങ് എൻഡുറൻസ്റിക്കാർഡിൽ' (വീണ്ടും എണ്ണ ശേഖരിച്ചുകൊണ്ടുണ്ടാക്കിയ റിക്കാർഡു) 27 ദിവസം 5 മണിക്കൂർ 34 മിനിട്ടു, ആകാശത്തിൽ തുടർന്നു യാത്രചെയ്ത ഫ്രെഡ്കേയ്, അൽകേയ് സഹോദരന്മാരുടേതാണു കൂടുതൽ മാർക്കു. പക്ഷേ വീണ്ടും എണ്ണ എടുക്കാതെ 1931 മേയ് 28-ൽ വാൾട്ടർലി, ബ്രോസ്ബി എന്നീ രണ്ടു അമേരിക്കാക്കാരായ ഉദ്യോഗസ്ഥന്മാർ 84 മണിക്കൂർ 33 മിനിട്ടുനേരം ആകാശത്തിൽ ചുററിപ്പറന്നു.

റോം നഗരത്തിനു മുകളിൽ മേല്പോട്ടും കീഴ്പോട്ടും തലകുത്തിപ്പറന്നു ഭീകരമായ ഒരപദാനകർമ്മം നിർവഹിച്ച ഇററാലിയൻ പൈലട്ടു, ഫ്ലൈററ്ലഫ്ററനൻറ ബ്രസ്സോളാ 5 മണിക്കൂർ 51 മിനിട്ടുനേരം കാഴ്ചക്കാരെ രസിപ്പിച്ചു.

വിമാനമാർഗ്ഗം ആദ്യമായി ദക്ഷിണധ്രുവത്തിലെത്തിയ ആൾ കമാൻഡർ ബ്യേർഡു ആണു.

—ഠ—


**കുഞ്ചൻനമ്പ്യാരുടെ**
**൱൦ തുള്ളൽക്കഥകൾ**
വില രൂപാ 4.
മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം,




# കരിംകുരണ്ടു രസായനം.



ഉല്പാദകൻ,
ഡി. ... ധരൻ
വൈദ്യൻ,
കൊടകര ...

താരുണ്യത്തിൻെറ തണലിൽ വൃദ്ധനു വിശ്രമം നൽകുന്നു. നിരാശയുടെ കരിനിഴലിൽനിന്നു ആശയിലേക്കും ആരോഗ്യത്തിലേക്കും ക്ഷയരോഗിയെ ഉയർത്തുന്നു. വാവിൻെറ വരവിനെ വകവയ്ക്കാതെ ശ്വാസരോഗി (ഏങ്ങൽകാരൻ) തെളിഞ്ഞു നിൽക്കുന്നു. യൗവനത്തിൻെറ നിലനില്പിനാൽ വാർദ്ധക്യകാലം കാത്തിരുന്ന ചുമയും വാതവും നെട്ടുവിട്ടോടുന്നു. ശാരീരികമായ അബലാതത്വത്തിനു പ്രസവം കാരണമാകാതെ പ്രസവക്ഷീണത്തെ മാററുന്നു.

കരിംകുരണ്ടുരസായനം സേവിക്കുവിൻ! റാത്തൽ 1-ക്കു 5 ക (പാക്കിംഗ് പോസ്റ്റേജ്‌വേറെ)

സ്വാതന്ത്ര്യഫാർമസി, മാലക്കുടി (കൊച്ചിൻ സ്റ്റേററ്)

ബ്രാഞ്ചുകൾ: 1. ആലപ്പുഴ, 2. കൊടകര.

## * തൃപ്പാദങ്ങളിൽ

—o—

(സി. എസ്. സുബ്രഹ്മണ്യൻ പോററി എം. ഏ)

അന്തരീക്ഷത്തിൽപാറം പറന്ന കാർ-
മേഘത്തിൻ
പന്തികൾ കടന്നിന്നീ വഞ്ചിരാജ്യ-
ത്തിലാകെ,
നിന്തിരുവടിയുടെ വാർഷികജന്മതാരം
ചന്തമാർന്നാരുകതിർ മങ്ങാതെന്നാലും
മിന്നി
നൊന്തിരുളാംമൂടിടിന ഞങ്ങടെചിത്ത-
ങ്ങളിൽ
ചിന്തിനവെളിച്ചത്താലാശ്വാസ-
മേകുന്നതേ
ആഹ്ലാദമില്ല, പതിവാഘോഷമില്ലൂരാരം
ജിഹ്വാകളുടക്കിന്നേകാഗ്രഹൃദയത്താൽ
സതതംഭാവുകങ്ങൾ സർവ്വംതികഞ്ഞങ്ങു
ശതമാം ശരത്തുകൾ ഞങ്ങളെക്കാത്തു-
കൊള്ളുവാൻ
ശ്രീപത്മനാഭൻ തവ നൽകുവാനനുഗ്രഹം
ഭൂപന്മാർക്കാദർശമേ! പ്രാർത്ഥിപ്പൂ ഭക്ത്യാ-
ഞങ്ങൾ.

* ആട്ടത്തിരുനാൾ പ്രമാണിച്ചു സമർപ്പിക്കപ്പെട്ടതു്.

## ദിവാചന്ദ്രൻ

o—

(ഒ. നാണു, ഉപാദ്ധ്യായൻ)

മുററംപുലർവേളവന്നതറിയാതെ,
വെട്ടംകിഴക്കുപരന്നതറിയാതെ,
വിണ്ണിൻവഴിയിൽക്കുറക്കേകിടക്കുന്നി-
തുണ്ണിപ്പിറ;യുറങ്ങീടുകയോ ഇവൻ?
കുഞ്ഞേ, ഹിമാനികൾ, കുളിർമ തിരണ്ടു-
(നിൻ
കുഞ്ഞിക്കവിൾത്തട്ടുവാടിവിളർത്തു-
പോയ്,
പേറുംപൊടിയുംപുരണ്ടിതാനിന്നിളം
മാറുമൊളികെട്ടുമങ്ങിവശായിതേ
ആരുമൊരുതുണയില്ലാതെകേവല-
മീരാജപാതയിൽനിന്നെവെടിഞ്ഞു-
(പോയ്
നിന്നമ്മ, പാവ, മിരവ വളോരുകി-
ലിന്നിതിലേതുമപരാധിനിയല്ല.
ഏഴയവാംപനിയ്ക്കുപ്പുറമെത്തണ്ടൊ-
രുഴമാണിപ്പോൾ; അരുതുപിഴയതിൽ
പുത്രവാത്സല്യം! വെറുംപാഴ്ചരക്കളെ
നിർദ്ദയമാകും നിയമവിപണിയിൽ!
ചെല്ലമാംനിന്നെപ്പിരിഞ്ഞപൊഴുതവ-
ളല്ലലാൽവീർത്താൾ, തണുത്തുവിളറി-
(നാൾ,
ബാഷ്പനീരോലോലെവാർത്താൾ;സുഖ-
(സ്വാപ-
മഗ്നമാം ലോകമറിഞ്ഞീലതൊന്നുമേ!
വായ്ക്കുമിടരാന്നിന്നെത്തിരിഞ്ഞൊന്നു
നോക്കുകയില്ലൊ,രു വാക്കുചോദി-
(ക്കില്ല;
എത്രനീയിങ്ങുകിടക്കിലുമിക്കാഴ്ച
പുത്തരിയല്ലാത്തലോകമെന്നോമനേ!
ദൂരെക്കിഴക്കുചെകിട്ടുപൊടിപെട്ടു
മാറുകേൾക്കുന്നുദ്ഘരനിർഘോഷം;
ഉച്ചണ്ഡഭാസ്സാംവികർത്തനമൂർത്തിതൻ
സ്വച്ഛന്ദയാത്രയ്ക്കു മാർഗ്ഗംകൊടുക്കനീ.
ചീറിയണയുമത്തേരുരുൾനിന്നുടൽ
നൂറുനുറുങ്ങായ് മുറിച്ചിഞ്ഞെരി-
(ഞ്ഞിടാം;
കാര്യവിചാരം ചുടുംമനോഭൂമിയിൽ
കാരുണ്യവിത്തുമുളനീട്ടുകില്ലെടോ.
നേരേനടന്നു ചുരവിറങ്ങിടുകിൽ
ചാരേനിനക്കുകാണാസ്സ്വതാതായയെ
ചാരുകരംനീട്ടിയോടിയെത്തുംനിന്നെ
വാരിയെടുക്കുമഖിലംമറന്നവൾ.
വാരൊളിചിന്നുന്നനിന്നെയണച്ചമ്മ
ക്രൂരതനീങ്ങിത്തെളിഞ്ഞമുഖവു-
(മായ്
നിൽക്കെ,യങ്ങുള്ളവ്യവസായഖി-
(ന്നർക്ക
ചീർക്കുംകുളിരാഴികന്നലതല്ലിടും.

—o—

## ഇൻറർനാഷനൽബിസിനസ് കാൺഫറൻസ്

(രണ്ടാംപേജിൽനിന്നും തുടർച്ച)

സമൃദ്ധ്യങ്ങളെല്ലാം ഗവണ്മെൻറിൻെറ ഉടമസ്ഥതയിലും ഭരണത്തിലും അല്ലെന്നിരുന്നാലും ഗാഢനിയന്ത്രണത്തിലെങ്കിലുമായിരിക്കണമെന്നും നാഷണൽ പ്ലാനിംഗ്കമ്മിററി നിർദ്ദേശിച്ചിട്ടുള്ളതു ഇവിടെ പ്രസ്താവ്യമാണു്. ഒരു രാജ്യത്തു് ജനസമുദായത്തെ മുഴുവൻ നഷ്ടമനുഭവിപ്പിച്ചുകൊണ്ടു പ്രാരംഭത്തിൽ ധനസഹായം നൽകി വളർത്തിക്കൊണ്ടുവന്ന 'കുത്തക'യാക്കിയിട്ടുള്ള ഏതു വ്യവസായത്തിന്മേലും, അതിനെ ഒരു ഗവണ്മെൻറു സമൃദ്ധ്യമമായി പ്രവർത്തിപ്പിക്കുന്നില്ലെങ്കിൽതന്നെയും, ഗാഢമായ ഗവണ്മെൻറു നിയന്ത്രണവും മേൽനോട്ടവും ഉണ്ടായിരിക്കേണ്ടതാണെന്നും നാഷണൽ പ്ലാനിംഗ്കമ്മിററി നിർദ്ദേശിക്കുന്നു. ഇൻഡ്യയിലെന്നല്ല ലോകത്തെവിടെയുമുള്ള വർത്തകലോകത്തിനു ഈ വിധത്തിലുള്ള ദേശീയ നയപ്രഖ്യാപനങ്ങൾ രുചിക്കുവാൻ ഇടയില്ല എന്നാൽ ഈ വിധത്തിൽ എത്രയും സൗമ്യമായ വ്യവസ്ഥകളെപ്പോലും അവർ എതിർക്കുകയാണു ചെയ്യുന്നതെങ്കിൽ ദേശീയതാല്പര്യങ്ങളെക്കാൾ കൂടുതലായി അവർ സ്വകാര്യലാഭത്തെയാണു കരുതുന്നതെന്നുള്ള കാരണത്താൽ ജനങ്ങളുടെ അവിശ്വാസത്തിനു അവർ പാത്രമായി തീരുന്നതാണു്.

ഇൻഡ്യയിൽ രണ്ടു വ്യവസായങ്ങൾ മിക്കവാറുംഗവണ്മെൻറുകുത്തകയായി ഗവണ്മെൻറിൻെറ ഉടമസ്ഥതയിലും പ്രവർത്തനത്തിലുമിരിക്കുന്നവയായുണ്ടു്. അതിനെ സാധൂകരിക്കുവാൻ യുക്തിയൊന്നുമില്ലെങ്കിലും ശതവർഷങ്ങളായി അതു അപ്രകാരമാണു നടന്നുവരുന്നതു്. ഉപ്പും ഗഞ്ചാവും ഗവണ്മെൻറിൻെറ കുത്തകയാണു്. ഉപ്പു സർവ്വജനങ്ങൾക്കും ആവശ്യമായ സാധനമാകകൊണ്ടും ഗഞ്ചാ ഉപഭോക്താവിനു ഹാനികരവും രാജ്യാന്തരങ്ങളിൽ ചെന്നെത്തേണ്ടതുമായ സാധനമാകയാൽ സുശക്തമായ നിയന്ത്രണവും ക്രമീകരണവും ആവശ്യമായിരിക്കുന്നതുകൊണ്ടുമാണു് ആ കുത്തക വേണ്ടിവന്നതു്. ആ വിധ നിയന്ത്രണമുണ്ടെങ്കിലല്ലാതെ അവയുടെ ഉല്പാദനവും വിതരണവും സമുചിതരീതിയിൽ നടക്കുന്നതല്ല

### ഗവർമ്മെൻറു ഇടപെടണം

ജനങ്ങളുടെഅനുദിനജീവിതത്തിൽ സാർവ്വത്രികമായ പ്രാധാന്യമുള്ളതും സമഷ്ടിരൂപത്തിൽ ഒരു നേഷൻെറ സത്തയ്ക്കുതന്നെ അത്യന്താപേക്ഷിതവുമായ എല്ലാ വ്യവസായങ്ങളേയും ഈയുക്തിഗതി സംബന്ധിക്കുന്നതാണു്. സ്വകാര്യമായ സ്ഥാപിതതാല്പര്യങ്ങളും അവ നിമിത്തമുള്ള തടസ്സവും ഇല്ലാത്ത കേവലം നൂതനമായ വ്യവസായങ്ങളും ഈ ഇനത്തിൽ ഉൾപ്പെടും ഗതാഗതത്തിനുള്ള വാഹനങ്ങൾ, ഉപകരണങ്ങൾ മുതലായവയുടെ നിർമ്മാണംസംബന്ധിച്ച വ്യവസായങ്ങൾ ഇതിനു ദൃഷ്ടാന്തമാണു്. ഇന്ത്യയിൽ ഇതുവരെ കൈവയ്ക്കപ്പെട്ടിട്ടില്ലാത്ത ഒരു വ്യവസായമണ്ഡലം തുറന്നുകിടപ്പുണ്ടു്. കരയിലും കടയിലും ആകാശത്തിലും സഞ്ചാരത്തിനുള്ള ആധുനികവാഹനങ്ങളുടെയും ടെലഗ്രാഫ്, ടെലഫോൺ, ടെലിവിഷൻ മുതലായ വൃത്താന്ത വിതരണസമ്പ്രദായങ്ങൾക്കു വേണ്ട ഉപകരണങ്ങളുടേയും നിർമ്മാണം ഈ മണ്ഡലത്തിൽ മുഖ്യമാണു്. ഒരു ആധുനികപോസ്ററാഫീസിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ അനേകമനേകം ഉപകരണങ്ങളുടെ കാര്യവും ഇതിൽ ഉൾപ്പെടും. ഈ മണ്ഡലത്തിൽ ഗവർമ്മെൻറു പ്രവേശിക്കുമ്പോൾ നഷ്ടപരിഹാരം ലഭിക്കേണ്ട മുൻപ്രവർത്തകരില്ല. കപ്പലുകളും മോട്ടാർവാഹനങ്ങളും വിമാനങ്ങൾതന്നെയും നിർമ്മിക്കുന്നവിഷയത്തിൽ ചില സമാരംഭങ്ങൾ നടന്നിട്ടുണ്ടു്. എന്നാൽ അവയൊക്കെ ഗർഭസ്ഥദശയിലിരിക്കുന്നതേയുള്ളു. ജനസമുദായത്തിൻെറ സ്ഥായിയായ താല്പര്യങ്ങൾ കാണാനും അവയ്ക്കുവേണ്ടി പ്രവർത്തിക്കാനും ഈ രാജ്യത്തു് അധികാരത്തിലും സ്വാധീനശക്തിയോടുകൂടിയും ഇരിക്കുന്നവർ സന്നദ്ധരാകുമെങ്കിൽ, അവയെയെല്ലാം നിഷ്പ്രയാസമായും വലിയ എതിർപ്പുകൂടാതേയും, പൊതുപ്പെട്ട സമൃദ്ധ്യങ്ങളാക്കിത്തീർക്കാവുന്നതാണു്. ദേശീയമായ സാമ്പത്തികവികാസത്തിനും ഓരോ വ്യവസായത്തിൻേറയും കാര്യക്ഷമതയ്ക്കും ഈ രാജ്യത്തിലെ, എന്നുവേണ്ട, ഇതേ അവസ്ഥയിലുള്ള എല്ലാ രാജ്യങ്ങളിലേയും ഗവർമ്മെൻറു അത്തരം വ്യവസായങ്ങളുടെകാര്യത്തിൽ ഇടപെട്ടു അവയിലെ മുൻകയ്യും, നടത്തിപ്പും, മേൽനോട്ടവും സ്വന്തം അധീനതയിലാക്കണമെന്നുള്ളതു അവശ്യാവശ്യമാകുന്നു. ഇന്ത്യയേപ്പോലെയുള്ള ഒരുരാജ്യത്തിൽ ഈ നയത്തിൻെറ ആവശ്യകതയ്ക്കു വേറൊരു കാരണംകൂടി പറയാനുണ്ടു്, പ്രാദേശികങ്ങളും പ്രവിശ്യകൾതമ്മിലുള്ളതുമായ മത്സരങ്ങളും സ്വഭ്കക്ഷുംനിമിത്തംപരസ്പരം പൊരുത്തമില്ലാത്തവിധത്തിൽ വ്യവസായസമൃദ്ധ്യങ്ങൾ ഉണ്ടാവാൻ ഈ രാജ്യത്തു ഇടവരുന്നു. ഗവണ്മെൻറുനിയന്ത്രണമില്ലാതെ അവ അങ്ങനെ തുടരുന്നതു അവയിൽ വേലചെയ്യുന്ന തൊഴിലാളികൾക്കോ അവയിലെ ഉല്പന്നങ്ങൾ വിനിയോഗിക്കുന്നവർക്കോ ഗുണകരമല്ലാത്ത രീതിയിൽ പരിണമിക്കുന്നു സ്വപ്രദേശമാത്രാഭിമാനം ഇന്നും ഒരു അജ്ഞാതവസ്തുവല്ലാത്ത നമ്മുടെരാജ്യത്തു ഇതു ഗൌരവാവഹമായ ചിന്ത അർഹിക്കുന്ന ഒരു ദുരവസ്ഥയാണു്. ഇന്ത്യൻ സ്റ്റീൽ ഇൻഡസ്ട്രിഎന്നുരുക്കുവ്യവസായത്തിനു് ആവശ്യമായ അസംസ്കൃതദ്രവ്യവും ഭൂരിപക്ഷം വേലക്കാരേയുംനൽകുന്നതു ബിഹാർആണു്. ആദായത്തിൻെറ ഭൂരിഭാഗവും ബാംബേ കരസ്ഥമാക്കുന്നു എന്നുമാണു് പറയപ്പെടുന്നതു്. നയനിയന്ത്രണം മുഴുവൻ ചില ബാംബേക്കാരിൽ സ്ഥിതിചെയ്യുന്നു ഉരുക്കുവ്യവസായമാകട്ടെ മറെറല്ലാ വ്യവസായങ്ങളുടെയും ഉല്പത്തിസ്ഥാനവുമാണു്. ഇതിനെപ്പററിയൊക്കെ ബിഹാറികളുടെ മനസ്ഥിതിയെന്തായിരിക്കുമെന്നതിനെപ്പററി അവരുമായി ഇടപെട്ടിട്ടുള്ളവർക്കു് നല്ലതിൻവണ്ണം അറിയാം പുതുതായി സമാരംഭിക്കുന്ന വ്യവസായങ്ങളുടെ കാര്യത്തിലെങ്കിലും ഈ ദുരവസ്ഥ ഒഴിവാക്കണമെന്നു നമുക്കു വിചാരമുണ്ടെങ്കിൽ ഏതെങ്കിലും ഒരു പ്രവിശ്യയുടെമാത്രം സ്വന്തസമുദ്ദമത്തിനു പ്രത്യേകലാഭം ഉണ്ടാവാൻ ഇടവരാതെ നോക്കുകയാണു വേണ്ടതു്.

വെളിച്ചം, വൈദ്യുതശക്തി, ബാങ്കിംഗ്, ഇൻഷ്വറൻസു മുതലായി പൌരജനാവശ്യങ്ങൾ സംബന്ധിച്ചവ്യവസായങ്ങളും പൊതുജനാരോഗ്യം, പൊതുജനവിദ്യാഭ്യാസം, പൊതുജനവിനോദം മുതലായവസംബന്ധിച്ച

WANTED

A Lady Graduate (Preferably L. T.) to be life companion of a Nair about 40 Proceeding to E. Africa on a decent salary. She is guaranteed a post. Correspondence confidential.

X
C/o Attukal,
Attingal, Travaneore.

കൊല്ലം ബേബിടാക്കിസിൽ
എം. കെ. ത്യാഗരാജഭാഗവതർ, നംഗയ്യ, കണ്ണാംബ, കൃഷ്ണൻ, മധുരം മുതലായവർ അഭിനയിച്ച
അശോകകുമാർ
എന്ന ചിത്രം പ്രദർശിപ്പിക്കുന്നു.

ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായങ്ങളും മുൻപറഞ്ഞ നയത്തിനു വിധേയമായിരിക്കണമെന്നുള്ളതാണു് ഈ ലേഖകൻെറ അഭിപ്രായം. ബാങ്കിംഗും എക്സ്ചേഞ്ചും നാട്ടിൻെറ സർവ്വതോമുഖമായ വളർച്ചയെ കാര്യമായി ബാധിക്കുന്ന പ്രത്യാഘാതങ്ങൾ ഉൾക്കൊള്ളുന്നവയാണു്. ആവിധ പ്രവർത്തനങ്ങൾ ലാഭേച്ഛുക്കളായ സ്വകാര്യവ്യക്തികളുടെ യുക്തംപോലെ നയിക്കുവാൻ വിട്ടുകൊടുത്താൽ അവ എളുപ്പത്തിൽ അപകടത്തിലാവാൻ ഇടയുണ്ടു്. ഇൻഡ്യൻവർത്തകലോകം സ്വാർത്ഥതാല്പര്യങ്ങളാൽ അന്ധമായിപ്പോകാതെയിരിക്കുമെങ്കിൽ ഒരു വൻപിച്ച നേട്ടത്തിനുള്ള കഴിവു് അവരുടെ കൈവശം സവിശേഷം സ്ഥിതിചെയ്യുന്നുണ്ടു് വിദേശാധിപത്യത്തിലിരിക്കുന്ന ഒരു രാജ്യത്തിനു വ്യവസായീകരണം സംബന്ധിച്ച ആശകളുടെ സഫലീകരണത്തിൽ ബാങ്കിംഗിനു നിർവ്വഹിക്കാൻ കഴിയുന്ന ഭാഗം എന്തെന്നു കാണിച്ചുകൊടുക്കാൻ അവർക്കു പ്രത്യേകിച്ചും കഴിയും. കാര്യക്ഷമതയിലോ വിജയത്തിലോ ഉള്ള പ്രത്യേക ദൃഷ്ടിയുടെ ഫലമായിട്ടല്ലാതെതന്നെ യുദ്ധകാലത്തു നിലവിൽ വന്ന കർക്കശനിയന്ത്രണത്തിൽനിന്നുണ്ടായ അനുഭവസമ്പത്തു ഇക്കാര്യത്തിൽ കൂടുതൽ സഹായകമായിരിക്കയും ചെയ്യും. ദേശീയപ്രാധാന്യമുള്ള ഈ പ്രവർത്തനം നിയന്ത്രണാവസ്ഥയിൽ വിജയപൂർവ്വം നടത്തപ്പെടാൻ കഴിഞ്ഞസ്ഥിതിക്കു യുദ്ധാനന്തരം ഈ നിയന്ത്രണം എടുത്തുകളയേണ്ട ആവശ്യമെന്തു്?

ഇൻറർനാഷണൽ ബിസിനസ് കാൺഫറൻസിൻെറ ആലോചനാവിഷയങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയ്ക്കു സ്വന്തമായുള്ള പല പ്രശ്നങ്ങളും ഉൾപ്പെടുന്നുണ്ടു് കാൺഫറൻസിൽ സംബന്ധിക്കുന്ന ഇന്ത്യൻവർത്തകർ തങ്ങളുടെ സ്വന്തതാല്പര്യങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുമെന്നു തീർച്ചയാണു്. രാജ്യതാല്പര്യങ്ങളെ സംരക്ഷിക്കാനും അവർ ശ്രമിക്കുമെന്നു് നമുക്കു പ്രത്യാശിക്കാം. എന്നാൽ യുദ്ധാനന്തരം മൌലികമായ സാമൂഹ്യനയത്തിൻെറ വിഷയത്തിൽ സ്വാർത്ഥതാല്പര്യങ്ങൾ വർത്തകലോകത്തെ അന്ധമാക്കാതിരിക്കട്ടെ ദേശീയാവശ്യങ്ങളുടെ നേർക്കു്, മനുഷ്യക്ഷേമം, സാമൂഹ്യനീതി എന്നിവ ആവശ്യപ്പെടുന്നവയുടെ നേർക്കു്, അവരെ സ്വാർത്ഥചിന്തകൾ അന്ധരാക്കാതിരിക്കട്ടെ.—കാപ്പിറൈററ നാഷണൽപ്രസ്സ് സിൻഡിക്കേററു്.

—o—



ജനറൽ ഐസൻഹോവറും ഫീൽഡ് മാർഷൽ മാണ്ട്ഗോമറിയുംതമ്മിൽ കൂടിയാലോചന നടത്തുന്ന വേളയിലെടുത്ത ഒരു ചിത്രം. ഇടതുവശം ജനറൽ ഐസൻഹോവർ വലതുവശം ഫീൽഡ് മാർഷൽ മാണ്ട്ഗോമറി.


വെൻഡൽ വില്ക്കിയുടെ **ഏകലോകം**

പരിഭാഷകൻ: വി. ടി. ഇന്ദുചൂഡമേനോൻ

റൂസെവെൽട്ടിന്റെ നിർദ്ദേശമനുസരിച്ച ലോകത്തെയും ലോകനേതാക്കളെയും ലോകയുദ്ധത്തെയും നേരിട്ടുകണ്ടുപഠിയ്ക്കാനായി ലോകം മുഴുവൻ ചുറ്റിപ്പറന്നു സഞ്ചരിച്ചപ്പോൾ മി. വെൻഡൽ വിൽക്കിക്കുണ്ടായ അനുഭവങ്ങൾ. വില 3 ക. (തപാൽചിലവു പുറമെ)

**ചങ്ങാതികൾ**

ശ്രീ. തകഴിയുടെ തന്മയത്വം നിറഞ്ഞ ചെറുകഥകളുടെ മനോഹര സമാഹാരം. വില 2 ക. (തപാൽചിലവു പുറമെ)

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.


## ദി ഇൻഡ്യൻ റബ്ബർപ്രൊഡക്ഷൻബോർഡ്

ബ്രിട്ടീഷ്ഇൻഡ്യ, മൈസൂർ, കൊച്ചി ഈ രാജ്യങ്ങളിൽ റബ്ബർകൺട്രോൾ ആൻഡ് പ്രൊഡക്ഷൻ ഓർഡർ, 1942 എന്ന നിയമത്തിലും, തിരുവിതാംകൂറിൽ, തിരുവിതാംകൂർ റബ്ബർകൺട്രോൾ ആൻഡ് പ്രൊഡക്ഷൻ ഓർഡർ 1942 എന്ന നിയമത്തിലും അടങ്ങിയ നിബന്ധനകൾപ്രകാരം താഴെ 1-ാം കാളത്തിൽ കാണിച്ചിട്ടുള്ള ആളുകൾ 2-ാംകാളത്തിൽ കാണിച്ചിട്ടുള്ള ആളുകൾക്കല്ലാതെ റബ്ബർ വിൽക്കയോ, കൈമാററം ചെയ്കയോ, വേറെ വ്യാപാരം ചെയ്കയോ അരുതാത്തതാകുന്നു.

| (1) | (2) |
|---|---|
| (i) അംഗീകാരം ലഭിച്ച തോട്ടത്തിന്റെയോ ചെറിയ തോട്ടത്തിന്റെയോ (Approved estate or Holding) ഉടമസ്ഥൻ; അംഗീകാരം സിദ്ധിച്ച കച്ചവടക്കാരൻ (Approved Dealer) | റബ്ബർ കൺട്രോളർ. |
| (ii) ലൈസൻസു ലഭിച്ച കച്ചവടക്കാരൻ (Licensed Dealer) | അംഗീകാരം ലഭിച്ച കച്ചവടക്കാരൻ. |
| (iii) വേറെയുള്ളവർ. | അംഗീകാരമോ ലൈസൻസോ ലഭിച്ച കച്ചവടക്കാരൻ. |

ഈ നിബന്ധനകൾ ചില പ്രത്യേക കല്പനകൾ അനുസരിച്ചു നടക്കുന്ന ഇടപാടുകളെ ബാധിക്കുന്നതല്ല.

അംഗീകാരം ലഭിച്ചിട്ടുള്ള തോട്ടങ്ങളുടേയും ചെറിയ തോട്ടങ്ങളുടേയും പേരും, അംഗീകാരമോ, ലൈസൻസോ ലഭിച്ചിട്ടുള്ള കച്ചവടക്കാരുടെ പേരും കാണിക്കുന്ന ഒരു പട്ടിക ഇവിടെ എഴുതി അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

കോട്ടയം
24 - 11 - 1944.

സി. ആർ. ബി. മേനോൻ
സെക്രട്ടറി.

ഗ്രന്ഥാവലോകനം

# പ്രകാശം

ഗ്രന്ഥകർത്താ: മുൻഷി പരമുപിള്ള.
പ്രകാശകന്മാർ:—എസ്സ്. റ്റി. റെഡ്യാർ ആൻഡ് സൺസ്, വി. വി. പ്രസ്സ്, കൊല്ലം.
വില രൂപാ ൧൬.

"നയവഞ്ചകത്വത്തിന്റെ പാദങ്ങളിൽ" സമർപ്പിച്ചിട്ടുള്ള ഒരു നാടകമാണ് പ്രകാശം. ഗ്രന്ഥകർത്താവിന്റെ സുപ്രഭ എന്ന നാടകം പല പ്രാവശ്യം അഭിനയിച്ചതിനു ശേഷമാണ് അച്ചടിച്ചു കണ്ടതു്. 'പ്രതിഭ' അഭിനയിക്കപ്പെടുന്നുണ്ടെങ്കിലും അച്ചടിച്ചിട്ടുണ്ടോ എന്നറിവില്ല. പ്രകാശം പുസ്തകരൂപത്തിൽ അവതരിച്ചിരിക്കുന്നതല്ലാതെ അഭിനയിച്ചു തുടങ്ങിയിട്ടുണ്ടോ എന്നും അറിവായിട്ടില്ല. മനുഷ്യജീവിതം യുഗയുഗാന്തരങ്ങളായി ആരാഞ്ഞിട്ടും പൂർണ്ണമായി കണ്ടുകിട്ടിയിട്ടില്ലാത്ത പരമാർത്ഥങ്ങൾ തീർച്ചയായും ഇനിയും അവശേഷിക്കുന്നുണ്ടാവും. സാഹിത്യം ഇതുവരെ ആരാഞ്ഞിട്ടും ആവിധം അപൂർണ്ണമായ മനുഷ്യജീവിതത്തെതന്നെ മുഴുവൻ കണ്ടുകാണുകയില്ല. പ്രയാണഭേദങ്ങൾ പ്രസ്ഥാനഭേദങ്ങൾ— എത്ര പെരുകിയിട്ടുണ്ടെങ്കിലും ഫലം അതു മാത്രം. എന്നാൽ ഈ മൂന്നു മഹാപരമാർത്ഥങ്ങൾ ഏകത്രസംഘടിക്കുന്നചില നിമിഷങ്ങളുണ്ടു് — പുളകത്തിന്റെ ഒരു അലതല്ലൽ, ഒരുതുള്ളി കണ്ണുനീർ, ഇവ അതിന്റെ സൂചനയും. അപൂർണ്ണതകൾക്കിടയിൽ ദുർല്ലഭങ്ങളായ ഈ പൂർണ്ണതാനിമിഷങ്ങൾ കലാകാരന്റെ ജയാപജയങ്ങളെയും കുറിക്കുന്നു. ഈ തോതുവച്ചു നോക്കിയാൽ ശ്രീ. മുൻഷിയുടെ കൃതികൾ വിജയശ്രീലാളിതങ്ങളാണ്. 'പ്രകാശ'ത്തിന്റെ അവസാനത്തിൽ 'നയവഞ്ചകത്വം' ഉടലെടുത്ത സമുദായസേവകനും കമ്പനിമാനേജരും അനർഹമായ ആനന്ദജീവിതത്തിൽ തുടരുകയും 'പ്രകാശ'വും സുമതിയും ഭദ്രമ്മയും അനർഹമായി ദുഷ്ടഹസ്തങ്ങളാൽ വധിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ അതു കവിയുടെ ഉദ്ദിഷ്ടം നയവഞ്ചകത്വത്തിനു ഇന്നത്തെ ലോകത്തിലുള്ള വിജയത്തിന്റെ ചിത്രണം വിജയപ്രദമായി നിറവേററുകയാണുചെയ്തിരിക്കുന്നതു്. അപ്രകാരം വധിക്കപ്പെട്ടവർ സഹൃദയഹൃദയങ്ങളിൽ നിത്യജീവികളായി പരിലസിക്കയും ചെയ്യുന്നതാണ്.

ഈ നാടകത്തിലെ ചില സംഭാഷണങ്ങൾ ദീർഘിച്ചുപോയി എന്നുണ്ടെങ്കിൽ വിദഗ്ദ്ധനടന്മാർക്കു് അവയെ അപസ്വാരത്തിനിടവരാതെ രംഗത്തിൽ പ്രയോഗിച്ചു ഫലിപ്പിക്കാൻ കഴിയുന്നതേയുള്ളു. മൊത്തത്തിൽ ശ്രീ. മുൻഷി വിജയത്തിൽനിന്നു കൂടുതൽ വിജയത്തിലേക്കാണു സാഹിത്യസാമ്രാജ്യസഞ്ചാരം നിർവഹിക്കുന്നതെന്നു പറയാൻ മടിക്കേണ്ടതില്ല. അദ്ദേഹത്തിനും 'പ്രകാശ'ത്തിനും വിജയമാശംസിച്ചുകൊള്ളുന്നു.

P.

## വിഷയവിവരം


പേജ്
1 കമ്പിവാർത്തകൾ
2 ഇൻറർനാഷനൽ ബിസിനസ്സ് കാൺഫറൻസ് (കെ. റ്റി. ഷാ)
3 പ്രകൃതിയുടെ പദ്ധതിയിൽ (ഡാക്ടർ കെ. മധുസൂദനൻപണ്ടാല)
4 എന്റെ ഗവേഷണചാതുര്യം (ഉമയനല്ലൂർ എം. ബാലകൃഷ്ണപിള്ള)
5 'ഇസ'ങ്ങളുടെ പിന്നിൽ (എസ്സ്. വേലായുധൻപിള്ള)
6 ജയിൽപ്പുള്ളി (ഉള്ളൂർ ആർ. ഗംഗാധരൻപിള്ള)
7 ചോറൂണ് (ചെറുകഥ) (നാഗവള്ളിൽ ആർ. എസ്സ് കുറുപ്പ്)
8 ചാല്യക്കോണം കുട്ടൻപിള്ള
9 സുഖവും പൊതുജനാഭിപ്രായവും (എൻ. ഡി. പരമേശ്വരൻനമ്പൂതിരി)
10 പൊൻകുടത്തിലെ 'ൻ' (റ്റി. കെ. ജോസഫ്)
11 തൃപ്പാദത്തിൽ (കവിത)
,, ദിവാചന്ദ്രൻ (കവിത)
12 ഗ്രന്ഥാവലോകനം



## WANTED

A well experienced short-hand typist and also a good accountant. Decent salary for capable hands.

Apply to; Box No. 102,
C/o. Malayala Rajyam, Quilon.



പോക്കററടിക്കാതെ സൂക്ഷിക്കണം
S. M. P. പാലസ്സിൽ
പ്രദർശിപ്പിക്കുന്നതും അശോകകുമാർ മുംതാസ്ശാന്തി അഭിനയിച്ചതുമായ
"കിസ്മത്ത്"
അതിനുള്ള മാർഗ്ഗം നിങ്ങൾക്കു കാണിച്ചുതരും.


## അറിയിപ്പ്

### അന്യായമായ വാടകവർദ്ധനവ് പരിഹാരമാർഗ്ഗങ്ങൾ ആലോചിക്കാൻ യോഗം

ടൌണിലെ കെട്ടിടങ്ങളും കടകളും വാടകയ്ക്കു എടുത്തു താമസത്തിനും വ്യാപാരത്തിനും മററും ഉപയോഗിച്ചുകൊണ്ടിരിക്കുന്നവർക്കു ക്രമാതീതമായ ബുദ്ധിമുട്ടും നഷ്ടവും ഉണ്ടാകത്തക്ക വിധത്തിൽ ഉടമസ്ഥന്മാരിൽ പലരും അന്യായമായും അക്രമമായും വാടക വർദ്ധിപ്പിക്കുകയും ഒഴിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തുവരുന്നു. തൻമൂലമുണ്ടായിട്ടുള്ള വൈഷമ്യങ്ങൾക്കു ശരിയായ പരിഹാരമാർഗ്ഗം ആലോചിച്ചുനിശ്ചയിക്കുന്നതിനു സ്ഥലം ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തിമെമ്മോറിയൽടൌൺഹാളിൽവച്ചു 13-ാനു തിങ്കളാഴ്ച വൈകിട്ടു നാലുമണിക്കു അഡ്വക്കേററു മി. എസ്സ്. നാരായണപിള്ളയുടെ അധ്യക്ഷതയിൽ ഒരുപൊതുയോഗം കൂടുന്നതാകയാൽ അതിലേയ്ക്കു പ്രസ്തുത വിഷയത്തിൽ താല്പര്യമുള്ളവരുടെയെല്ലാം സാന്നിദ്ധ്യത്തെ ക്ഷണിച്ചുകൊള്ളുന്നു.

എൻ. സി. പിള്ള, ആർ. ജനാർദ്ദനൻപിള്ള, പി. എസ്സ്. അയ്യാവുനാടാർ, കെ. എൻ. പങ്കജാക്ഷൻപിള്ള, കെ. പി. കയ്യാലയ്ക്കൽ.

കൊല്ലം, 12-4-120




ശുദ്ധിമാക്ക്
നീലംസോപ്പ് ഉപയോഗിപ്പിൻ
ദി ഇമ്പീരിയൽ സോപ്പ്ഫാക്റ്ററി
കൊല്ലം
അലക്കുവാൻ അതിവിശേഷം. വിലവളരെസഹായം


... are published by N. Chandrasekharan Nair at the Sri Rama Vilas Press, Quilon.